# ജീവദീപ്തി

jeevadeepthi@gmail.com

*May 2026 Book 05 Volume 16*



ദൈവത്തിന്റെ സ്വന്തം ചാരൻ -
തിയോഫിൻ

# FAVOURS RECEIVED



## Venerable Fr. Theophane

Postulator, Theophine Samadhi
Capuchin Asram, Ponnurunni, Kochi

എഡിറ്റോറിയൽ



**ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്**

# *തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനൊരു കത്ത്*

പ്രിയപ്പെട്ട വിശുദ്ധ യൗസേപ്പിതാവേ,

നസ്രത്തിലെ അങ്ങയുടെ ആ നിശബ്ദമായ പണിശാലയെ ധ്യാനിച്ചുകൊണ്ട് ഈ കത്തെഴുതുന്നു. തടിയുടെ സുഗന്ധവും പണിയായുധങ്ങളുടെ ശബ്ദവും നിറഞ്ഞ ആ കൊച്ചു ഇടം ഇന്ന് ലോകത്തിന് നൽകുന്ന സന്ദേശം എത്രമാത്രം വലുതാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. 1955-ൽ പയസ് പന്ത്രണ്ടാമൻ പാപ്പ അങ്ങയെ തൊഴിലാളികളുടെ മധ്യസ്ഥനായി ഉയർത്തിയപ്പോൾ, അത് കേവലം ഒരു പദവി നൽകലായിരുന്നില്ല; മറിച്ച് അധ്വാനത്തിന്റെ വിശുദ്ധിയെക്കുറിച്ചുള്ള ഒരു വലിയ ഓർമ്മപ്പെടുത്തലായിരുന്നു.

പിതാവേ, ഇന്ന് ഞങ്ങളുടെ ലോകം വലിയൊരു മാറ്റത്തിന്റെ പാതയിലാണ്. മനുഷ്യന്റെ ബുദ്ധിയെപ്പോലും അനുകരിക്കാൻ ശേഷിയുള്ള 'ആർട്ടിഫിഷ്യൽ ഇന്റലിജൻസ്' എന്ന സാങ്കേതിക വിദ്യ ഞങ്ങളുടെ തൊഴിലിടങ്ങളെ കീഴടക്കുകയാണ്. യന്ത്രങ്ങൾ മനുഷ്യനേക്കാൾ വേഗത്തിലും കൃത്യതയോടെയും കാര്യങ്ങൾ ചെയ്യുമ്പോൾ, പലപ്പോഴും മനുഷ്യൻ അവിടെ അപ്രസക്തനാകുന്നുണ്ടോ എന്ന് ഞങ്ങൾ ഭയപ്പെടുന്നു. ഉൽപ്പാദനക്ഷമതയും കാര്യക്ഷമതയും മാത്രം അളക്കുന്ന ഈ കാലഘട്ടത്തിൽ, അധ്വാനത്തിന്റെ യഥാർത്ഥ അർത്ഥം ഞങ്ങൾക്ക് നഷ്ടമാകുന്നു.

അങ്ങ് കരങ്ങൾ ചലിപ്പിച്ചത് കേവലം ഉപകരണങ്ങൾ നിർമ്മിക്കാനായിരുന്നില്ല, മറിച്ച് ദൈവപുത്രന് വളരാൻ തണലൊരുക്കാനായിരുന്നു. അങ്ങയുടെ ജോലി അങ്ങയുടെ വ്യക്തിത്വത്തോടും കുടുംബത്തോടും അത്രമേൽ ഇഴചേർന്നു നിന്നിരുന്നു. ഇന്ന് ജോലിയെ കേവലം 'ടാസ്ക്കുകൾ' ആയി കാണുന്നവരോട്, അത് സ്നേഹത്തിന്റെ ഒരു ഉടമ്പടിയാണെന്ന് അങ്ങയുടെ നിശബ്ദത വിളിച്ചുപറയുന്നു.

വിശുദ്ധ ജോൺ പോൾ രണ്ടാമൻ പാപ്പ പഠിപ്പിച്ചത് പോലെ, 'ജോലി മനുഷ്യന് വേണ്ടിയുള്ളതാണ്' എന്ന സത്യം ഞങ്ങൾ പലപ്പോഴും മറന്നുപോകുന്നു. ലാഭത്തിന് മുൻപിൽ മനുഷ്യനെ ഒരു അധികപ്പറ്റായി കാണുന്ന 'വലിച്ചെറിയൽ സംസ്കാരത്തെ' കുറിച്ച് ഫ്രാൻസിസ് പാപ്പ നൽകുന്ന മുന്നറിയിപ്പ് ഞങ്ങൾ ഗൗരവത്തോടെ കാണുന്നു. ഒരു യന്ത്രത്തിന് കാര്യങ്ങൾ വേഗത്തിൽ ചെയ്യാൻ കഴിഞ്ഞേക്കും, എന്നാൽ അവയ്ക്ക് അങ്ങയെപ്പോലെ ഒരു പ്രവൃത്തിക്ക് 'അർത്ഥം' നൽകാൻ കഴിയില്ല.

പിതാവേ, അധ്വാനിക്കാൻ ആഗ്രഹമുണ്ടായിട്ടും അതിന് അവസരമില്ലാതെ പോകുന്ന ലക്ഷക്കണക്കിന് സഹോദരങ്ങളുടെ സങ്കടം അങ്ങയുടെ പക്കൽ ഞങ്ങൾ സമർപ്പിക്കുന്നു. ഉപജീവനമാർഗ്ഗം ഇല്ലാതാകുമ്പോൾ ഒരു മനുഷ്യൻ അനുഭവിക്കുന്ന നിസ്സഹായാവസ്ഥയും കുടുംബത്തിന് മുൻപിൽ അവൻ അനുഭവിക്കുന്ന മനോവേദനയും അങ്ങ് കാണുന്നുണ്ടല്ലോ. സാങ്കേതികവിദ്യയുടെ ഈ വേഗത്തിൽ പിന്തള്ളപ്പെട്ടുപോയവരും, പ്രായവും സാഹചര്യങ്ങളും മൂലം പുതിയ മാറ്റങ്ങൾക്കൊപ്പം സഞ്ചരിക്കാൻ കഴിയാത്തവരും ഇന്ന് വലിയൊരു ശൂന്യതയിലാണ്. തൊഴിലില്ലായ്മ എന്നത് കേവലം ഒരു സാമ്പത്തിക പ്രശ്നമല്ല, മറിച്ച് അത് മനുഷ്യന്റെ അസ്തിത്വത്തെത്തന്നെ ചോദ്യം ചെയ്യുന്ന വേദനയാണെന്ന് ഞങ്ങൾ തിരിച്ചറിയുന്നു.

അധ്വാനത്തിന്റെ അന്തസ്സിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ ഞങ്ങളെ ആശങ്കപ്പെടുത്തുന്നു. ബുദ്ധിപരമായ ജോലികൾക്ക് മാത്രം പ്രാധാന്യം നൽകുകയും ശാരീരിക അധ്വാനത്തെ താഴ്ന്നതായി കാണുകയും ചെയ്യുന്ന ഒരു ചിന്താഗതി ഇന്ന് സമൂഹത്തിൽ പടരുകയാണ്. എന്നാൽ, നസ്രത്തിലെ അങ്ങയുടെ ആ എളിയ പണിശാല ഓർമ്മിപ്പിക്കുന്നത് ഓരോ വിയർപ്പുതുള്ളിക്കും ദൈവത്തിന്റെ മുൻപിൽ ഒരേ വിലയാണെന്നാണ്. അഴുക്കുപുരണ്ട കൈകളും മുഷിഞ്ഞ വസ്ത്രങ്ങളും അധ്വാനത്തിന്റെ വിശുദ്ധിയുടെ അടയാളങ്ങളാണെന്ന് തിരിച്ചറിയാനുള്ള കൃപ ഞങ്ങൾക്ക് നൽകണമേ. ഏതു ജോലിയും അന്തസ്സുള്ളതാണെന്നും അത് ലോകത്തിന്റെ പരിപാലനത്തിനായുള്ള ദൈവിക നിയോഗമാണെന്നും ഉള്ള ബോധം ഞങ്ങളിൽ ഉറപ്പിക്കണമേ.

പ്രിയപ്പെട്ട യൗസേപ്പിതാവേ, ഈ പുതിയ യുഗത്തിൽ അധ്വാനത്തിന്റെ ആത്മീയത വീണ്ടെടുക്കാൻ ഞങ്ങളെ സഹായിക്കണമേ.
വിശുദ്ധ യൗസേപ്പിതാവേ, ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

സ്നേഹപൂർവ്വം,
അങ്ങയുടെ മക്കൾ

# ജീവദീപ്തി

JEEVADEEPTHI

May 2026 Vol 16 Book 05



__രക്ഷാധികാരി__
മോസ്റ്റ്. റവ. ഡോ. ജോസഫ് കളത്തിപ്പറമ്പിൽ

__സഹരക്ഷാധികാരി__
റൈറ്റ്. റവ. ഡോ. ആന്റണി വാലുങ്കൽ

__മാനേജിംഗ് എഡിറ്റർ__
ഫാ. യേശുദാസ് പഴമ്പിള്ളി

__ചീഫ് എഡിറ്റർ__
ഫാ. ആന്റണി റാഫേൽ കൊമരംചാത്ത്

__സഹപത്രാധിപർ__
ഷെവ. പ്രിമൂസ് പെരിഞ്ചേരി
ഫാ. എബിൻ ജോസ് വാര്യത്ത്
ഫാ. ഷാമിൽ ജോസഫ് തൈക്കൂട്ടത്തിൽ

__സർക്കുലേഷൻ മാനേജർമാർ__
ഫാ. ആന്റണി ജിബിൻ കൈമലേത്ത്
ഫാ. റോക്കി ജോസ്‌ലിൻ ചക്കാലക്കൽ
ബിജോയ് ജോസഫ്

__രൂപകല്പന__
ടാബി ജോർജ്ജ്

__ടൈപ്പ് സെറ്റ്__
എ.എസ്.എൽ. കമ്പ്യൂട്ടേഴ്സ്

__ഓഫീസ് മാനേജർ__
മാനുവൽ പൊടുത്തോർ


__പത്രാധിപസമിതി__
അഡ്വ. ഷെറി ജെ തോമസ്
ജോർജ്ജ് പൊറ്റക്കുഴി
മാനിഷാദ് മട്ടക്കൽ
സിബി ജോയ്
റോയ് പാളയത്തിൽ
ബാസ്കിൽ തോമസ്



ഓഫീസ്
90720 26577
jeevadeepthi@gmail.com



04




01


## തൊഴിലാളികളുടെ മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിനൊരു കത്ത്

*നസ്രത്തിലെ അങ്ങയുടെ ആ നിശബ്ദമായ പണിശാലയെ ധ്യാനിച്ചുകൊണ്ട് ഈ കത്തെഴുതുന്നു. തടിയുടെ സുഗന്ധവും പണിയായുധങ്ങളുടെ*



## ദൈവദാസൻ ഫാ. തിയോഫിൻ കപ്പൂച്ചിൻ ധന്യപദവിയിൽ

നന്മചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ച യേശുവിനെ അനുഗമിച്ച മനുഷ്യ സ്നേഹിയും പ്രിയപ്പെട്ട ജനങ്ങളുടെ




06

## നിലത്തുവീണ് അഴിഞ്ഞ ഗോതമ്പുമണി

ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹത്തിലെ കപ്പൂച്ചിൻ വിഭാഗത്തിന്റെ മിനിസ്റ്റർ ജന റൽമാരിൽ ഏറെ ശ്രദ്ധേയനാണ് 1982






## ധന്യനായ തിയോഫിനച്ചന്റെ ജീവിതത്തിലൂടെ

2026 ഫെബ്രുവരി 21-നു പരിശുദ്ധ കത്തോലിക്കാ സഭ ധന്യനായി പ്രഖ്യാപിച്ച തിയോഫിനച്ചന്റെ

11


പ്രാർത്ഥനാജന്മം.....12
പൊന്നുരുന്നിയിലെ വലിയച്ചൻ.....14
ഈ ഭൂമിയിൽ ആയിരിക്കുന്നത്.....16
വല്ല്യച്ചൻ.....20
സോഫ്റ്റ് & ഹാർഡ് കോൾ.....21
സ്നേഹപുഷ്പം.....23
ഒരു അനുസ്മരണം.....24
കനക്കുന്ന വേനൽ.....26
വിഷാദം: അറിയേണ്ടതും.....28
റെഡ് ഇന്ത്യൻ മിഷൻ.....30
പുലർവെട്ടം.....32
ചരിത്ര വിളക്ക് .....36
നസ്രേത്തിലെ നീല ആണികൾ.....40
വാർത്തകൾ.....41
ബൈബിൾ വിചിന്തനം.....42
പിൻമൊഴി.....44

# ദൈവദാസൻ ഫാ. തിയോഫിൻ കപ്പുച്ചിൻ ധന്യപദവിയിൽ



**ഡോ.ജോസഫ് കളത്തിപ്പറമ്പിൽ**
**വരാപ്പുഴ അതിരൂപത**
**മെത്രാപ്പോലീത്ത**



നന്മചെയ്തുകൊണ്ടു ചുറ്റിസഞ്ചരിച്ച യേശുവിനെ അനുഗമിച്ച മനുഷ്യസ്നേഹിയും പ്രിയപ്പെട്ട ജനങ്ങളുടെ 'വല്യച്ചനു'മായ ദൈവദാസൻ തിയോഫിനച്ചന്റെ വീരോചിത പുണ്യങ്ങളും സുകൃതങ്ങളും അംഗീകരിച്ച് പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ തിയോഫിനച്ചനെ ധന്യരുടെ ഗണത്തിലേക്ക് ഉയർത്തിയിരിക്കുന്നു. വി. ഫ്രാൻസിസ് അസ്സീസിയുടെ വർഷമായി ആചരിക്കപ്പെടുന്ന ഈ സവിശേഷ ജൂബിലി വർഷത്തിൽ കപ്പുച്ചിൻ സന്ന്യാസസഭയ്ക്കും വരാപ്പുഴ അതിരൂപതയ്ക്കും കേരളസഭയ്ക്കും ദൈവം നൽകിയ സമ്മാനമാണ് ദൈവദാസൻ തിയോഫിനച്ചന്റെ ധന്യപദവി. ഈ അനുഗ്രഹത്തിന് നമുക്ക് ദൈവത്തിന് നന്ദി പറയാം. സ്വന്തം ജീവിതാവസ്ഥയ്ക്കനുസൃതമായി സ്നേഹത്തിന്റെ പൂർണ്ണതയിലേക്ക് നീങ്ങുകയും അതുവഴി മറ്റുള്ളവരെ വിശുദ്ധിയിൽ വളരാൻ സഹായിക്കുകയും ചെയ്ത ധന്യനായ തിയോഫിനച്ചൻ ജന്മംകൊണ്ടും കർമ്മം കൊണ്ടും അവിഭക്ത വരാപ്പുഴ അതിരൂപതയുടെ ഭാഗമായിരുന്നുവെന്നത് നമുക്ക് ആഹ്ലാദം നൽകുന്ന കാര്യമാണ്.

ഇന്നത്തെ കോട്ടപ്പുറം രൂപതയിലെ സെന്റ് മൈക്കിൾ കത്തീഡ്രൽ ഇടവക കൂടല്ലൂർ ഇട്ടിച്ചെറിയാ ജോർജ്ജിന്റെയും അന്നയുടെയും മകനായി 1913 ജൂലൈ 20-നാണ് തിയോഫിനച്ചൻ ഭൂജാതനായത്. മൈക്കിൾ എന്നായിരുന്നു ജ്ഞാനസ്നാന നാമം. കോട്ടപ്പുറം എൽ. പി. സ്കൂളിലെയും കൊടുങ്ങല്ലൂർ ബോയ്സ് സ്കൂളിലെയും പ്രാഥമിക വിദ്യാഭ്യാസത്തിന് ശേഷം 1919 ൽ വരാപ്പുഴ അതിരൂപതയിലെ മൈനർ സെമിനാരിയിൽ പ്രവേശിച്ചു. എറണാകുളം സെന്റ് ആൽബർട്ട്സ് സ്കൂളിലായിരുന്നു ഹൈസ്ക്കൂൾ പഠനം. ഒരു ഇടവക വൈദികനാകുവാൻ മൈനർ സെമിനാരിയിൽ ചേർന്ന മൈക്കിൾ കുറെനാൾ കഴിഞ്ഞ് വി. ഫ്രാൻസിസ് അസ്സീസിയെ അനുകരിച്ച് കപ്പുച്ചിൻ സന്ന്യാസസഭയിൽ ചേരുവാൻ ആഗ്രഹിച്ചു. തന്റെ ആത്മീയ പിതാവും പിന്നീട് വരാപ്പുഴ അതിരൂപത മെത്രാപ്പോലീത്തയും ദൈവദാസനുമായി ത്തീർന്ന ഫാ. ജോസഫ് അട്ടിപ്പേറ്റിയെ തന്റെ ആഗ്രഹം അറിയിച്ചപ്പോൾ മേലധികാരികൾ ആ ദൈവവിളിയെ തിരിച്ചറിഞ്ഞ് മൈക്കിളിനെ കപ്പുച്ചിൻ സഭയിൽ ചേരുവാൻ പ്രോത്സാഹിപ്പിച്ച് അനുവദിച്ചു.

ബ്രദർ മൈക്കിൾ 1934 നവംബർ 1-ാം തീയതി കർണ്ണാടകയിലെ ഫറങ്കിപ്പേട്ട് കപ്പുച്ചിൻ ആശ്രമത്തിൽ വച്ച് സഭാവസ്ത്രം സ്വീകരിച്ചു, തിയോഫിൻ എന്ന പേരിൽ സന്ന്യാസജീവിതം ആരംഭിച്ചു. 'തിയോഫിൻ' എന്ന പേരിന്റെ അർത്ഥം 'ദൈവത്തിന്റെ വെളിപ്പെടുത്തൽ' എന്നാണ്. 1941 ഏപ്രിൽ 20-ന് ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷിക്തനായ തിയോഫിനച്ചനിലൂടെ ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ ആരംഭിക്കുകയായിരുന്നു. കൊല്ലം, മാവേലിക്കര, തൃശ്നാപ്പിള്ളി, കോട്ടഗിരി എന്നീ സ്ഥലങ്ങളിൽ തിയോഫിനച്ചൻ കർമ്മനിരതനായി ശുശ്രൂഷകൾ അർപ്പിച്ചു. പെരുമാനൂർ ഇടവകയുടെ ഭാഗമായ വരവുകാട്ടും 1958-ൽ തിയോഫിനച്ചൻ ശശ്രൂഷ ചെയ്തു. 1959 മാർച്ച് 7-ന് പൊന്നുരുന്നിയിൽ നിയമിതനായ അദ്ദേഹം ഇവിടെ ഒരു ആശ്രമവും മനോഹരമായ ഒരു ആശ്രമദൈവാലയവും അപ്പസ്തോലിക സെമിനാരിയും പണിതുയർത്തി.

***തിയോഫിനച്ചൻ നയിച്ചിരുന്ന ആശ്രമം അക്ഷരാർത്ഥത്തിൽ ഒരു ഹോസ്പിറ്റൽ ആയിരുന്നു. ഹോസ്പിറ്റൽ എന്ന വാക്കിന്റെ മൂലാർത്ഥം ആതിഥ്യം ലഭിക്കുന്ന സ്ഥലമെന്നാണെങ്കിൽ ആത്മീയവും ശാരീരികവുമായ സുഖപ്രാപ്തിയ്ക്ക് അനേകർ സമീപിച്ചിരുന്നത് തിയോഫിനച്ചനെയാണ്. കേരളസഭയ്ക്ക് ഗണ്യമായ സംഭാവന നൽകിയ കപ്പുച്ചിൻ മിഷൻ ധ്യാനം ആരംഭിച്ചപ്പോൾ അതിൽ അവിഭാജ്യഘടകമായിരുന്നു തിയോഫിനച്ചന്റെ ധ്യാനപ്രസംഗങ്ങൾ. അച്ചന്റെ ആത്മാഭിഷേകത്തോടെയുള്ള പ്രസംഗങ്ങളും പ്രശാന്തമായ പെരുമാറ്റരീതിയും ജനങ്ങളെ ആഴത്തിൽ സ്പർശിച്ചു.***

*ഈ സവിശേഷ ജൂബിലി വർഷത്തിൽ കപ്പുച്ചിൻ സന്ന്യാസ സഭയ്ക്കും വരാപ്പുഴ അതിരൂപതയ്ക്കും കേരളസഭയ്ക്കും ദൈവം നൽകിയ സമ്മാനമാണ് ദൈവദാസൻ തിയോഫിനച്ചന്റെ ധന്യപദവി. ഈ അനുഗ്രഹത്തിന് നമുക്ക് ദൈവത്തിന് നന്ദി പറയാം.*

പൂർണ്ണമായും സുവിശേഷാധിഷ്ഠിതമായ ഒരു ജീവിതചര്യയ്ക്ക് ഉടമയായിരുന്ന തിയോഫിനച്ചൻ ആശ്രമ ശ്രേഷ്ഠനായിരുന്നെങ്കിലും മറ്റ് അംഗങ്ങളെക്കാൾ എളിയവനായിരിക്കാൻ ഇഷ്ടപ്പെട്ടു. നീണ്ട മണിക്കൂറുകൾ ധ്യാനത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച അദ്ദേഹം ഉച്ചാടനകൃപകളെ വിവേചനാപൂർവ്വം ഉപയോഗിച്ചു. തന്റെ ആദർശമായ അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ദരിദ്രനും വിനീതനുമായി അവസാനംവരെ നിലകൊണ്ടു. തീക്ഷ്ണതയോടെയുള്ള തന്റെ സന്ന്യാസജീവിതത്തിൽ സ്വന്തം ആരോഗ്യസംരക്ഷണത്തിന് തിയോഫിനച്ചൻ അധികം പ്രാധാന്യം നൽകിയിരുന്നില്ല. കടുത്ത പ്രമേഹരോഗിയായിരുന്നിട്ടും മുട്ടിനുതാഴെ വ്രണങ്ങൾ ഉണ്ടായിരുന്നപ്പോഴും ദീർഘദൂരങ്ങൾ കാൽനടയായി അദ്ദേഹം സഞ്ചരിച്ചു.

ഇരുപത്തിയേഴു വർഷക്കാലം ക്രിസ്തുവിന്റെ പുരോഹിതനായി ശുശ്രൂഷ ചെയ്ത തിയോഫിനച്ചൻ അനേകരുടെ വേദനകളിൽ ആശ്വാസമായി മാറി. ഭവനസന്ദർശനങ്ങളിലൂടെ അനേകരെ അനുരഞ്ജനത്തിലേക്കും പ്രാർത്ഥനയിലൂടെ നിരവധി പേരെ സൗഖ്യത്തിലേക്കും നയിച്ചു. ജീവിച്ചിരുന്നപ്പോൾ തന്നെ അദ്ദേഹത്തെ വിശുദ്ധനായി കണ്ട ജനങ്ങൾ ജാതി മത ഭേദമെന്യേ തിയോഫിനച്ചന്റെ പക്കൽ ഓടിയെത്തുമായിരുന്നു. വല്ല്യച്ചൻ എന്ന വൈദ്യനെത്തേടിയാണ് ജനങ്ങൾ എത്തിയിരുന്നത്. ദൈവത്തിന്റെ വെളിപ്പെടുത്തലുകളുമായി, ക്രിസ്തുവിനെ അനുകരിച്ച് കരയുന്നവർക്ക് സാന്ത്വനമായി, രോഗികൾക്ക് സൗഖ്യമായി, വിശക്കുന്നവർക്ക് അപ്പമായി ജീവിച്ച തിയോഫിനച്ചൻ 1968 ഏപ്രിൽ 4-ന് രാത്രി 11 മണിക്ക് തന്റെ 55-ാം വയസ്സിൽ സ്വർഗ്ഗത്തിലേക്ക് യാത്രയായി. തിയോഫിനച്ചന്റെ പൂജ്യശരീരം അടക്കം ചെയ്തിട്ടുള്ള പൊന്നുരുന്നി ആശ്രമത്തിലെ തിയോഫിൻ സവിധത്തിലേക്ക് നിത്യവും വിശ്വാസികൾ തങ്ങളുടെ 'വല്ല്യച്ചനെ' തേടി എത്തിക്കൊണ്ടിരിക്കുന്നു.


തിയോഫിനച്ചന്റെ അസാധാരണമായ പുണ്യജീവിതത്തെയും ജീവിതത്തിൽ പ്രാവർത്തികമാക്കിയിരിക്കുന്ന സുകൃതങ്ങളെയും കുറിച്ച്, വിശുദ്ധരുടെ നാമകരണത്തിനായുള്ള വത്തിക്കാൻ കാര്യാലയം സുദീർഘമായ പഠനങ്ങൾ നടത്തുകയും തെളിവുകൾ ശേഖരിക്കുകയും ഇക്കാര്യങ്ങൾ ഔദ്യോഗികമായി അംഗീകരിക്കപ്പെടുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ 2026 ഫെബ്രുവരി 21-ന് തിയോഫിനച്ചനെ ധന്യപദവിയിലേക്ക് ഉയർത്തി. ധന്യപദവിയുടെ പരസ്യമായ പ്രഖ്യാപനം 2026 ഏപ്രിൽ 26 ഞായറാഴ്ച രാവിലെ 10 മണിക്ക് പൊന്നുരുന്നി ആശ്രമദൈവാലയത്തിൽ അർപ്പിക്കപ്പെട്ട പൊന്തിഫിക്കൽ ദിവ്യബലി മധ്യേ നടത്തപ്പെട്ടു.

എത്രയും വേഗം ധന്യൻ തിയോഫിനച്ചനെ വിശുദ്ധപദവിയിലേക്ക് ഉയർത്തണമേയെന്ന് സ്നേഹപിതാവായ ദൈവത്തോട് നമുക്ക് പ്രാർത്ഥിക്കാം.

# നിലത്തുവീണ് അഴിഞ്ഞ ഗോതമ്പുമണി



**ഇഗ്നേഷ്യസ് ഗൊൺസാൽവസ്**



ഫ്രാൻസിസ്കൻ സന്ന്യാസ സമൂഹത്തിലെ കപ്പൂച്ചിൻ വിഭാഗത്തിന്റെ മിനിസ്റ്റർ ജനറൽമാരിൽ ഏറെ ശ്രദ്ധേയനാണ് 1982 മുതൽ 1994 വരെ ആ പദവി അലങ്കരിച്ച ഫാ. ഫ്ലാവിയോ റൊബേർത്തോ കരാറ. വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ അദ്ദേഹത്തെ 1996-ൽ ഇറ്റലിയിലെ അറേസ്സോ—കോർത്തോണ രൂപതയുടെ മെത്രാനായി നിയമിച്ചു. അതേ പരിശുദ്ധ പിതാവു തന്നെ 1998 ൽ അദ്ദേഹത്തെ മൂന്നാം നൂറ്റാണ്ടിൽ സ്ഥാപിതമായ വെറോണ രൂപതയിലേക്കു മാറ്റി. 2007 ൽ വിരമിക്കും വരെ ബിഷപ്പ് കരാറ തൽസ്ഥാനത്തു തുടർന്നു. സന്ന്യാസി ശ്രേഷ്ഠനായ ആ ഇടയൻ 2022 ൽ ദിവംഗതനായി.

ഫാ. കരാറ മിനിസ്റ്റർ ജനറൽ ആയിരിക്കേ കപ്പൂച്ചിൻ സഭയിൽ പുരോഗമന പ്രവണതകൾക്കു പൊതുവേ സ്വീകാര്യത ലഭിച്ചു. അതിന്റെ പിൻബലത്തിലാകണം, മൃതിയടഞ്ഞ സഭാംഗങ്ങളോടുള്ള പ്രത്യേക വണക്കമോ ഭക്തിയോ ആവശ്യമില്ലെന്ന് ചില നവീന ചിന്താഗതിക്കാർ അഭിപ്രായപ്പെടാൻ തുടങ്ങി. പക്ഷേ അതിനെതിരേ കർക്കശമായ നിലപാടാണ് മിനിസ്റ്റർ ജനറൽ കൈക്കൊണ്ടത്. അതിങ്ങനെയായിരുന്നു: “നല്ലനല്ല ഓർമ്മകൾ ഉണർത്തുന്നതും വണക്കം ആരംഭിക്കുന്നതും നമ്മളല്ല പ്രത്യുത ക്രിസ്തുവിൽ മൃതിയടഞ്ഞ സന്ന്യാസികൾ ജനങ്ങളുടെ പ്രാർത്ഥന കേട്ട് അത്ഭുതങ്ങൾ പ്രവർത്തിക്കുകയാണ്. നമുക്കത് തടയാനാവില്ല.” ആ യാഥാർത്ഥ്യം അങ്ങനെ കപ്പൂച്ചിൻ സഭയിൽ മാത്രമല്ല, കത്തോലിക്ക സഭയിലാകെ തന്നെ വളർന്നു പടർന്ന് വേരുറച്ചു. അക്കാര്യമാണ് തിയോഫിനച്ചന്റെ കല്ലറ ഉദ്ഘോഷിക്കുന്നത്. ദൈവദാസരും ധന്യരും വാഴ്ത്തപ്പെട്ടവരുമായി വിശുദ്ധ പദവിയിലേക്കുള്ള ഔപ

ചാരിക പ്രയാണത്തിൽ പേരു ചേർക്കപ്പെട്ടവരുടെ ജീവിതകഥ യിൽ പ്രഘോഷിക്കപ്പെടുന്നതും മറ്റൊന്നല്ല. ഗോതമ്പുമണി നില ത്തുവീണ് അഴിഞ്ഞ് നൂറുമേനി വിളവുണ്ടാകുന്നതിന്റെ പൊരുൾ പറയും ആ കല്ലറകൾ.

ഇക്കഴിഞ്ഞ ഫെബ്രുവരി 21 ന് പരിശുദ്ധ പിതാവ് ലെയോ പതി നാലാമൻ ധന്യപദവിയിലേക്ക് ഉയർത്തിയ തിയോഫിനച്ചന്റെ കാര്യത്തിൽ ഇപ്പറഞ്ഞതൊ ക്കെയും അക്ഷരാർത്ഥത്തിൽ ശരി യെന്ന് ഉദ്ഘോഷിക്കുന്നതിൽ എളിയവനായ എനിക്കുള്ള സന്തോഷവും ചാരിതാർത്ഥ്യവും അനൽപ്പമത്രേ.

***പൊന്നുരുന്നിയിൽ വിശുദ്ധ ബൊനവെഞ്ചറിന്റെ നാമ ത്തിൽ താൻ സ്ഥാപിച്ച ആശ്രമത്തോടും വിശുദ്ധ പത്താം പീയൂസിന്റെ നാമ ത്തിൽ പണിതുയർത്തിയ ദൈവാലയത്തോടും, അനു ബന്ധിച്ച് തിയോഫിനച്ചൻ ഒരു അപ്പസ്തോലിക് സ്കൂൾ ആരംഭിച്ചിരുന്നു. ആൺകുട്ടികളുടെ സ്വഭാവ രൂപീകരണവും വിശ്വാസപ രിശീലനവും ദൈവവിളി പ്രോത്സാഹനവും ആയി രുന്നു ലക്ഷ്യം. വേണമെ ങ്കിൽ സെമിനാരി എന്നു വിളിക്കാവുന്ന ഒരു ബോർഡിംഗ് സ്കൂൾ ആയി രുന്നു അത്. അവിടെ രണ്ടു വർഷത്തോളം അദ്ദേഹ ത്തിന്റെ ശിഷ്യനായി കഴി യാനുള്ള ഭാഗ്യം എനിക്കു ണ്ടായി. ആദ്യമായി തിയോ ഫിനച്ചന്റെ ജീവചരിത്രം രചിക്കാനുള്ള മഹാഭാഗ്യവും എനിക്കു കൈവന്നു. വിശു ദ്ധരുടെ നാമകരണത്തിനാ യുള്ള വത്തിക്കാൻ ഡിക്കാ സ്റ്ററിക്കു സമർപ്പിച്ച രേഖക ളിൽ മുപ്പതിലേറെ തവണ യാണ് "മനുഷ്യസ്നേഹി" എന്ന തലക്കെട്ടിൽ ഞാൻ രചിച്ച ആ ജീവചരിത്രത്തിൽ നിന്നുള്ള ഭാഗങ്ങൾ ഉദ്ധരിച്ചി ട്ടുള്ളത്.***

ചരിത്രം ചാഞ്ചക്കമാട്ടുകയും കാലം കയ്യൊപ്പു ചാർത്തുകയും ചെയ്ത കൊടുങ്ങല്ലൂർ കോട്ടപ്പുറം എന്ന ലോക പൈതൃക ഭൂമിയിലെ കൂടല്ലൂർ തറവാട്ടിൽ 1913 ജൂലൈ 20 നു ഞായറാഴ്ചയായിരുന്നു ധന്യൻ തിയോഫിനച്ചന്റെ ജനനം. പള്ളിയിൽ കോര ആശാൻ എന്ന് നാട്ടുകാർ ആദരപൂർവ്വം വിളിച്ചി രുന്ന കൂടല്ലൂർ ഇട്ടിച്ചെറിയ ജോർജ്ജ് ആണ് പിതാവ്. ജോർജ്ജ് എന്ന പേരിന്റെ കേരള വൽകൃത രൂപമാണു കോര. അമ്മ അന്ന കോതാട് കോരാമ്പാടത്ത് തോട്ടകത്ത് കുടുംബാംഗം. പൂർവ്വ പിതാവായ അബ്രാഹത്തെ അനു സ്മരിപ്പിക്കുന്നതാണ് ഇട്ടിച്ചെറിയ ജോർജ്ജിന്റെ ജീവിതകഥ. സ്വന്തം നാടിനെയും സഹോദരങ്ങളെയും ബന്ധുജനങ്ങളെയും മാത്രമല്ല വിശ്വാസത്തെയും വിട്ടെറിഞ്ഞു പലായനം ചെയ്ത ഒരാൾ!

മാർത്തോമ്മാ സഭക്കാരാണു കൂട ല്ലൂർ കുടുംബക്കാർ. കൊല്ലം ജില്ല യിലെ ഓയൂർ, അഞ്ചൽ പ്രദേശ ങ്ങൾ കേന്ദ്രീകരിച്ചാണ് അവർ അധിവസിച്ചിരുന്നത്. ആഢ്യത്വ മുള്ള ഇടത്തരം കർഷകകുടുംബം. അപ്പനും അമ്മയും ഇട്ടിച്ചെറിയ ജോർജ്ജിന്റെ ചെറുപ്രായ ത്തിൽതന്നെ മരിച്ചുപോയതിനാൽ ചേട്ടൻ മാത്തുണ്ണിയാണ് അവനെ വളർത്തി വലുതാക്കിയത്. കൊച്ചു കോര എന്ന് ചേട്ടനും ചേടത്തിയും അവനെ വാത്സല്യപൂർവ്വം വിളിച്ചു പോന്നു. അന്നത്തെ നിലയ്ക്കുള്ള മികച്ച വിദ്യാഭ്യാസവും നൽകി. ഗുരുവിനെ വേണ്ടവിധം വന്ദിച്ചില്ല എന്നു കുറ്റപ്പെടുത്തി ചേട്ടൻ നൽകിയ ശിക്ഷയിൽ പ്രതിഷേധി ച്ചും, തന്റെ ഭാഗത്തുനിന്നു സംഭ വിച്ച വീഴ്ചയിൽ ചേട്ടന് ഉണ്ടായ ദുഃഖത്തിൽ മനംനൊന്തും ആ കൊച്ചനുജൻ വീടും നാടും സ്വജ നത്തെയും വിട്ട് ഒളിച്ചോടി.

അക്കാലത്ത് വലിയ വ്യാപാരകേ ന്ദ്രമായിരുന്ന ആലപ്പുഴയെയാണ് ഇട്ടിച്ചെറിയ ജോർജ്ജ് തന്റെ ആദ്യ താവളമാക്കിയത്. മൗണ്ട് കാർമൽ ദൈവാലയത്തിലെ മൂപ്പച്ചനും മറ്റ് അച്ചന്മാരും അദ്ദേഹത്തെ ഏറെ സഹായിച്ചു. ഇതിനകം തന്നെ കത്തോലിക്കാ വിശ്വാസത്തിലേക്ക് ആകൃഷ്ടനായിക്കഴിഞ്ഞിരുന്നു അദ്ദേഹം. കത്തോലിക്കാസഭയിൽ ജ്ഞാനസ്നാനം സ്വീകരിച്ച ഇട്ടി ച്ചെറിയ ജോർജ്ജ് ക്രമേണ വരാ പ്പുഴ കേന്ദ്രീകരിച്ചുള്ള കർമ്മലീത്ത മിഷന്റെ കണക്കെഴുത്തുകാരനും കാര്യസ്ഥനുമായി മാറി. വരാപ്പുഴ യിൽ ജോലി ചെയ്യുമ്പോൾ കോതാട് കോരാമ്പാടത്ത് തോട്ട കത്ത് തറവാട്ടിൽ ചാണ്ടി-എലിസ ബത്ത് ദമ്പതികളുടെ മകൾ അന്നയെ വിവാഹം കഴിച്ചു. മിഷന്റെ വടക്കൻ പ്രദേശമായ കൊടുങ്ങല്ലൂർ കോട്ടപ്പുറം പ്രദേ ശത്തും കർമലീത്ത സഭയ്ക്ക് ഭൂസ്വത്തുക്കൾ ഉണ്ടായിരുന്നു. വസ്തുവകകൾ നോക്കി നടത്താൻ കോര ആശാൻ അവിടെ പോവുക പതിവായിരുന്നു. 1890 ൽ കർമലീ ത്തർ കോട്ടപ്പുറത്തെയും അവരുടെ മിഷൻ കേന്ദ്രങ്ങളിൽ ഒന്നായി ഉയർത്തി. ഈ സാഹചര്യത്തി ലാണ് കോര ആശാനും കുടും ബവും കൊടുങ്ങല്ലൂർ കോട്ടപ്പു റത്ത് എത്തുന്നത്. കാര്യസ്ഥപ ണിക്കു പുറമേ ചില വ്യാപാര ങ്ങളും കൂടി നടത്തിയാണ് ആശാൻ കുടുംബം പുലർത്തിയിരു ന്നത്. സെന്റ് മൈക്കിൾസ് എൽ. പി. സ്കൂളിന്റെ മാനേജർ പദ വിയും അദ്ദേഹം വഹിച്ചിരുന്നു. ക്രമേണ അദ്ദേഹം പള്ളിയിൽ കോര ആശാനായി പരിണമിച്ചു.

ഇട്ടിച്ചെറിയ-അന്ന ദമ്പതികളുടെ ഒമ്പതു മക്കളിൽ ആറാമനായി രുന്നു തിയോഫിനച്ചൻ. ആറാം ദിവസം ജ്ഞാനസ്നാനം നൽകി മൈക്കിൾ എന്നു പേരിട്ടു. എല്ലാ വരും അവനെ ഓമനിച്ച് മിഖേലൂട്ടി എന്നു വിളിച്ചു പോന്നു. കത്തോ ലിക്കാ സഭയുടെ ആരാധനക്രമ കലണ്ടർ പ്രകാരം ഏലിയാസ് പ്രവാചകന്റെയോ (ജൂലൈ 20) വിശുദ്ധ ജൊവാക്കിമിന്റെയോ (ജൂലൈ 26) പേരാണു കുഞ്ഞിനു നൽകേണ്ടിയിരുന്നത്. ഇടവക മധ്യ സ്ഥനായ വിശുദ്ധ മിഖായേൽ മാലാഖയുടെ പേരിടാൻ നിർദ്ദേശി ച്ചത് വികാരി അൽഫോൺസ് മൂപ്പ ച്ചൻ ആയിരുന്നു. സ്പെയിനിൽ നിന്നുള്ള കർമലീത്ത മിഷണറി ആയിരുന്നു അദ്ദേഹം. വല്യമ്മ യുടെ മകൻ പുതുമനപ്പറമ്പിൽ

കുഞ്ഞുവറീതും ഭാര്യ മറിയാമ്മയും ജ്ഞാനസ്നാന മാതാപിതാക്കളായി. ഔസേപ്പുകുട്ടി, ഇലഞ്ഞിക്കൽ ശീമോൻ കുഞ്ഞുവറീതിന്റെ ഭാര്യ കൊച്ചുമറിയം, വറീത് ജോർജ്ജ്, രണ്ടര വയസ്സിൽ മരിച്ച കൊച്ചു ത്രേസ്യ, ഏലിയാമ്മ ടീച്ചർ, തൃശൂർ ആലപ്പാട്ട് ഔസേപ്പിന്റെ ഭാര്യ ത്രേസ്യാ, മാള പള്ളിപ്പുറത്ത് കൈമാത്തുരുത്തി ചീക്കുവിന്റെ ഭാര്യ പ്ലമേന, പുത്തൻ ചിറ ചക്കാലമിറ്റത്ത് കല്ലൻ അന്തോണി ലോനപ്പന്റെ ഭാര്യ അന്നം എന്നിവരാണ് തിയോഫിനച്ചന്റെ മറ്റ് സഹോദരങ്ങൾ.

ദൈവത്തിന്റെ വെളിപ്പെടുത്തൽ അഥവാ ദൈവത്തിന്റെ വെളിപാട് എന്നാണ് പദോൽപ്പത്തി ശാസ്ത്ര പ്രകാരം തിയോഫിൻ എന്ന വാക്കിന് അർത്ഥം. അച്ചനെ സംബന്ധിച്ച ദൈവിക പദ്ധതിയിലേക്കു വെളിച്ചം വീശിയ ഒരു സംഭവം ഒന്നാം വയസ്സിൽ തന്നെ ഉണ്ടായി. ദെലഗാദ് അപ്പസ്തോലിക്ക ലാഡിസ് ലാവൂസ് സലേസ്ക്കി അന്നത്തെ മെത്രാപ്പോലീത്ത ബർണാഡ് ആർഗ്വിൻ സോണിസിനൊപ്പം സെന്റ് മൈക്കിൾസ് പള്ളിയിൽ സന്ദർശനത്തിനെത്തി. പേപ്പൽ പ്രതിനിധിയെ ഒരു നോക്കു കണ്ട് അനുഗ്രഹം വാങ്ങാൻ ആബാലവൃദ്ധം ജനങ്ങൾ ദൈവാലയത്തിൽ തടിച്ചുകൂടിയിരുന്നു. കുഞ്ഞു മിഖേലുകുട്ടിയെ മാറോടടുക്കി മുന്നോട്ടാഞ്ഞ് അമ്മ അന്ന ആ നിമിഷത്തിനായി കാത്തുനിന്നു. ദൈവാലയത്തിൽ ഏതാണ്ട് ഏറ്റവും പിന്നിലാണ് അവർക്ക് ഇടം ലഭിച്ചത്. കുഞ്ഞിന്റെ സുരക്ഷിതത്വത്തെക്കുറിച്ച് ആ അമ്മ വേവലാതിപ്പെടവേ, വിശിഷ്ടാതിഥികൾ അകത്തു കടന്നു. അപ്രതീക്ഷിതമായൊരു സംഭവമാണ് തുടർന്നുണ്ടായത്. നിഷ്കളങ്കതയുടെ വിശുദ്ധിയും സൗന്ദര്യവും നിറകതിർ വീശി നിന്ന ആ ഓമനക്കുഞ്ഞിനെ ദെലഗാദ് അപ്പസ്തോലിക്ക തന്റെ കൈകളിലേക്ക് എടുത്തു. കുഞ്ഞുമായി അദ്ദേഹം ബലിവേദയിലേക്കു നടന്നു. കുഞ്ഞിന്റെ പിതാവ് ദൂരെനിന്ന് ആ കാഴ്ച കണ്ടു. തിക്കിത്തിരക്കി ഒരു വിധത്തിൽ അദ്ദേഹം അൾത്താരയിലെത്തി. "ഇദ്ദേഹത്തിന്റെ കുഞ്ഞാണിത്" – വികാരി അച്ചൻ ദെലഗാദ് അപ്പസ്തോലിക്കയോടു പറഞ്ഞു. ആശീർവദിച്ചശേഷം പേപ്പൽ പ്രതിനിധി ആ കുഞ്ഞിനെ പിതാവിന്റെ കൈകളിലേക്കു കൊടുത്തു. ഭയമോ ചാഞ്ചല്യമോ ലവലേശം ഇല്ലാതെ ആയിരുന്നു മിഖേലുകുട്ടിയുടെ അൾത്താര യാത്ര. തന്നെയുമല്ല, അവന്റെ ഓമനമുഖത്ത് വശ്യമായൊരു പുഞ്ചിരിയും തത്തിക്കളിക്കുന്നുണ്ടായിരുന്നു!

*കത്തോലിക്കാ സഭയുടെ ആരാധനക്രമ കലണ്ടർ പ്രകാരം ഏലിയാസ് പ്രവാചകന്റെയോ (ജൂലൈ 20) വിശുദ്ധ ജൊവാക്കിമിന്റെയോ (ജൂലൈ 26) പേരാണു കുഞ്ഞിനു നൽകേണ്ടിയിരുന്നത്. ഇടവക മധ്യസ്ഥനായ വിശുദ്ധ മിഖായേൽ മാലാഖയുടെ പേരിടാൻ നിർദ്ദേശിച്ചത് വികാരി അൽഫോൺസ് മൂപ്പച്ചൻ ആയിരുന്നു. സ്പെയിനിൽ നിന്നുള്ള കർമലീത്ത മിഷണറി ആയിരുന്നു അദ്ദേഹം.*

മാലാഖക്കുഞ്ഞായി വളർന്നുവന്ന മിഖേലുകുട്ടി ആ പ്രദേശത്തെ കുട്ടികളുടെ നേതാവായിത്തീർന്നു. ആത്മീയതയിൽ ആഴപ്പെടുമ്പോൾതന്നെ ഫുട്ബോൾ കളിയിലും മരംകയറ്റത്തിലുമൊക്കെ കേമനുമായിരുന്നു. മില്ലേനിയൽ സെയിന്റ് ആയ കാർലോ അകിറ്റീസിനെപ്പോലൊരു പ്രകൃതം. ജാതിമതഭേദമെന്യേ സഹജീവികളോടു കാട്ടിയ സന്മനോഭാവവും കനിവും ആയിരുന്നു മറ്റൊരു മുഖമുദ്ര. താണ ജാതിക്കാരനായ ഒരു സതീർഥ്യനുണ്ടായിരുന്നു. തെങ്ങിൽ നിന്നു വീണ് അവന്റെ കാലൊടിഞ്ഞു. വീടിന്റെ ചായ്പ്പിൽ അവനു താമസസൗകര്യം ഒരുക്കുക മാത്രമല്ല, ചികിത്സാ കാലം മുഴുവൻ അവിടെ അവനെ പരിചരിച്ചതും മിഖേലുകുട്ടി തന്നെ. താങ്ങിയിരുത്തി കുളിപ്പിക്കലും ഭക്ഷണം കൊടുക്കലും പ്രാഥമിക ആവശ്യങ്ങൾക്കു സഹായിക്കലും ഒക്കെ ഇതിൽ ഉൾപ്പെടുമെന്ന് അറിയുക.

കൊടുങ്ങല്ലൂർ കോട്ടപ്പുറം പ്രദേശത്തിന്റെ നല്ല സമരിയാക്കാരനായി വർഗീസ് മേസ്തിരി എന്നൊരാളുണ്ടായിരുന്നു. ആധി-വ്യാധികളുള്ള വീടുകൾ സന്ദർശിച്ചു പ്രാർത്ഥന നടത്താനും തന്നാലാവും വിധം സാമ്പത്തിക സഹായം നൽകാനും അദ്ദേഹം മുന്നിട്ടിറങ്ങുമായിരുന്നു. എവിടത്തുകാരനെന്നോ എവിടെ നിന്ന് വന്നുവെന്നോ ആർക്കും അറിവില്ലായിരുന്നു. മിഖേലുകുട്ടി അദ്ദേഹത്തിന്റെ സഹായി ആയിത്തീർന്നു. അൾത്താര ശുശ്രൂഷകനായും ഇക്കാലത്ത് ഇടവകപ്പള്ളിയിൽ മിഖേലുകുട്ടി സേവനമനുഷ്ഠിച്ചു. അപ്പനും അമ്മയും കുടുംബവും കോട്ടപ്പുറത്ത് 1916 മുതൽ 1922 വരെ വികാരി ആയിരുന്ന ഡൊമിനിക് എട്ടുമാത്തും പറമ്പിൽ അച്ചനും കഴിഞ്ഞാൽ മിഖേലുകുട്ടിയുടെ ദൈവവിളിയിൽ കാര്യമായ പങ്കുവഹിച്ചത് വർഗീസ് മേസ്തിരിയാണ്.

തേഡ്ഫോം, അതായത് ഇന്നത്തെ ഏഴാംക്ലാസ്സ് പൂർത്തിയാക്കിയപ്പോൾ മിഖേലുകുട്ടി അപ്പനോടും അമ്മയോടും സഹോദരങ്ങളോടും തന്റെ ദൈവവിളി വെളിപ്പെടുത്തി: "എനിക്ക് ഒരു വൈദികനാകണം. സെമിനാരിയിൽ ചേരണം." അങ്ങനെ ആ ദിനം വന്നെത്തി. കെ.ജി. മൈക്കിൾ എന്ന മിഖേലുകുട്ടി സെമിനാരിയിലേക്കു യാത്രയായി. അരമനയോടു ചേർന്നാണ് അക്കാലത്ത് വരാപ്പുഴ അതിരൂപതയുടെ മൈനർ സെമിനാരി. കർമലീത്ത സന്ന്യാസിയായ ഏയ്ഞ്ചൽ മേരി ആയിരുന്നു മെത്രാപ്പോലീത്ത. പള്ളിയിൽ ആശാനെ അദ്ദേഹത്തിന് അറിയാമായിരുന്നു. ആശാന്റെ മകനെ സെമിനാരിയിലേക്കു സ്വീകരിക്കാൻ അദ്ദേഹത്തിനു സന്തോഷവുമായിരുന്നു. എറണാകുളത്തെ പ്രഖ്യാതമായ സെന്റ് ആൽബർട്സ് ഹൈസ്ക്കൂ

ളിലായിരുന്നു തുടർപഠനം. ബ്രദർ കെ.ജി. മൈക്കിൾ രജിസ്റ്റർ നമ്പർ 8121 എന്ന് ഔദ്യോഗിക രേഖക ളിൽ കാണാം.

സെമിനാരിയിൽ ചേർന്നു മൂന്നാം വർഷം ബ്രദർ മൈക്കിൾ എസ്എ സ്എൽസി പാസ്സായി. അതുക ഴിഞ്ഞ് ആറുമാസം കഴിഞ്ഞപ്പോ ഴാണ് വിളിക്കുള്ളിലെ വിളി അദ്ദേഹം തിരിച്ചറിഞ്ഞത്. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ ആത്മീയതയെ പുൽകി കപ്പൂച്ചിൻ സഭയിൽ ചേർന്ന് സന്ന്യാസജീ വിതം നയിക്കാൻ ബ്രദർ മൈക്കിൾ തീരുമാനിച്ചു! പെട്ടെ ന്നൊരു ദിനം പൊടുന്നനവേ ഉണ്ടായ ഒരു വഴിത്തിരിവായിരു ന്നില്ല അത്. രണ്ടു കാര്യങ്ങൾ അതിനു പ്രേരകങ്ങളായി ഭവിച്ചു എന്നു കാണാം. യേശുകർത്താവ് തന്റെ പഞ്ചക്ഷതങ്ങൾ പതിപ്പിച്ചു നൽകിയ, "രണ്ടാം ക്രിസ്തു" എന്ന വിശ്വവിഖ്യാതനായ, വിശുദ്ധ ഫ്രാൻസിസ് അസ്സീസി യെക്കുറിച്ചു കൂടുതൽ അറിയാൻ ബ്രദർ മൈക്കിളിന് അവസരം ലഭിച്ചതാണ് ആദ്യഘടകം. ഫാ. ഗ്വീഡോ, ഫാ. അർണോൻ എന്നീ കപ്പൂച്ചിൻ സന്ന്യാസി വര്യന്മാർ മൈനർ സെമിനാരിയിൽ നട ത്തിയ സന്ദർശനവും വൈദി കാർത്ഥികളോട് അവർ നടത്തിയ അഭിസംബോധനയും രണ്ടാം ഘട കം.

അൽപ്പം വിശദീകരണം ഇവിടെ അനിവാര്യമായിത്തീരുന്നുണ്ട്. വിശുദ്ധ ഫ്രാൻസിസ് അസ്സീ സിക്കു പ്രതിഷ്ഠിതമാണല്ലോ വരാപ്പുഴ അതിരൂപതയുടെ കത്തീ ഡ്രൽ ദൈവാലയം. സെമിനാരി യിൽ നിന്നും റോഡിനപ്പുറ ത്തേക്കു നോക്കിയാൽ തൊട്ട ടുത്ത് ആ ദൈവാലയം കാണാം. ഈ അടുപ്പം ബ്രദർ മൈക്കിളിനെ പ്പോലൊരാളിൽ ആ മഹാ വിശു ദ്ധനെക്കുറിച്ച് അറിയാനുള്ള താൽപ്പര്യം വളർത്തുമെന്നത് മൂന്നുതരം. സെമിനാരിയാകട്ടെ വിശുദ്ധരുടെ ജീവചരിത്ര ങ്ങൾകൊണ്ട് സമ്പന്നവുമായിരു ന്നു. വിശുദ്ധ ഫ്രാൻസിസ് അസ്സീ സിയെ അടുത്തറിയാൻ ഇക്കാ ലത്ത് ബ്രദർ മൈക്കിൾ ശ്രമിച്ചു വെന്നും, അദ്ദേഹത്തിന് അതു

*മാലാഖക്കുഞ്ഞായി വളർന്നുവന്ന മിഖേ ലുകുട്ടി ആ പ്രദേ ശത്തെ കുട്ടികളുടെ നേതാവായി ത്തീർന്നു. ആത്മീയ തയിൽ ആഴപ്പെടു മ്പോൾതന്നെ ഫുട്ബോൾ കളി യിലും മരംകയറ്റത്തി ലുമൊക്കെ കേമനു മായിരുന്നു. മില്ലേനി യൽ സെയിന്റ് ആയ കാർലോ അകിറ്റീസി നെപ്പോലൊരു പ്രകൃ തം. ജാതി മതഭേദ മെന്യേ സഹജീവിക ളോടു കാട്ടിയ സന്മ നോഭാവവും കനിവും ആയിരുന്നു മറ്റൊരു മുഖമുദ്ര.*

സാധിച്ചുവെന്നും ചുരുക്കം.

ആയിടയ്ക്കാണ് ഇന്ത്യയിൽ കപ്പു ച്ചിൻ മിഷന്റെ മേധാവികളായിരുന്ന ഫാ. ഗ്വീഡോ ലെ ഫ്ളോക്കും ഫാ. അർബൻമരീ പെൻസോയും വരാ പ്പുഴ അതിമെത്രാസന മന്ദിര ത്തിലും സെന്റ് ജോസഫ്സ് മൈനർ സെമിനാരിയിലും എത്തു ന്നത്. ഫ്രഞ്ചുകാരായിരുന്നു ആ മിഷണറി വര്യന്മാർ. തദ്ദേശീയ ദൈവവിളികൾ പ്രോത്സാഹിപ്പിച്ചു വളർത്തി ഒരു തദ്ദേശീയ ഇന്ത്യൻ പ്രോവിൻസിനു രൂപം നൽകാ നുള്ള പദ്ധതിയുടെ ഭാഗമായിട്ടായി രുന്നു അവരുടെ സന്ദർശനം. അവ രുടെ പ്രഭാഷണവും അവരുമാ യുള്ള സംഭാഷണങ്ങളും ബ്രദർ മൈക്കിളിന്റെ മനസ്സിൽ ഫ്രാൻസി സ്കൻ ആത്മീയതയുടെയും സന്ന്യാസ സന്തോഷത്തിന്റെയും തീക്കനലുകൾ കോരിയിട്ടുവെന്നു നിസ്സംശയം പറയാം. ഫാ. ഗ്വീഡോയെ നാം പിന്നീടു കാണു ന്നത് സ്മര്യപുരുഷന്റെ നോവീസ് മാസ്റ്ററും പ്രൊഫസറുമായിട്ടാണ്.

പിൽക്കാലത്ത് വരാപ്പുഴ അതിരൂപ തയുടെ മെത്രാപ്പോലീത്തയും ദൈവദാസനും ആയിത്തീർന്ന ഫാ. ജോസഫ് അട്ടിപ്പേറ്റിയോ ടാണ് കപ്പൂച്ചിൻ സഭയിൽ ചേരാ നുള്ള ആഗ്രഹം ബ്രദർ മൈക്കിൾ ആദ്യം പങ്കുവച്ചത്. റോമിൽനിന്ന് ഉന്നത ബിരുദങ്ങൾ നേടി എത്തിയ അദ്ദേഹം ഏയ്ഞ്ചൽ മേരി മെത്രാ പ്പോലീത്തയുടെ സെക്രട്ടറിയും സെമിനാരി വിദ്യാർത്ഥികളുടെ കുമ്പസാരക്കാരനും ആയിരുന്നു. സെമിനാരിയിലെ കല, സാഹിത്യ യോഗങ്ങളിൽ അദ്ദേഹമായിരുന്നു മുഖ്യാതിഥി. സാഹിത്യത്തിലും പ്രസംഗകലയിലും തൽപ്പരനായ ബ്രദർ മൈക്കിളിനോട് സവിശേഷ മായ മമതയും ആദരവും അദ്ദേഹ ത്തിനുണ്ടായിരുന്നു എന്നതും ശ്രദ്ധേയം. കൂടുതൽ പ്രാർത്ഥിച്ചു വിചിന്തനം നടത്താനാണ് അദ്ദേഹം ഉപദേശിച്ചത്.

ഒടുവിൽ ബ്രദർ മൈക്കിൾ ആ തീരുമാനമെടുത്തു. കപ്പൂച്ചിൻ സന്ന്യാസ വൈദികനാകാൻ ഉറ പ്പുള്ള ആ തീരുമാനം ഫാ. അട്ടി പ്പേറ്റി ശരി വയ്ക്കുകയും റെക്ടറും മെത്രാപ്പോലീത്തയും അടക്കമുള്ള വരെ അറിയിച്ച് ബ്രദർ മൈക്കിളിന് അവരുടെ അംഗീകാരവും ആശീർവാദവും ഉറപ്പാക്കുകയും ചെയ്തു. ഇടനിലക്കാരനായി നിന്ന് വീട്ടുകാരെ ആദ്യം അറിയിച്ചതും ഫാ. അട്ടിപ്പേറ്റി തന്നെ. അപ്പ നോടും അമ്മയോടും സഹോദര ങ്ങളോടും ഇഷ്ട ജനങ്ങളോടും ഒരിക്കൽ കൂടി യാത്ര പറഞ്ഞ് ബ്രദർ മൈക്കിൾ മംഗലാപുരത്തെ ഫറങ്കിപ്പേട്ടിൽ മോന്തെ മരിയാനോയിലെ (മേരിക്കുന്ന്) കപ്പൂച്ചിൻ ആശ്രമത്തിലേക്കു തിരി ച്ചു. കപ്പൂച്ചിൻ സഭയുടെ നൊവീ ഷ്യേറ്റ് ഭവനം ആയിരുന്നു വിശുദ്ധ ഫിദേലിസിനു പ്രതിഷ്ഠിക്കപ്പെട്ട ആ ആശ്രമം. 1933 ഒക്ടോബർ 31 നു ബ്രദർ മൈക്കിൾ തിയോഫിൻ എന്ന നാമവും കപ്പൂച്ചിൻ സന്ന്യാസ വസ്ത്രവും സ്വീകരിച്ചു. 1934 നവംബർ ഒന്നിനു ബ്രദർ തിയോഫിൻ ദാരിദ്ര്യത്തിന്റെയും അനുസരണത്തിന്റെയും പ്രഥമ വ്രതവാഗ്ദാനം നടത്തി. വൈദിക പഠനവും സന്ന്യാസ പരിശീല

നവും തുടരവേ 1937 നവംബർ 1-ാം തീയതി സകല വിശുദ്ധരുടെയും തിരുനാൾ ദിനത്തിലായിരുന്നു അദ്ദേഹത്തിന്റെ നിത്യവ്രത വാഗ്ദാനം.

കപ്പുച്ചിൻ സഭയുടെ അവിഭക്ത ഇന്ത്യൻ പ്രോവിൻസിലെ 23-ാമത്തെ അംഗമായിരുന്നു ബ്രദർ തിയോഫിൻ. 1941 ഏപ്രിൽ 20-ന് ബിഷപ്പ് ഗ്വീഡോയിൽ നിന്ന് അദ്ദേഹം തിരുപ്പട്ടം സ്വീകരിച്ചു നിത്യപുരോഹിതനായ യേശുകർത്താവിന്റെ സഹപുരോഹിതനായി. അവിരാമകർമിയായൊരു സഹനദാസനായിരുന്നു തിയോഫിനച്ചൻ. കടുത്ത പ്രമേഹവും ഉണങ്ങാത്ത ഒരു മുറിവും സന്ന്യാസ വൈദിക ജീവിതത്തിൽ ഏതാണ്ട് ഉടനീളം അദ്ദേഹത്തെ അലട്ടി. പക്ഷേ മായാത്ത പുഞ്ചിരി സദാ അദ്ദേഹത്തിന്റെ മുഖത്തുണ്ടായിരുന്നു. സദാ സേവനസന്നദ്ധനായിരുന്നു തിയോഫിനച്ചൻ. ജീവിതകാലത്തു തന്നെ ജനം അദ്ദേഹത്തെ വിശുദ്ധൻ എന്ന് വിളിച്ചു.

***തിയോഫിനച്ചന്റെ മരണം 1968 ഏപ്രിൽ നാലിനു രാത്രി 11.15 നായിരുന്നു. പിറ്റേന്നു വൈകിട്ടു നാലിനു ദിവ്യബലിക്കും സംസ്കാര ശുശ്രൂഷകൾക്കും മുഖ്യകാർമികത്വം വഹിച്ചത് ആർച്ച് ബിഷപ്പ് ഡോ. ജോസഫ് അട്ടിപ്പേറ്റി ആയിരുന്നു. മരണത്തെ മറികടക്കുന്ന മാധ്യസ്ഥ്യ ശക്തിയുടെ സാക്ഷ്യങ്ങളാണ് ആ മഹച്ചരമത്തെ തുടർന്ന് ഇന്നോളം അനവരതം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. കല്ലറ സ്ഥിതി ചെയ്യുന്ന സെമിത്തേരി കപ്പേളയിൽ ആളൊഴിയുന്നില്ല. തിരികൾ കെടുന്നില്ല. പ്രാർത്ഥനകൾ നിലയ്ക്കുന്നില്ല. ദൈവത്തിന്റെ കരുണയും കരുതലും വിടുതലും സാന്ത്വനവും സമാധാനവും ജീവിതകാലത്തെന്നോണം തിയോഫിനച്ചന്റെ മരണശേഷവും ഇവിടെ ജനത്തിന് അനുഭവവേദ്യമാകുന്നു.***

തിയോഫിനച്ചനെ ദൈവദാസനായി പ്രഖ്യാപിച്ചുകൊണ്ട് നാമകരണ നടപടികൾക്കു തുടക്കമിട്ടത് വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ഡാനിയൽ അച്ചാരുപറമ്പിൽ പിതാവാണ്. 2001 ഏപ്രിൽ 5 നായിരുന്നു അത്. 2003 ൽ ജീവചരിത്രമായ മനുഷ്യസ്നേഹി പ്രസിദ്ധീകരിക്കപ്പെട്ടു. കെ. ബാബു എം.എൽ.എ. യ്ക്ക് ആദ്യകോപ്പി നൽകിക്കൊണ്ട് വിജയപുരം രൂപതയുടെ ദിവംഗതനായ ബിഷപ്പ് ഡോ. പീറ്റർ തുരുത്തിക്കോണം ആണ് അതിന്റെ പ്രമുക്തി കർമം നിർവഹിച്ചത്. 2014 ഫെബ്രുവരി ഒന്നിന് ദൈവദാസന്റെ കല്ലറ കാനോനിക നിബന്ധനകൾ പ്രകാരം തുറന്നു പരിശോധിച്ച് ശരീരാവശിഷ്ടങ്ങളും അസ്ഥികളും സാക്ഷ്യപ്പെടുത്തി സെമിത്തേരി കപ്പേളയുടെ മധ്യഭാഗത്തു പുതുതായി തയ്യാറാക്കിയ കല്ലറയിൽ ഭദ്ര പ്രതിഷ്ഠ നടത്തുകയും ചെയ്തു. അതിരൂപതാതലത്തിലുള്ള അന്വേഷണങ്ങളുടെ പരിസമാപ്തി കുറിച്ചുകൊണ്ട് രേഖകൾ മുദ്രവച്ച് റോമിലേക്ക് നൂൺഷ്യോ വഴി റോമിലേക്ക് അയച്ചത് 2016 ഒക്ടോബർ 24-നു തിങ്കളാഴ്ചയാണ് രണ്ടു കർമങ്ങൾക്കും അക്കാലത്തെ വരാപ്പുഴ മെത്രാപ്പോലീത്ത ഡോ. ഫ്രാൻസിസ് കല്ലറക്കൽ മുഖ്യകാർമികത്വം വഹിച്ചു. പരിശുദ്ധപിതാവ് ലെയോ പതിനാലാമൻ 2026 ഫെബ്രുവരി 21-ന് ദൈവദാസൻ തിയോഫിനച്ചനെ ധന്യൻ ആയി ഉയർത്തി.

കാലത്തിന്റെ തികവിൽ നാൾവഴിയിൽ ഇനി ഇടം തേടേണ്ടത് വാഴ്ത്തപ്പെട്ടവനായും വിശുദ്ധനായും പ്രഖ്യാപിക്കപ്പെടുന്ന ദിനങ്ങളാണ്. ദൈവത്തിന്റെ സമയത്ത് അതു സംഭവിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കാം. പക്ഷേ ഒന്നു തീർച്ച. 54 വർഷം മാത്രം ഈ ലോകത്തു ജീവിച്ച് 58 വർഷം മുമ്പ് മരണമടഞ്ഞ ഒരാളുടെ ഓർമകൾ പൊന്നുരുന്നിയിലെ സെമിത്തേരിക്കപ്പേളയിൽ നിന്നു പ്രോജ്ജ്വലിച്ച് ലോകമെങ്ങും പരക്കുകയാണ്.



**ഫാ. റോബിൻ ഡാനിയേൽ**
OFM Cap

2026 ഫെബ്രുവരി 21-നു പരിശുദ്ധ കത്തോലിക്കാ സഭ ധന്യനായി പ്രഖ്യാപിച്ച തിയോഫിനച്ചന്റെ ജീവിതത്തിലൂടെ കടന്നുചെല്ലുമ്പോൾ, നമ്മെ പ്രചോദിപ്പിക്കാവുന്ന ഒത്തിരി ജീവിത മൂല്യങ്ങളുണ്ട്.

**തിയോഫിനച്ചൻ - വചന പ്രഘോഷകൻ**

1941 ഏപ്രിൽ 20-ന് പുരോഹിതനായി അഭിഷിക്തനായതിനു ശേഷം, ഏറെ താമസിയാതെ, കപ്പുച്ചിൻ സഭയുടെ മിഷൻ റിട്രീറ്റ് ടീമിൽ അംഗമായി. കേരളത്തിലും തമിഴ്നാട്ടിലും സുവിശേഷ പ്രഘോഷണത്തിനായി വ്യാപരിച്ചു.

**കുടുംബ സന്ദർശനം**

കുടുംബസന്ദർശനം അച്ചന്റെ ദിനചര്യകളുടെ ഒരു ഭാഗമായിരുന്നു. ദിവസവും വൈകുന്നേരങ്ങളിൽ നടന്ന്, അല്ലെങ്കിൽ സൈക്കിളിൽ അച്ചൻ വീടുകൾ സന്ദർശിക്കുമായിരുന്നു. ആ സാന്നിദ്ധ്യവും ഇടപെടലുകളും പ്രാർത്ഥനകളും എല്ലാവരും ഏറെ ആഗ്രഹിച്ചിരുന്നു. ഭവനസന്ദർശനം പ്രാർത്ഥിക്കുന്നതിനായി വേണ്ടി മാത്രം ആയിരുന്നില്ല -സമാധാനം നഷ്ടപ്പെട്ട ഇടങ്ങളിൽ, സമാധാനം പുനഃസ്ഥാപിക്കു

# ധന്യനായ തിയോഫിനച്ചന്റെ ജീവിതത്തിലൂടെ

ന്നതിനും വേണ്ടിയായിരുന്നു.

**ദരിദ്രരോടുള്ള തുറവിയും സ്നേഹവും**

ദരിദ്രരോട് പ്രത്യേക വാത്സല്യം അച്ചന്റെ പ്രത്യേകതയായിരുന്നു. കൈ നീട്ടുന്നവർക്കെല്ലാം, ആ വലിയ ഹൃദയത്തിൽ നിന്ന്, സ്നേഹവും സഹായവും നിർലോഭം ലഭിക്കുമായിരുന്നു. അച്ചന്റെ മുമ്പിൽ സഹായം തേടി വന്നവർ ആരുംതന്നെ നിരാശരായി തിരിച്ചുപോകേണ്ടി വന്നിട്ടില്ല.

**ചെറുപ്പക്കാർക്ക് പുതുസ്വപ്നങ്ങൾ**

ധന്യനായ തിയോഫിനച്ചൻ, ചെറുപ്പക്കാരെ ഏറെ സ്നേഹിച്ചിരുന്നു. അവരിൽ സ്വപ്നങ്ങൾ നട്ടുവളർത്തി, പരിപോഷിപ്പിച്ചു. അവർക്കായി പ്രത്യേക ധ്യാനങ്ങൾ സംഘടിപ്പിക്കുമായിരുന്നു. പൊന്നുരുന്നിയിൽ ആയിരുന്നപ്പോൾ അപ്പോസ്തലിക് സ്കൂൾ സ്ഥാപിച്ചു. സന്ന്യാസജീവിതം ആഗ്രഹിക്കുന്നവരെ മാത്രമല്ല അവിടെ സ്വീകരിച്ചിരുന്നത്. പിന്നെയോ, നല്ലൊരു ക്രിസ്ത്യൻ ജീവിതം നയിക്കുവാൻ പ്രാപ്തരാകത്തക്കവണ്ണം ഉള്ള ശിക്ഷണം ആണ് അച്ചൻ കൊടുത്തുകൊണ്ടിരുന്നത്. പൊന്നുരുന്നിയിൽ ആയിരുന്നപ്പോൾ ടീനേജേഴ്സിനു വേണ്ടി "ബാലകലാകേന്ദ്രവും" യുവജനങ്ങൾക്കുവേണ്ടി "ശാന്തികലാനിലയവും" അച്ചൻ സ്ഥാപിച്ച്, പ്രോത്സാഹിപ്പിക്കുകയുണ്ടായി.

**പൈശാചിക ശക്തികളിൽ നിന്നുള്ള മോചനം**

പിശാചിന്റെ അടിമത്തത്തിൽ ജീവിക്കുന്നവരെ മോചനം തേടാൻ അച്ചന്റെ അടുക്കൽ കൊണ്ടുവരുമായിരുന്നു. തയ്യാറെടുപ്പായി, ദിവസങ്ങളോളം പ്രാർത്ഥനയിലും ഉപവാസത്തിലും അച്ചൻ ചെലവഴിക്കുമായിരുന്നു. ആദ്ധ്യാത്മികമായി ശക്തി സംഭരിച്ചതിനു ശേഷമാണ് അച്ചൻ അശുദ്ധാത്മാക്കളെ ഉച്ചാടനം ചെയ്തത്. നാടിന്റെ നാനാഭാഗങ്ങളിൽ നിന്ന് അച്ചനെ തേടി ആളുകൾ വരുമായിരുന്നു.


മാനസികമായി വ്യഥ അനുഭവിക്കുന്നവർക്കു വേണ്ട കൗൺസിലിംഗ് അച്ചൻ കൊടുക്കുമായിരുന്നു. അച്ചന്റെ പ്രാർത്ഥനയും സാന്നിദ്ധ്യവും ആവശ്യമുള്ള രോഗികളുണ്ടെങ്കിൽ, തന്റെ ആരോഗ്യം അവഗണിച്ചുകൊണ്ട്, അച്ചൻ അവരുടെ കിടക്കയ്ക്കരുകിൽ എത്തുമായിരുന്നു
.

**പ്രാർത്ഥനയുടെ സന്ന്യാസി**

പരിശുദ്ധ കുർബാനയോട് അഗാധമായ ഭക്തി അച്ചനുണ്ടായിരുന്നു. മണിക്കൂറുകളോളം, തിരുസന്നിധിയിൽ അച്ചൻ ചെലവഴിക്കുമായിരുന്നു. വ്യാകുലമാതാവിനോടുള്ള ഭക്തി ആ ജീവിതത്തിന്റെ ഒരു ഘടകം ആയിരുന്നു. പൊന്നുരുന്നിയിൽ ആയിരുന്നപ്പോൾ അച്ചൻ തുടങ്ങിയതാണ് വ്യാകുലമാതാവിനോടുള്ള പ്രത്യേക നൊവേന ഇന്നും അതു തുടർന്നുകൊണ്ടിരിക്കുന്നു.

ധന്യനായ തിയോഫിനച്ചന്റെ സമാധിയിൽ ദിനംതോറും എണ്ണമറ്റ ഭക്തർ വരുന്നുണ്ട്. പ്രാർത്ഥിക്കുന്നതിന്, അനുഗ്രഹം യാചിക്കുന്നതിന് ഹൃദയം നിറഞ്ഞ സംതൃപ്തിയോടെയാണ് ഭക്തർ ആ പാദാന്തികത്തിൽ നിന്ന് തിരികെ പോകുന്നത്. അച്ചന്റെ ജീവിതം വെളിപ്പെടുത്തുന്ന ഒരു മ്യൂസിയം സമാധിയോട് ചേർന്നുണ്ട്. സമാധിയിലേക്ക് വരുന്ന റോഡ് തിയോഫിൻ റോഡ് എന്നാണ് ഗവൺമെന്റ് നാമകരണം ചെയ്തിരിക്കുന്നത്.

ധന്യനായ തിയോഫിനച്ചന്റെ ജീവചരിത്രം മലയാളത്തിലും, തമിഴിലും, ഇംഗ്ലീഷിലും, ഇറ്റാലിയനിലും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരു ജീവചരിത്രം കേരള ഗവൺമെന്റ് ആണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. അച്ചനെ അടുത്തറിയുന്നതിന് ഉപകരിക്കുന്ന ഒരു മാസികയും – "തിയോ മനുഷ്യസ്നേഹി" – ഇവിടെനിന്ന് പ്രസിദ്ധീകരിക്കുന്നുണ്ട്.



# പ്രാർത്ഥനാജന്മം



**ഫാ. ജോനാഥ് കപ്പൂച്ചിൻ**
OFM Cap

ഒരാൾ പ്രാർത്ഥനയുടെ ദിവ്യാനുഭവത്തിലേക്ക് പ്രവേശിച്ച് മടങ്ങുമ്പോൾ അയാൾ അറിയാതെ അയാളുടെ ജീവിതത്തിൽ ദൈവത്തിന്റെ നിഴൽ പാടുണ്ടാവുന്നു. അത് അയാളുടെ പരിസരങ്ങളെ നവീകരിക്കുന്നു. ഇടപെടുന്ന മനുഷ്യരെ വിമലീകരിക്കുന്നു. പുറപ്പാട് പുസ്തകം മുപ്പത്തിനാലാം അധ്യായത്തിൽ സീനായി മലയിൽനിന്ന് പ്രാർത്ഥന കഴിഞ്ഞ് ഇറങ്ങി വരുന്ന മോശയെ കുറിച്ചുള്ള വർണ്ണന പോലെ.... 'ദൈവവുമായി സംസാരിച്ചതിനാൽ തന്റെ മുഖം തേജോമയമായി എന്ന കാര്യം അവൻ അറിഞ്ഞില്ല (പുറപ്പാട് 34 : 29). മോശ അതിനെക്കുറിച്ച് ബോധവാനായിരുന്നില്ലായെങ്കിലും അവനെ കണ്ടവർക്ക് അത് ബോധ്യമായി. അതുകൊണ്ടാണ് അഹറോനും ഇസ്രായേൽ ജനവും അവനെ സമീപിക്കാൻ ഭയപ്പെട്ടത്. അതോടെ പ്രതിഷേധികളായ ജനത്തിന് വല്ലാത്ത പരിവർത്തനം ഉണ്ടാകുന്നു. മോശയുടെ തേജസ്സു കണ്ട് അവർ അനുതപിക്കുക മാത്രമല്ല, അനുസരണശീലം ഉള്ളവരാവുകയും ചെയ്യുന്നു. ദൈവത്തോടൊപ്പം ആയിരിക്കുന്ന ഒരാൾക്ക് ഉണ്ടാകുന്ന മാറ്റമാണിത്.

പ്രാർത്ഥനയിൽ ഉരുകി സ്വന്തം ജീവിതത്തിൽ ദൈവത്തിന്റെ പ്രഭാവലയം ബാധിച്ച ഒരു ആശ്രമശ്രേഷ്ഠന്റെ ഓർമ്മകളുടെ നിറവിലാണ് നമ്മളിപ്പോൾ. പൊന്നുരുന്നിയുടെ പുണ്യമായി മാറിയ ധന്യനായ തിയോഫിനച്ചൻ.

ഒരുപാടുപേരെ അവ രുടെ രോഗങ്ങളുടെ, ആത്മഹത്യയുടെ, നിരാശയുടെ, കടക്കെണിയുടെ, ഏകാന്തതയുടെ, പിരിമുറുക്കത്തിന്റെ അപകടവക്കിൽ നിന്നും വീണ്ടെടുക്കാൻ അച്ചന്റെ അൾത്താരയിലെ നുറുങ്ങിയ പ്രാർത്ഥനകൾക്ക് കഴിഞ്ഞിട്ടുണ്ട്. ജീവിതത്തിന്റെ പൊള്ളുന്ന വെയിൽ വേദനകളിൽ ചിലർക്കദ്ദേഹം ഒരു ആശ്വാസ തണലായി മാറിയിട്ടുണ്ട്. ദുരന്തങ്ങളുടെ ഇരുട്ടിൽ അകപെട്ടുപോയ മനുഷ്യർക്കുവേണ്ടി എരിഞ്ഞു തീർന്ന പ്രാർത്ഥനാജന്മമാണ് തീയോഫിനച്ചൻ. അതുകൊണ്ടുതന്നെ അദ്ദേഹം സമാധിയായ കല്ലറയും നിതാന്ത പ്രാർത്ഥനകളുടെ കണ്ണുനീർ ഇടമായി പരിണമിച്ചിരിക്കുന്നു.

ഒരിക്കലും അണഞ്ഞിട്ടില്ലാത്ത എണ്ണ ചിരാതുകളും മെഴുതിരികളും നിറഞ്ഞ തിയോഫിനച്ചന്റെ സമാധി കേവലം ഒരു കല്ലറയല്ല. അനേകായിരങ്ങളുടെ ഒടുങ്ങാത്ത വ്യഥകൾക്കുള്ള ആത്മീയ ശമനമാണ്. ഹൃദയത്തിൽ നുറുങ്ങുന്ന പ്രാർത്ഥനയുമായി അണയുന്നവർക്ക് ഇവിടം ആശ്വാസ തംലായി മാറുന്നു. വലിയ ധ്യാനകേന്ദ്രങ്ങളുടെ ആഡംബരമോ ദേവാലയ പ്രൗഢിയോ ഒന്നും ഇതിന് അവകാശപ്പെടാനില്ല. എന്നാൽ ജീവിതത്തിൽ അനിവാര്യമായി സംഭവിക്കുന്ന ദുരന്തങ്ങളെ നനുത്ത നിശ്ശബ്ദതയോടെ കഴുകികളയുവാൻ പാകപ്പെടുത്തിയ ദിവ്യത വേണ്ടുവോളം ഇവിടെയുണ്ട്. മടുപ്പ് തോന്നാത്തവിധം ഭക്തർ എന്നും ഇവിടെ വന്നു ചേരുന്നത് അതുകൊണ്ടു തന്നെയാണ്.

അമ്പതിലധികം വർഷങ്ങൾക്കു മുമ്പ് മൺമറഞ്ഞ ഒരു മധ്യവയസ്കനായ സന്ന്യാസി അന്ത്യവിശ്രമം കൊള്ളുന്ന കല്ലറയെ കുറേയധികം മനുഷ്യർ ഇപ്പോഴും ഗൗരവത്തിൽ എടുക്കുന്നുവെന്നതും, ഒരുദേശം വിലമതിക്കുന്നുവെന്നതും എന്തിന്റെ സൂചനയാണ്? ജീവിതം പുണ്യമായി മാറ്റിയ ഒരാൾക്ക് മരണം നിത്യതയാണെന്ന് ബോധ്യമുള്ളതുകൊണ്ടുതന്നെ. സ്വാർത്ഥത പൂർണമായി വറ്റി പ്പോവുകയും സ്നേഹം മാത്രം നിലനിൽക്കുകയും ചെയ്യുമ്പോഴാണ് ഒരാളുടെ ജീവിതം പുണ്യമായി പരിണമിക്കുന്നതെന്നും മരണത്തെ അതിജീവിക്കുന്നതെന്നും അറിഞ്ഞു കഴിഞ്ഞാൽ നിങ്ങൾക്കും ധന്യനായ തിയോഫിനച്ചന്റെ മഹത്വം മനസ്സിലാവും.

***ഞാൻ കേട്ടതും കണ്ടതുമായ അനേകം അനുഭവങ്ങളിൽ നിന്നും ഒന്നുമാത്രം സൂചിപ്പിക്കുകയാണ്. വളരെ പണ്ടാണ്. ദൂരെ ഒരു മിനിസ്ട്രി കഴിഞ്ഞ് നല്ല മഴയുള്ള പാതിരാവിൽ ആശ്രമത്തിലേക്ക് മടങ്ങി വരികയാണ്. ആരെയും വിളിച്ചുണർത്തി ശല്യപ്പെടുത്തേണ്ട എന്നു വിചാരിച്ച് മുൻഭാഗത്തെ വാതിൽ തുറക്കാതെ തിയോഫിൻ സമാധിയുടെ വശത്തുള്ള ഇടുങ്ങിയ ഗേറ്റ് തുറന്നാണ് അകത്തേക്ക് പ്രവേശിച്ചത്. അവിടെക്കണ്ടത് അൾത്താര***



***യുടെ മങ്ങിയ വെട്ടത്തിൽ മുതിർന്നൊരു സഹോദര സന്ന്യാസി കല്ലറയിൽ തല വച്ചു വിതുമ്പുന്നതാണ്. വല്ലാത്തൊരു ഉൾക്കിടിലം തോന്നിയ നിമിഷമായിരുന്നത്. പൗരോഹിത്യത്തെ തന്നെ ഉലച്ചു കളയാവുന്ന ഒരു കുറ്റാരോപണത്തിനു വിധേയനായി കടന്നു പോയ ആ നാളുകളിൽ ആശ്വാസത്തിന് കണ്ടെത്തിയ ഇടം തിയോഫിനച്ചൻ ഉറങ്ങുന്ന കല്ലറയായിരുന്നു. അഭൗമമായ ഒരു ആത്മീയ കരുത്തോടെയാണദ്ദേഹം പിന്നീട് തന്നിലേക്ക് വന്ന ആരോപണങ്ങളെ നേരിട്ടതും വിജയിച്ചതും.***

തിയോഫിനച്ചൻ ജീവിച്ചിരുന്ന കാലയളവിൽ ജീവിക്കാൻ കഴിയാതെ പോയതിനെക്കുറിച്ച് നഷ്ടബോധം തോന്നും ഇപ്പോൾ. അച്ചന്റെ തേജസ്സുള്ള ആ മുഖചിത്രത്തിന്റെ മുമ്പിൽ നിൽക്കുമ്പോൾ ഞാനിനിയും ഒരുപാട് നവീകരിക്കപ്പെടാനുണ്ടെന്ന് എനിക്ക് സ്വയം തിരിച്ചറിയാൻ കഴിയുന്നുണ്ട്. അങ്ങനെ തന്നെയാണ് ഏറെ പേർക്കും.

ഏല്ലാ ഏപ്രിൽ നാലിനും എത്ര തിരക്കുണ്ടെങ്കിലും എത്ര ദൂരെയാണെങ്കിലും അവരിൽ ചിലരെങ്കിലും ആവേശത്തോടെ ഇവിടേക്ക് മടങ്ങിവരും. ഈ ദേശത്തിന്റെ ഏറ്റവും തെളിമയുള്ള ഓർമ്മയെ വന്ദിക്കാൻ... ലഭിച്ച ഉപകാരങ്ങൾക്ക് നന്ദി അർപ്പിക്കാൻ... ഗുരുപ്രസാദം ഭക്ഷിക്കാൻ.. തിയോഫിനച്ചനെ ആദരിക്കാൻ... അദ്ദേഹത്തിന്റെ ചരമവാർഷിക ദിനത്തിൽ.

അതെ, പ്രാർത്ഥനയാൽ ധന്യമാകുന്ന ജീവിതത്തെ കുറിച്ചുള്ള ദൈവത്തിന്റെ വാഴ്ത്താണ് എല്ലാവരും 'വല്യച്ചൻ' എന്ന് വിളിക്കുന്ന തിയോഫിനച്ചൻ. ആശ്രമസമാധിയിൽ അനുദിനം വന്നു പ്രാർത്ഥിക്കാൻ എത്തുന്നവരുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയാണ്. തിങ്കളാഴ്ച ആത്മീയ ശുശ്രൂഷയിൽ പങ്കുചേർന്ന് മടങ്ങുന്നവർക്കുണ്ടാകുന്ന പരിവർത്തനങ്ങൾ, അനുഭവസാക്ഷ്യങ്ങൾ, അനുഗ്രഹ സാക്ഷാത്കാരങ്ങൾ ഒക്കെ നിറഞ്ഞ മനസ്സോടുകൂടിയാണ് ഞങ്ങൾ നോക്കി കാണുന്നത്. പൊന്നുരുന്നിയിലെ ഓരോ വ്യക്തിക്കും അച്ചനെക്കുറിച്ച് പറയാൻ പുതിയതായി എന്തെങ്കിലും ഉണ്ടായിരിക്കും. തന്റെ ഈ ലോക കാലയളവിൽ ദൈവത്തോട് വിശ്വസ്തത കാണിച്ച്, സന്ന്യാസത്തിന്റെ ക്ലേശവഴികൾ ഇടറാതെ ജീവിച്ച്, ഒടുവിൽ സ്വർഗീയ മഹത്വത്തിലേക്ക് പ്രവേശിച്ച പുണ്യാത്മാവാണച്ചൻ. ചരിത്രം തീർച്ചയായും അദ്ദേഹത്തെ തേടിയെത്തും. തിരുസഭ ആ ഓർമകളെ പവിത്രമായി സൂക്ഷിക്കും. വിശ്വാസ സമൂഹം ആ മഹത്വം വർണ്ണിച്ചു കൊണ്ടേയിരിക്കും. അനേകരുടെ ആഗ്രഹങ്ങളുടെ ഈ സാക്ഷാത്കാരമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. ധന്യ പദവിയിലേക്ക് തിയോഫിനച്ചൻ ഉയർത്തപ്പെട്ടിരിക്കുന്നു.

# പൊന്നുരുന്നിയിലെ വലിയച്ചൻ



**ഫാ. പീറ്റർ തോമസ്**
OFM Cap



ക്രിസ്തുവിന്റെ കൂടെ ദിവസം മുഴുവൻ നടന്നവരാണ് അവന്റെ ശിഷ്യന്മാർ. അവന്റെ അപ്പത്തിന്റെയും സങ്കേതത്തിന്റെയും സ്വപ്നത്തിന്റെയും പങ്കുപറ്റിയ അവർ അവന്റെ സുകൃതങ്ങളും സിദ്ധികളും  കരസ്ഥമാക്കിയിട്ടുണ്ടാകാം എന്ന് സ്വാഭാവികമായും ജനം വിശ്വസിച്ചു. അതുകൊണ്ടാണ് അവർ പിശാച് ബാധിതനായ ആ ബാലനെ ശിഷ്യന്മാരുടെ അടുക്കൽ കൊണ്ടുവന്നത്; പക്ഷേ അവർക്ക് അവനെ സുഖപ്പെടുത്താനായില്ല. പാറപ്പുറത്ത് വീണ വിത്തുപോലെ ക്രിസ്തുവിന്റെ ഹൃദയത്തിൽ ഒരിടത്തും തങ്ങളുടെ വേരോടിക്കുവാൻ കഴിഞ്ഞിട്ടില്ലെന്ന് ശിഷ്യന്മാർക്ക് മനസ്സിലായത് അപ്പോഴാണ്. നാണക്കേടും കുറ്റബോധവും കൊണ്ട് അവരുടെ ശിരസ്സ് പാതാളത്തോളം താഴ്ന്നു പോയി. പിന്നീട് ഗുരുവിനോടൊപ്പമുള്ള സ്വകാര്യ നിമിഷങ്ങളിൽ അവർ ചോദിച്ചു: എന്തുകൊണ്ടാണ് അതിനെ ബഹിഷ്കരിക്കാൻ ഞങ്ങൾക്ക് കഴിയാതെ പോയത്? അവൻ മറുപടി പറഞ്ഞു;

‘പ്രാർത്ഥന യും ഉപവാസവും കൊണ്ടല്ലാതെ മറ്റൊന്നും കൊണ്ട് ഈ വർഗ്ഗം പുറത്തു പോവുകയില്ല.’

പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും മൂശയിൽ എരിഞ്ഞ് രൂപപ്പെട്ടതായിരുന്നു ദൈവ ദാസൻ തീയോഫിനച്ചന്റെ ജീവിതം. ഒരു കണ്ണാടി പോലെ ക്രിസ്തുവിന്റെ ജീവിതത്തിലെ  പ്രശാന്തതയും കാരുണ്യവുമൊക്കെ തന്റെ ജീവിതത്തിലേക്ക് അദ്ദേഹം ഒപ്പിയെടുത്തു. ‘എന്നിൽ വിശ്വസിക്കുന്നവൻ ഞാൻ ചെയ്യുന്ന പ്രവൃത്തികളും ചെയ്യും’ ക്രിസ്തു നമ്മെ ഓർമിപ്പിക്കുന്നു. ക്രിസ്തു ചെയ്ത പ്രവൃത്തികൾ തിയോഫിനച്ചനും ചെയ്തു. കരയുന്നവർക്ക് സാന്ത്വനമായി, രോഗികൾക്ക് സൗഖ്യമായി, വിശക്കുന്നവർക്ക് അപ്പമായി അച്ചനും നമ്മോടൊപ്പം ജീവിച്ചു.

തിയോഫിനച്ചൻ മരിച്ചിട്ട് 58 വർഷങ്ങളായി. ഒരാളുടെ സ്മൃതിപഥത്തിന്റെ ഏറ്റവും ഒടുവിലത്തെ താളിൽ നിന്നു പോലും ചീന്തപ്പെടാൻ പോന്ന ഒരു കാലയളവാണത്; എന്നാൽ പ്രഭാതത്തിൽ കണ്ട ഒരു സ്വപ്നം പോലെ തിയോഫിനച്ചന്റെ മുഖം ഓജസോടെ പൊന്നുരുന്നി എന്ന അദ്ദേഹത്തിന്റെ സമാധി കുടികൊള്ളുന്ന ദേശത്തെ  മനുഷ്യരുടെ മനസ്സുകളിൽ ജ്വലിച്ച് നിൽക്കുകയാണ്. പുതിയ തലമുറ അദ്ദേഹത്തെ ഒന്ന് കണ്ടിട്ടുപോലുമില്ല. പക്ഷേ കൂടെ നടക്കുന്ന ഒരു സുഹൃത്തിനെ പോലെ, തെറ്റു തിരുത്തുന്ന ഒരു ഗുരുവിനെപ്പോലെ മാർഗങ്ങളെല്ലാം അടയുമ്പോൾ പ്രതീക്ഷയുടെ ആകാശവാതിൽ തുറന്നുതരുന്ന ഒരു ദൈവദൂതനെ പോലെ വലിയച്ചൻ അവരുടെ ജീവിതത്തിന്റെ ഭാഗമായി മാറിയിരിക്കുന്നു.

***പൊന്നുരുന്നിയിൽ താമസിക്കുന്ന ഒരാൾ പറയുകയായിരുന്നു: ഈ നാടിനെ വ്യത്യസ്തമാക്കുന്ന ഒരു അപൂർവ്വ ചൈതന്യം ഇവിടെയുണ്ട്; അത് തിയോഫിനച്ചന്റെ സമാധിയാണ്. വേറൊരാൾ പറയുകയാണ്: ‘ഒരാവശ്യത്തിന് വേണ്ടിയമല്ല ഞാനിവിടെ വരുന്നത് വെറുതെ സമാധിയിൽ കുറച്ചുനേരം ഇരിക്കാൻ; പിന്നെ ഞാൻ പോകുന്ന വഴികളെല്ലാം അച്ചന്റെ ആശിർവാദത്തിന്റെ കരങ്ങൾ എന്റെ ശിരസ്സിന്  മുകളിൽ ഉണ്ടാകും എന്ന് ഞാൻ വിശ്വസിക്കുന്നു.’ തിയോഫിനച്ചൻ പൊന്നുരുന്നിയിലെ നിവാസികളുടെയും  ഇവിടെ വരുന്നവരുടെയും ഉള്ളിലെ***



***നിത്യവും സജീവവുമായ സാന്നിധ്യമായി മാറിയിരിക്കുന്നു.***

23 വർഷങ്ങൾക്കു മുമ്പ് തിയോഫിനച്ചന്റെ പൂർണ്ണ ജീവചരിത്രം ആദ്യമായി പുസ്തകമായി ഇറക്കിയപ്പോൾ അതിനോടനുബന്ധിച്ച് അച്ചനെഴുതിയ എല്ലാ കുറിപ്പുകളും പ്രസംഗങ്ങളും വായിക്കാനുള്ള ഭാഗ്യമുണ്ടായിട്ടുണ്ട്. അച്ചന്റെ കൈപ്പടയിൽ എഴുതിയ ആ കുറിപ്പുകളിലൂടെ കടന്നുപോകുമ്പോൾ തെളിനീരിൽ മുങ്ങി കയറിയ നിർവൃതിയായിരുന്നു മനസ്സിൽ. അച്ചനുമായി നേരിട്ട് പരിചയമുള്ളവരുടയെല്ലാം ഓർമ്മക്കുറിപ്പുകളിലൂടെയും കടന്നുപോവുകയുണ്ടായി. ഒരിക്കലും തളരാത്ത മനസ്സായിരുന്നു അച്ചന്റേതെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു. ഒരാൾക്ക് ഇത്രയധികം കാര്യങ്ങൾ ഒരേ സമയത്ത് ചെയ്യാനാവുന്നതെങ്ങനെയെന്ന് എല്ലാവരും അത്ഭുതപ്പെട്ടിരുന്നു. ആശ്രമ ദേവാലയത്തിന്റെ നിർമ്മാണ പ്രവർത്തനം, കൗൺസലിംഗ്, ഭവന സന്ദർശനം, ധ്യാന പ്രസംഗം, ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ കമ്മിസറി, ആശ്രമ സുപ്പീരിയർ തുടങ്ങിയ ചുമതലകൾ അദ്ദേഹം ആ സമയത്ത് ചെയ്തിരുന്നു. കടുപ്പമേറിയ ഈ ഉത്തരവാദിത്തങ്ങൾക്കിടയിലും ഏറ്റവും നിസ്സാരമായ കാര്യങ്ങളിൽ പോലും അദ്ദേഹം ശ്രദ്ധപതിച്ചിരുന്നു. പ്രാർത്ഥനകളും ഉപദേശങ്ങളും ആവശ്യപ്പെട്ടുകൊണ്ട് എഴുതിയവർക്ക് മറുപടിയായി അദ്ദേഹം എഴുതിയ കത്തുകൾ മാത്രം മതി അച്ചൻ മനുഷ്യരെ എത്ര ഗൗരവമായിട്ടാണ് എടുത്തിരുന്നത് എന്ന് മനസ്സിലാക്കാൻ. ദൂരദേശത്ത് ജോലി ചെയ്യുന്ന ഒരു യുവാവിന് അച്ചനെഴുതിയതിങ്ങനെയാണ്:

***‘ദൂരദേശത്ത് ആദ്യമായി ജോലി ചെയ്യുന്ന നിന്നെ ചില കാര്യങ്ങൾ ഓർമിപ്പിക്കാനാണ് ഈ കത്ത് എഴുതുന്നത്. അന്യദേശത്ത് സ്വന്തമായ സമ്പാദ്യവും സ്വതന്ത്രമായ ജീവിതവും പലരെയും വഴിതെറ്റിച്ചിട്ടുണ്ട്. അങ്ങനെ നിനക്ക് സംഭവിക്കാതിരിക്കട്ടെയെന്ന് ഞാൻ ആഗ്രഹിക്കുന്നു. നീ ജോലി ചെയ്യുന്നിടത്ത് ആരെയും പിണക്കരുത്. ശത്രുതയിൽ ജീവിക്കരുത്. മാസത്തിലൊരിക്കലെങ്കിലും കുമ്പസാരിച്ച് കുർബാന കൈക്കൊള്ളണം അതിൽ കൂടുതൽ സൗകര്യപ്പെടുമെങ്കിൽ അതിന് അമാന്തം കാണിക്കരുത്. ഞായറാഴ്ച്ച കുർബാന ഒരിക്കലും മുടക്കരുത്. പലവിധ ഉപദേശങ്ങളും നിർദ്ദേശങ്ങളുമായി രണ്ടുപേജിലധികം വരുന്നതാണ് ആ എഴുത്ത്.***

തന്റെ രോഗത്തെയും ആരോഗ്യ അവസ്ഥയെയും അദ്ദേഹം ഒരിക്കലും ഗൗരവമായി എടുത്തിരുന്നില്ല. ശരീരവും അസുഖവുമൊക്കെ മറന്ന് അദ്ദേഹം ഒത്തിരി കഷ്ടപ്പെട്ടു. ചെറിയ പ്രായ ത്തിൽ തന്നെ ആ ജീവിതം പൊലിഞ്ഞുപോയത് താങ്ങാനാവാത്ത അത്തരം ഭാരങ്ങൾ ആ ചുമലുകൾക്ക് ഏറ്റുവാങ്ങേണ്ടിവന്നതുകൊണ്ടുകൂടിയായിരിക്കണം. എങ്കിലും വലിയച്ചൻ ഒഴുക്കിയ വിയർപ്പൊന്നും പാഴായി പോയിട്ടില്ല. തന്റെ ജീവിതംകൊണ്ട് അച്ചൻ പകർന്നു നൽകിയ ആത്മീയ തയുടെ ദീപം ഒരു നാടു മുഴുവൻ ഒളിമങ്ങാതെ നിൽക്കുകയാണ്.


ക്രിസ്തുവിന്റെ പാതയിൽ ചരിച്ച് ക്രിസ്തുവിൽ വിശ്വസിച്ച തിയോഫിനച്ചൻ ക്രിസ്തു ചെയ്ത പ്രവൃത്തികളും ചെയ്തു. പ്രാർത്ഥനയിലൂടെ പ്രസംഗത്തിലൂടെ പ്രവൃത്തികളിലൂടെ ക്രിസ്തുവിനെ ജീവിച്ചു കാണിച്ചു തന്ന തിയോഫിനച്ചൻ വേർപിരിഞ്ഞിട്ട് അര നൂറ്റാണ്ട് കഴിഞ്ഞു. ഈ വർഷങ്ങൾക്കിടയിൽ പൊന്നുരുന്നി എന്ന അദ്ദേഹത്തിന്റെ കർമ്മഭൂമിയിൽ പലതരം മാറ്റങ്ങൾ സംഭവിച്ചു. പക്ഷേ തീയോഫിനച്ചനോടുള്ള സ്നേഹവും ആദരവും ഇന്നും മാറ്റമില്ലാതെ തുടരുകയാണ്. അന്ന് പൊന്നുരുന്നിയിലെ സമാധിയിൽ കൊളുത്തിവച്ച ദീപം ഇന്നും അണയാതെ പ്രതീക്ഷയുടെ ഒരു പ്രതീകം പോലെ നിലകൊള്ളുന്നു. പ്രത്യാശയുടെ അവസാന ചെറുതിരിയും അണഞ്ഞുപോയി എന്ന് തോന്നുമ്പോഴൊക്കെ ആ ചെറുദീപം നൽകിയ വെളിച്ചം എത്രപേരെയാണ് ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവന്നിട്ടുള്ളത്. ദൈവദാസൻ തീയോഫിൻ 2026 ഏപ്രിൽ 26-ന് ധന്യപദവിയിലേക്ക് ഉയർത്തപ്പെട്ടപ്പോൾ ആ ദീപം ഇനിയും അനേകം മനസ്സുകളെ പ്രകാശിപ്പിക്കണമെന്ന് ദൈവം മനസ്സാകുന്നു.

ചിന്താജാലകം

# ഈ ഭൂമിയിൽ ആയിരിക്കുന്നത് എന്തിനുവേണ്ടി?



ഡോ. ജോർജ് തയ്യിൽ




‘ഈ ഭൂമിയിൽ ഞാൻ ആയിരിക്കുന്നത് എന്തിനുവേണ്ടിയാണ്?’ ജീവിതലക്ഷ്യത്തിന്റെ അന്തിമമായ പൊരുൾ എന്തെന്നറിയാൻ സാധിക്കാതെ മൃത്യുവെന്ന നിഗൂഢതയിലേക്ക് വഴുതി വീണ് അപ്രത്യക്ഷമായിപ്പോകുമായിരുന്ന മൈക്കൾ ഫ്രെഡ് ഫെൽപ്സിന്റെ ജീവിതകഥ ഞാൻ പറയട്ടെ. ഒളിമ്പിക്സ് മത്സരങ്ങളിൽ നീന്തലിന് 28 മെഡലുകൾ നേടിയ വിശ്വപ്രശസ്തനാണദ്ദേഹം. മുന്നോട്ടു കുതിച്ചുകൊണ്ടിരിക്കുന്ന ജീവിതത്തിന്റെ ആത്യന്തികമായ ലക്ഷ്യത്തെ ആധാരമാക്കി റിക്ക് വാറൻ എന്ന അമേരിക്കൻ പാസ്റ്റർ 2002-ൽ പ്രസിദ്ധീകരിച്ച വിഖ്യാത ഗ്രന്ഥത്തിലെ ഏറ്റവും പ്രസക്തമായ ചോദ്യമാണ്- ‘ഈ ഭൂമിയിൽ ഞാൻ ആയിരിക്കുന്നത് എന്തിനുവേണ്ടിയാണ്?’ ആയിരം തുണ്ടുകളായി ചിതറിക്കിടക്കുന്ന ജീവിതത്തിലെ പളുങ്കുമണികൾ തപ്പിയെടുത്ത് നാല്പതു ദിവസങ്ങളിലൊതുങ്ങുന്ന ഒരു ധ്യാനാത്മക യാത്രയാണ് റിക്ക് വാറൻ ഈ പുസ്തകത്താളുകളിൽ കോറിയിടുന്നത്.

ഓരോ മനുഷ്യരുടെയും ഇഹലോക ജീവിതത്തിൽ സഫലീകൃതമാകാൻ ദൈവം ആഗ്രഹിക്കുന്ന അഞ്ച് പ്രധാന ലക്ഷ്യങ്ങളുടെ വിശകലനമാണ് ഈ ഗ്രന്ഥമെന്ന് വേണമെങ്കിൽ പറയാം. അക്കരെയെത്താൻ നീന്തിത്തളരുന്ന ഒരു തീക്കടലിൽ നിന്ന് എങ്ങനെയാണ് കരകയറുക? മനസ്സിനെ വിഷാദത്തിന്റെയും പരിഭ്രാന്തിയുടെയും ഊഷരഭൂമിയിലേക്കു ദാരുണം വലിച്ചിഴച്ചുകൊണ്ടുപോകുന്ന നിമിഷങ്ങളുടെ അസ്വസ്ഥത അനുഭവപ്പെടാത്തതായി ആരുണ്ട് ഈ ഭൂമുഖത്ത്? അത്തരം ആൾക്കാർക്കു വേണ്ടി രചിക്കപ്പെട്ട ഗ്രന്ഥം മാറ്റിമറിച്ചത്, വിജയങ്ങളുടെ നെറുകയിൽ എത്തി എന്ന് സ്വയം അഭിമാനിച്ച പലരുടെയും തകർന്ന ജീവിതദർശനങ്ങളെയാണ്. കടുത്ത നൈരാശ്യത്തിലും വിഷാദരോഗത്തിലും അകപ്പെട്ട് ജീവിതത്തിനു തന്നെ അറുതി വരുത്താൻ ഒരുമ്പെട്ട അവർ അത്ഭുതകരമായി പുതിയൊരു ഉൾക്കാഴ്ചയിലേക്ക് തിരിച്ചെത്തി.

ഞാൻ പറഞ്ഞു വരുന്നത്, 1985 ജൂൺ 30-ാം തീയതി അമേരിക്കയിലെ മെറിലാന്റിൽ ജനിച്ച്, ഒളിമ്പിക് മത്സരങ്ങളിൽ നീന്തലിന് 28 മെഡലുകൾ നേടിയ മൈക്കൾ ഫ്രെഡ് ഫെൽപ്സിനെപ്പറ്റിത്തന്നെ. നേടിയ 28 മെഡലുകളിൽ 23 ഉം സ്വർണ്ണ മെഡലുകൾ. പത്താം വയസ്സിൽ തുടങ്ങിയതാണ് നീന്തൽ കുളത്തിലെ വിജയഗാഥയുടെ ചരിത്രം. പറക്കും മത്സ്യമെന്ന് അയാളെ എല്ലാവരും വിളിച്ചു. 2012 -ലെ ലണ്ടൻ ഒളിമ്പിക്സിൽ മെഡലുകൾ ഏറെ വാരിക്കൂട്ടി ലോകത്തിൽ അതുവരെ ആർക്കും സാധിക്കാത്തവിധം വിജയത്തിന്റെ വെന്നിക്കൊടി പാറിച്ചശേഷം തന്റെ മുമ്പിലിരുന്ന സ്വർണ്ണമെഡലുകളെ നോക്കി ആ ചെറുപ്പക്കാരൻ പക്ഷേ പൊട്ടിക്കരയുകയാണ് ചെയ്തത്. ഇനിയും നേടിയെടുക്കാൻ മെഡലുകൾ ബാക്കിയില്ല എന്നു തോന്നിയ അയാൾ തന്റെ മുമ്പിൽ ഒടുങ്ങി നിൽക്കുന്ന ജീവിതത്തിന്റെ സ്വാർത്ഥതയെ ഓർത്ത് വ്യാകുലപ്പെട്ടു. അതെ, അയാൾ കടുത്ത വിഷാദത്തിലേക്കും നൈരാശ്യത്തിലേക്കും പതിച്ചു. തനിക്ക് 9 വയസ്സ് മാത്രമുള്ളപ്പോൾ അമ്മയെ ഉപേക്ഷിച്ചുപോയ അപ്പനെപ്പറ്റിയുള്ള ഓർമ്മകൾ മൈക്കൽ ഫെൽപ്സിന്റെ മനസ്സിൽ ഉണങ്ങാത്ത മുറിവുകളുണ്ടാക്കിയിരുന്നു.

വിഷാദരോഗത്തെ അതിജീവിക്കാൻ സാധിക്കാതെ അയാൾ മയക്കുമരുന്നുകൾക്കും മദ്യത്തിനും അടിമപ്പെട്ടു. മദ്യപിച്ച് വാഹനമോടിച്ചതിന് പോലീസ് അയാളെ

അറസ്റ്റ് ചെയ്തു. താൻ തകർന്ന ടിഞ്ഞ ഒരു വാഹനമാണെന്നും തനിക്ക് തന്നോടുതന്നെയുള്ള മതിപ്പും ആദരവും നഷ്ടപ്പെട്ടെന്നും അയാൾ പത്രക്കാരോട് പറഞ്ഞു. ഇരുളടഞ്ഞ മുറികളിൽ ഒന്നും കഴിക്കുകയോ കുടിക്കുകയോ ചെയ്യാതെ ദിനരാത്രങ്ങൾ അയാൾ തള്ളിനീക്കി. ഇരുട്ടിനോടും മൃത്യുവിനോടും പോരാട്ടം നടത്തി പരാജയം ഏറ്റുവാങ്ങിയ അയാൾ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ച നിമിഷങ്ങളിലാണ് പെട്ടെന്ന് സുഹൃത്തായ റെലെവീസ് രംഗത്തു വരുന്നത്. അദ്ദേഹം മൈക്കളിനെ നിർബന്ധിച്ച് ഒരു റീഹാബിലിറ്റേഷൻ സെന്ററിൽ എത്തിച്ചു. വായിക്കാൻ ഒരു പുസ്തകവും കൊടുത്തു. ആ പുസ്തകമാണ് റിക്ക് വാറൻ രചിച്ച 'ദി പർപ്പസ് ഡ്രിവൺ ലൈഫ്;' ഈ ഭൂമിയിൽ മനുഷ്യൻ ആയിരിക്കുന്നത് എന്തിനുവേണ്ടിയാണ് എന്ന് വിവരിച്ചു കൊടുക്കുന്ന ഗ്രന്ഥം.

ജീവിതത്തിന്റെ ആത്യന്തിക ലക്ഷ്യമെന്തെന്ന് വിവരിച്ചു കൊടുക്കുന്ന ആ ഗ്രന്ഥം അയാളുടെ ജീവിതത്തെ മാറ്റിമറിച്ചു. സ്വയം നേട്ടങ്ങളും പുരസ്കാരങ്ങളും വാരിക്കൂട്ടുന്നതല്ലാതെ തന്നെക്കൊണ്ട് ഈ ഭൂമുഖത്ത് പ്രത്യേകമായൊരു ലക്ഷ്യമുണ്ടെന്ന് അയാൾ തിരിച്ചറിഞ്ഞു. സ്വന്തം നേട്ടങ്ങളുടെ ലഹരിയിൽ സ്വയം മതിമറക്കുമ്പോഴല്ല ജീവിതം സാക്ഷാത്കരിക്കപ്പെടുന്നത്, അത് മറ്റുള്ളവർക്കു കൂടി പ്രയോജനകരമാംവിധം പുനർജനിക്കുമ്പോഴാണെന്ന് അയാൾ മനസ്സിലാക്കി. മനുഷ്യൻ ആരാവണം എന്ന് ദൈവം നിർദ്ദേശിക്കുന്ന അഞ്ചു പ്രസ്താവനകൾ ഉൾക്കൊള്ളുന്ന ആ ഗ്രന്ഥം മൈക്കലിന്റെ മനസ്സിൽ പുതിയ പ്രകാശകിരണങ്ങളുണ്ടാക്കി.

ദൈവത്തിലുള്ള അടിയുറച്ച വിശ്വാസം നൽകുന്ന പരമമായ ശാന്തതയും സമാധാനവും സംതൃപ്തിയും അയാൾ അനുഭവിച്ചു. അങ്ങനെ, കത്തിച്ചാമ്പലായ ഒരു ഫീനിക്സ് പക്ഷിയെപ്പോലെ ചാരത്തിൽ നിന്ന് അതിശക്തമായി മൈക്കൾ ഫെൽപ്സ് എന്ന മുപ്പതുകാരൻ ഉയിർത്തെഴുന്നേറ്റു. 2016-ലെ റിയോ ഒളിമ്പിക്സിൽ അയാൾ വീണ്ടും പങ്കെടുത്തു. പതിവുപോലെ മെഡലുകൾ വാരിക്കൂട്ടി. നല്ലൊരു കുടുംബനാഥനായും സാമൂഹ്യപ്രവർത്തകനായും തന്റെ 'മൈക്കൾ ഫെൽപ്സ് ഫൗണ്ടേഷനി'ലൂടെ മറ്റുള്ളവർക്ക് നന്മചെയ്തുകൊണ്ട് ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു. തനിക്ക് ദൈവം ദാനമായി നൽകിയ കഴിവുകൾ അശരണരായ സഹജീവികൾക്കു കൂടി പ്രയോജനപ്പെടത്തക്കവിധം സംവിധാനം ചെയ്യപ്പെട്ടപ്പോൾ സ്രഷ്ടാവിന്റെ മുമ്പിൽ അയാൾ ഒളിമങ്ങാത്ത ഒരു പ്രകാശ ഗോപുരമായി മാറി. അതെ, ഈ ഭൂമിയിൽ 'അയാൾ ആയിരിക്കുന്നത് എന്തിനുവേണ്ടി' യാണ് എന്ന് തിരിച്ചറിഞ്ഞ നിമിഷം.

ജീവിതത്തിന്റെ ഒറ്റയടിപ്പാതയിലൂടെ സഞ്ചരിച്ചു വിധികൃതമായ ദുരന്തം ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ടവർ തകർന്ന് തരിപ്പണമാകുംമുമ്പ് ഒരുവേള മനസ്സിരുത്തി വായിക്കേണ്ട ഉത്കൃഷ്ട ഗ്രന്ഥമാണ് റിക്ക് വാറന്റെ 'ദി പർപ്പസ് ഡ്രിവൺ ലൈഫ്.' ഒരേ സമയം ആകർഷിക്കുകയും വികർഷിക്കുകയും ചെയ്യുന്ന, ധ്രുവങ്ങൾ അപ്രതീക്ഷിതമായി മാറിമറിയുന്ന അത്ഭുതകാന്തം പോലെ ചുറ്റും മനുഷ്യർ. അവരുടെ ഇടയിൽ നിർന്നിമേഷനായി തലകുനിച്ചു നിൽക്കുന്ന നമ്മളോട് റിക്ക് വാറൻ പറയുന്നു, 'ജീവിതത്തിന്റെ ലക്ഷ്യം നാം നിർമ്മിക്കുന്നത് അല്ല; ആദ്യം കണ്ടെത്തേണ്ടതാണ്.' അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യജീവിതം പ്രധാനമായും അഞ്ച് അടിസ്ഥാന ലക്ഷ്യങ്ങൾ നിറവേറ്റാനുള്ളതാണ്.

***ദൈവത്തെ അറിയാനും ആരാധിക്കാനും:*** മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ദൈവവുമായി അഭേദ്യമായ ഒരു ബന്ധം സ്ഥാപിക്കാനാണ്. ജീവിതത്തിൽ പരമമായ സമാധാനവും സന്തോഷവും ദൈവത്തെ തിരിച്ചറിയുന്നതിലൂടെ സംജാതമാകുന്നു. ദൈവത്തോടുള്ള നന്ദിയും വിശ്വാസവും ജീവിതത്തെ ദിശാബോധമുള്ളതാക്കുന്നു.

***സ്നേഹബന്ധങ്ങൾ സ്ഥാപിക്കാൻ:*** മനുഷ്യൻ ഒറ്റയ്ക്ക് ജീവിക്കാൻ സൃഷ്ടിക്കപ്പെട്ടവനല്ല. കുടുംബം, സുഹൃത്തുക്കൾ, സാമൂഹ്യബന്ധങ്ങൾ ഇവയിലൂടെ സഹജീവികളോടുള്ള സ്നേഹവും കരുതലും വളരുന്നു. ജീവിതത്തിന്റെ സംതൃപ്തിയും സന്തോഷവും ഒറ്റപ്പെട്ട നേട്ടങ്ങളിൽ അല്ല, ഒരുമിച്ചുള്ള ബന്ധങ്ങളിലെ വളർച്ചയിലും തളർച്ചയിലും അന്തർലീനമായിരിക്കുന്നു.

***പ്രകൃതി അനന്തവും അജ്ഞാതവുമായ ഉദ്ദേശ്യങ്ങളുടെ നിലവറയാണ്.*** ജീവിതത്തിലെ തീക്ഷ്ണമായ പരീക്ഷണങ്ങളും കഷ്ടപ്പാടുകളും മനുഷ്യന്റെ സ്വത്വത്തെ രൂപപ്പെടുത്തുന്നു. ധൈര്യം, സഹനം, കരുണ, വിനയം തുടങ്ങിയ മാനുഷിക ഗുണങ്ങൾ ജീവിതാനുഭവങ്ങളിലൂടെ വളരുന്നു

***മറ്റുള്ളവരെ സേവിക്കാൻ:*** ഓരോ മനുഷ്യനും ജനിക്കുന്നത് സവിശേഷ കഴിവുകളോടെയാണ്. ആ കഴിവുകൾ മറ്റുള്ളവർക്കു കൂടി പ്രയോജനകരമാകത്തക്ക രീതിയിൽ ക്രിയാത്മകമാകുമ്പോൾ ജീവിത വിജയത്തിന്റെ വ്യാപ്തിയും സമ്പുഷ്ടതയും പതിന്മടങ്ങാകുന്നു. സഹജീവികളോട് കരുണയും അനുകമ്പയും കാണിക്കുന്നതിലൂടെയാണ് സ്വന്തം കഴിവുകളുടെ വർണ്ണപ്പൊലിപ്പ് അഗ്നിച്ചിറകുകളായി പ്രകാശിക്കുന്നത്.

***നന്മയുടെ സന്ദേശം പങ്കുവയ്ക്കാൻ:*** മനുഷ്യൻ ആസ്വദിക്കുന്ന ഐശ്വര്യവും സമ്പത്തും അശരണരുമായി പങ്കുവയ്ക്കുമ്പോൾ നന്മയുടെയും കരുതലിന്റെയും കറപുരളാത്ത സന്ദേശമാണ് സമൂഹത്തിൽ പടരുന്നത്.

ജീവിതപന്ഥാവിൽ ഓരോരുത്തർക്കും മറ്റുള്ളവരെ സഹായിക്കാനും സേവിക്കാനും നിരവധി അവസരങ്ങൾ ലഭിക്കാറുണ്ട്. സ്വജീവിതത്തെ അർത്ഥവത്താക്കുന്നത്. അത് മറ്റൊരാളുടെ ജീവിതത്തിൽ പ്രകാശമാകുമ്പോഴാണ്. അപ്പോഴാണ് യഥാർത്ഥ സന്തോഷവും സംതൃപ്തിയും ഇതൾവിരിയുന്നത്.



*Prayerful greetings*



Parish Priest & Parishioners
St.Francis Assist Cathedral
Ernakulam
Mob.9496177873







**Parish Priest**
**Amalolbhavamatha Church, VALLUVALLY**

**ബുധനാഴ്ചകളിലെ തിരുകർമ്മങ്ങൾ**
രാവിലെ 6.15 ന് ദിവ്യബലി, നൊവേന, ആരാധന രാവിലെ 10.30 ന് ദിവ്യബലി, നൊവേന, ആരാധന, നേർച്ചഭക്ഷണം വൈകിട്ട് 6.00 ന് ദിവ്യബലി, നൊവേന, ആരാധന

ഞായറാഴ്ച ദിവ്യബലി രാവിലെ 6.15 ന്, 8.15 ന് വൈകിട്ട് 6.00 ന്
സാധാരണ ദിവസങ്ങൾ ദിവ്യബലി രാവിലെ 6.15 ന്, വൈകിട്ട് 6.00 ന്



*Showers of Divine blessings*
**through the intercession of**
# Venerable Fr. Theophine
**on St. Francis of Assisi Capuchin Province Kerala.**

# വല്ല്യച്ചൻ



ഫാ. എബിജിൻ അറക്കൽ



കൂടല്ലൂർ കുടുംബാരാമത്തിൽ വിരിഞ്ഞ പുണ്യസൂനം –
വീട്ടുകാരുടെ പ്രിയ മിഖേലൂട്ടി!
'ദൈവത്തിന്റെ വെളിപ്പെടുത്തലാകാൻ' തിയോഫിനായി!
നീതിസൂര്യന്റെ പൊൻകിരണങ്ങളേറ്റ്
പ്രഭയോടെ മിന്നുന്ന താരമാകാൻ കൊതിച്ചു.
തന്നിളം കൈകൂപ്പി അൾത്താരമുന്നിൽ
എന്നും കൊതിയോടെ കാത്തുനിന്നു.
'എന്നെ അനുഗമിക്കുക'യെന്ന ഉൾവിളിക്കു–
ത്തരം നൽകി മൈക്കിൾ സെമിനാരി പൂകി.
നിസ്വരിൽ നിസ്വനാം ഫ്രാൻസിസിൻ പാതയിൽ
യേശുവിൻ ചാരത്തിരിക്കാൻ അഭിലഷിച്ചു.
ആത്മീയ താതനാം അട്ടിപ്പേറ്റിയച്ചന്റെ
ആത്മീയ സാമീപ്യം അനുഗ്രഹമാരിയായ്.
കപ്പൂച്ചിൻ സന്ന്യാസജീവിത വഴിയിലെ
ഉത്തമ സന്ന്യാസിയായ് മാറി തിയോഫിനച്ചൻ!
ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലാകാൻ
സർവ്വം സമർപ്പിച്ചാ സന്ന്യാസവര്യൻ!
മുറിവേറ്റ ഹൃദയങ്ങൾ തൊട്ടു സുഖമാക്കുന്ന
വൈദ്യനാം വല്ല്യച്ചനായി പിന്നെ തിയോഫിനച്ചൻ!
നടവഴികളിൽ സദാ കരുണ ചൊരിയുന്ന
യേശുവിൻ പാദങ്ങൾ പിഞ്ചെന്ന വല്യച്ചൻ
ഏറ്റം വിനീതനായ് സോദരൻ ഫ്രാൻസിസിൻ
ശ്രേഷ്ഠനാം ശിഷ്യനായ് സുവിശേഷമേകി.
വീടുകൾ താണ്ടുവാൻ ക്ലേശം സഹിക്കിലും
കാലുകൾ മുറിവിനാൽ നന്നേ വേദനിക്കിലും
ആത്മീയ നിറവോടെ സാന്ത്വനമേകുന്ന
പുണ്യ സാന്നിധ്യമായ് ദരിദ്രനാം വല്യച്ചൻ!
ആതിഥ്യമേകിയാശ്വാസം നൽകുന്ന
അഭയ കേന്ദ്രമായിന്നും പ്രകാശിക്കും തിയോഫിനച്ചൻ!
തൻസുകൃത നിക്ഷേപങ്ങൾക്കു ദൈവത്തിൻ സമ്മാനമായ്
വിശുദ്ധ വഴിയിലിതാ ധന്യനായ് തിയോഫിനച്ചൻ!

# സോഫ്റ്റ് & ഹാർഡ് കോൾ



ഫാ. ഷാമിൽ ജോസഫ്

വരാപ്പുഴ അതിരൂപത അംഗമായ ജോൺ ക്രിസ്റ്റഫർ വടശ്ശേരി അച്ചന്റെ ദൈവവിളി കഥ അതി വിശിഷ്ടമാണ്. തന്റെ കുട്ടിക്കാ ലത്തെ കുറിച്ചുള്ള ദൈവവിളി ഓർമ്മകൾ ജോണച്ചൻ ഓർത്തെടു ക്കുന്നത് ഇങ്ങനെ യാണ്. 'കുഞ്ഞുനാളിൽ ഒരു മിഷണറി ആകണം എന്നുള്ള ആഗ്രഹം എന്നിൽ എപ്പോഴും നിലനിന്നിരുന്നു. കാരണം അനേകം മിഷണറിമാരുടെ ജീവിതവും അവരുടെ അനുഭവ ങ്ങളും വൈദികരിലൂടെയും സന്ന്യസ്തരിലൂടെയും അപ്പൂപ്പനി ലൂടെയും അമ്മൂമ്മയിലൂടെയും ഒക്കെ കേൾക്കാൻ ഇടയായിട്ടുണ്ട്. അതുകൊണ്ടുതന്നെ ഈശോയുടെ സ്നേഹവും സുവിശേഷവും മറ്റുള്ള വരിലേക്ക് എത്തിക്കുന്നതിന് വേണ്ടി ദേശം വിട്ടു സുവിശേഷം പ്രഘോഷി ക്കണം എന്നുള്ള ആഗ്രഹം ഉള്ളിൽ നിലനിന്നിരുന്നു. ഒപ്പം പാവപ്പെട്ടവർക്ക് വേണ്ടി എന്തെ ങ്കിലുമൊക്കെ ചെയ്യണമെന്നും മദർ തെരേസയുടെ ജീവിതവും ഒക്കെ ഒരുപാട് സ്വാധീനിച്ചു.'

അങ്ങനെയിരിക്കവെയാണ് പത്താം ക്ലാസ് കഴിയുമ്പോഴേക്കും സി .എസ്.എസ്.ടി. സന്ന്യാസിനി സഭാംഗമായ സിസ്റ്റർ ജൂഡ് ദൈവവിളി ക്യാമ്പിനെ കുറിച്ച് വീട്ടിൽ അറിയിക്കുന്നത്. അങ്ങനെ ദൈവവിളി ക്യാമ്പിൽ പങ്കെടുത്തു. സെമിനാരിയിൽ കയറാൻ സെല ക്ഷനും ലഭിച്ചു. മാതാ പിതാ ക്കൾക്ക് എതിർപ്പൊന്നും ഇല്ലാ യിരുന്നെങ്കിലും ബന്ധുക്കളിൽ ചിലരുടെ എതിർപ്പുകൾമൂലം സെമിനാരി പ്രവേശനം നടന്നില്ല. എന്നിരുന്നാലും മിഷനറി ആകണമെന്നുള്ള ആഗ്രഹം ഉള്ളിലെപ്പോഴുമുണ്ടായിരുന്നു. അന്നത്തെ റെക്ടർ ആയിരുന്ന മോൺസിഞ്ഞോർ ജോസഫ് തണ്ണിക്കോട്ട് പറഞ്ഞു കൊടുത്ത ഒരു പ്രാർത്ഥന ജോൺ അച്ചൻ എപ്പോഴും ചൊല്ലുമായിരുന്നു: 'ദൈവമേ നീ എന്നെ എന്താക്കാൻ ആഗ്രഹിക്കുന്നുവോ അതാക്കി തീർക്കണമേ'.

ജീവിതം മുന്നോട്ടു പോയി. ഡിഗ്രി കഴിഞ്ഞപ്പോഴേക്കും മിഷണറി ആകണം എന്നുള്ള ആഗ്രഹ ത്തോടുകൂടി മദർ തെരേസയുടെ സഭയിൽ ചേരട്ടെ എന്ന് അമ്മ യോട് ചോദിക്കുന്നു. എന്നാൽ അമ്മ അന്ന് സങ്കടപ്പെട്ടതോർ ത്തപ്പോൾ ആഗ്രഹവും അവിടെ അവസാനിക്കുന്നു. ജീവിതം പിന്നെയും മുന്നോട്ട്. സോഫ്റ്റ് വെയർ മേഖലയിൽ പിജി ഡിപ്ലോമ എടുത്തു. പിന്നീട് ഒരു ഐടി സ്റ്റാർട്ട് അപ് കമ്പനിയിൽ ജോലി ലഭിച്ചു. മൂന്നുവർഷം ഈ സ്ഥാപനത്തിൽ ജോലി ചെയ്ത് അതിനുശേഷം മിഷനറി ഓഫ് ചാരിറ്റിയിൽ ജോയിൻ ചെയ്യാ മെന്ന് ജോൺ ആഗ്രഹിച്ചു. എന്നാൽ ജോലി ആരംഭിച്ച തോടുകൂടി ആ കമ്പനിയിലെ ഒരു അവിഭാജ്യ ഘടകമായി ജോൺ മാറുകയാണ്. ജോലി മേഖല വലിയ അവസരങ്ങൾക്ക് വഴി തുറന്നു. ആദ്യ രണ്ടു വർഷം, മിഷനറി ആകണമെന്നുള്ള



ആഗ്രഹമൊക്കെ മാറിപ്പോയി. എന്നാൽ മൂന്നാം വർഷം ദൈവത്തിന്റെ ചില ഇടപെടലുകൾ തിരികെ ദൈവവിചാരത്തിലേക്കും ഒരു ധ്യാനത്തിലേക്കുമൊക്കെ കൂട്ടിക്കൊണ്ടുവന്നു. അപ്പോൾ മുതൽ സ്ഥിരമായി ബൈബിൾ വായിക്കുമായിരുന്നു.

അതുവരെ ബൈബിൾ വചനങ്ങൾ കാണാതെ പഠിച്ചിട്ടില്ലാതിരുന്ന ജോണിനെ ഒരു ദിവസം കർത്താവ് ഒരു വചനം പഠിപ്പിക്കുകയാണ്. ഒരു ദിവസം രാവിലെ, റോമാ ക്കാർക്ക് എഴുതിയ ലേഖനം എട്ടാം അധ്യായം 28-ാം വാക്യം "ദൈ വത്തെ സ്നേഹിക്കുന്നവർക്കും അവിടത്തെ പദ്ധതിക്കായി വിളിക്ക പ്പെട്ടവർക്കും എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കപ്പെടും" എന്ന വചനവും വാക്യവും ദൈവം കൃത്യമായി ജോണിന് നൽകുന്നു.

പിന്നീട് ചെന്നൈയിൽ ഒരു ഓവർസീസ് കമ്പനിയിൽ ജോലി ചെയ്യാനുള്ള അവസരം

ലഭിക്കുന്നു. ആയിടക്ക് എപ്പോൾ ബൈബിൾ എടുത്തു തുറന്നു നോക്കിയാലും, എഴുന്നേറ്റ് ഡമാസ്ക സിൽ പോകുക എന്നുള്ള വചനഭാഗം ലഭിക്കുമായിരുന്നു. എന്നാൽ അന്ന് ജോണിന് അറിയി ല്ലായിരുന്നു ജോണിന്റെ ഡമാസ്കസ് ചെന്നൈ ആയിരുന്നെന്ന്. ചെന്നൈയിൽനിന്ന് യുഎസിൽ പോയി അവിടെ ഒരു ക്ലൈന്റിനെ സപ്പോർട്ട് ചെയ്യാനുള്ള ഒരു ഗോൾഡൻ ഓഫർ ജോണിന് വരികയാണ്. എന്നാൽ ആ ഓഫർ വലിയ ഹൃദയഭാരമായി അവശേഷിച്ചു. തീരുമാന മെടുക്കാൻ ഒരു ദിവസം കൂടി വേണമെന്ന് കമ്പനി മേലധികാരികളോട് പറഞ്ഞു.

***ആ ദിവസം ജീവിതത്തിൽ നിർണായക ദിവസമായിരുന്നു. ഒരുപാട് സാധ്യതകൾ ഒരു വശത്ത്, മറുവശത്ത് ദൈവം എന്തോ പ്രചോദിപ്പിക്കുന്നു എന്ന തോന്നൽ. വലിയ സംശയത്തിന്റെ ഒരു ദിവസം. അന്ന് പരിശുദ്ധ കുർബാനയുടെ മുൻപിൽ ചെലവഴിക്കാൻ തീരുമാനിച്ചു. പ്രാർത്ഥനാ മുഖരിതമായ ആരാധനാ ദിവസമായി അന്ന് മാറി. അന്ന് വൈകുന്നേരം ബോധ്യങ്ങളുടെ സായാഹ്നം ആയിരുന്നു. നീ എനിക്ക് നൽകിയിരിക്കുന്ന വാഗ്ദാനം മറ്റുള്ളവരുടെ മുൻപിൽ പ്രഘോഷിക്കുക എന്നുള്ള വലിയ ബോധ്യം.***

പിറ്റേന്ന് കമ്പനിയിൽ ചെന്ന് പറഞ്ഞു, അമേരിക്കൻ അസൈൻ മെന്റിന് വേറെ ആരെയെങ്കിലും നോക്കിക്കൊള്ളുക ഞാൻ അധികംനാൾ ഈ കമ്പനിയിൽ ഉണ്ടാവുകയില്ല. വലിയ തീരുമാനങ്ങൾ മാതാപിതാക്ക ളോട് സംസാരിച്ചു മാത്രമാണ് ജോൺ അതിനുമുമ്പ് എടുത്തിരുന്നത്. എന്നാൽ ഈ കാര്യത്തിൽ അവരോട് തന്നെ ജോൺ പറയുന്നത് രണ്ടാഴ്ചയ്ക്കുശേഷമായിരുന്നു. ഈ തീരുമാനം വീട്ടിൽ ഒരുപാട് അസ്വസ്ഥതകൾക്ക് കാരണമായി. 30 വയസ്സുള്ള ഒരാൾക്ക് ലഭിക്കാവുന്ന ഏറ്റവും നല്ല സാധ്യതയായിരുന്നു അമേരിക്ക. മാതാപിതാക്കളും ബന്ധുക്കളും സുഹൃത്തുക്കളും എല്ലാം തന്റെ തീരുമാനം മണ്ടത്തരമാണെന്ന് പറഞ്ഞു. ഒരുപാട് ചോദ്യങ്ങളും എതിർപ്പുകളും നേരിടേണ്ടി വന്ന സമയം. 2004 – 2005 കാലഘട്ടമായിരുന്നു ഇത് നടക്കുന്നത്. ഐടി മേഖല വലിയ ഉയർച്ചകൾ കൈവരിക്കുന്ന സമയം. എല്ലാവരും അമേരിക്കയിലേക്ക് പോകാൻ കൊതിക്കുന്ന സമയം.

എന്നാൽ മുന്നിലുള്ള എല്ലാ പ്രലോഭനങ്ങളെയും അമേരിക്കയിലെത്തി വലിയൊരു പൊസിഷനിൽ എത്താനുള്ള സാധ്യതയും ഇട്ടെറിഞ്ഞു കർത്താവിനെ പിഞ്ചെല്ലാനുള്ള ആത്മാവിന്റെ ആഗ്രഹം തീവ്രമായിരുന്നു.

അങ്ങനെ മദർ തെരേസയുടെ സഭയിൽ ചേരാനുള്ള ആഗ്രഹവുമായി ഒരുങ്ങി ഇരിക്കവേ അച്ചന്റെ മെന്റർ കൂടിയായ സിസ്റ്റർ സാവിയോ അല്പംകൂടി പ്രാർത്ഥിച്ചു ആ തീരുമാനത്തിലേക്ക് പോകാം എന്നും 15 ദിവസം നിയോഗം സമർപ്പിച്ച് ഒരുമിച്ചു പ്രാർത്ഥിക്കാം എന്നും പറഞ്ഞു.
15 ദിവസങ്ങൾക്ക് ശേഷം ജോണിന് ലഭിക്കുന്ന വചനം ഇങ്ങനെയായിരുന്നു : നിന്റെ നാട്ടിൽനിന്നും ബന്ധുക്കളിൽ നിന്നും നീ പുറപ്പെട്ട് ഞാൻ കാണിച്ചുതരുന്ന ദേശത്തേ ക്കുപോവുക. (അപ്പ. പ്രവർത്ത നങ്ങൾ 7:3) സിസ്റ്ററിനും അത്ത രത്തിലുള്ള ഒരു ബോധ്യം തന്നെയാണ് ലഭിച്ചത്. എന്നാൽ ബ്രദർഹുഡിലേക്ക് പോകാതെ പൗരോഹിത്യ വഴി തിരഞ്ഞെടു ക്കാൻ സിസ്റ്റർ നിർദ്ദേശിച്ചു.

പിന്നീട് വികാരിയച്ചൻ മോൺ. ആന്റണി കളത്തിവീട്ടിലിനെ കണ്ട് മൈനർ സെമിനാരി റെക്ടർ ആയിരുന്ന ജോസഫ് കാരിക്കശ്ശേരി പിതാവിനെ സമീപിക്കുന്നു. അങ്ങനെ ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് ജോണിനെ സെമിനാരിയിലേക്ക് സ്വീകരിക്കുന്നു. 31 വയസ്സുള്ള ഒരു ചെറുപ്പക്കാരൻ 15 വയസ്സ് പ്രായമുള്ള ബാക്കി ഇനിസി യേഷൻ സ്റ്റുഡന്റ്സിനോടൊപ്പം ഫോർമേഷൻ ആരംഭിക്കുന്നു. റീജൻസി കാലഘട്ടം മറ്റൊരു ദൈവിക ഇടപെടലായി ജോണച്ചൻ ഓർത്തെടുക്കുന്നു. ജീസസ് യൂത്ത് ഫുൾടൈമറായി മണിപ്പൂരിൽ പോകാനുള്ള അവസരം ദൈവം നൽകുന്നു. യുവാ ക്കളുമായി ദൈവത്തെ കുറിച്ച് സംസാരിക്കാനും, കുഞ്ഞുനാളിലെ ആഗ്രഹമാ യിരുന്ന മിഷനറിയായി സുവിശേഷം പ്രസംഗിക്കാനും ഒക്കെയുള്ള അവസരം ദൈവം നൽകുന്നു. പൂനെ പേപ്പൽ സെമി നാരിയിലെ പഠനവും പുതിയ ആധ്യാത്മിക മേഖലകൾ തുറന്നു കൊടുത്തു.

ദൈവം തെരഞ്ഞെടുത്ത ഈ ദാസൻ അങ്ങനെ 2014 ഏപ്രിൽ 24-ാം തീയതി അഭിവന്ദ്യ ഫ്രാൻസിസ് കല്ലറക്കൽ പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു. വലിയ സോഫ്റ്റ്‌വെയർ ജോലി ക്കാരൻ ആയി അമേരിക്കയിൽ പോകേ ണ്ടിയിരുന്ന ഒരാൾ അതിനേക്കാൾ ആയിരം മടങ്ങ് സംതൃപ്തിയോടെ കർത്താവിനുവേണ്ടി ജോലിക്കാരനായി മാറിയതാണ് ജോൺ അച്ചൻ. ***ദൈവ വഴികൾ എപ്പോഴും അങ്ങനെയാണ്. ഒത്തിരി സോഫ്റ്റ് ആയി ദൈവകരുണയെപറ്റി സംസാരിക്കുന്ന ഈ മനുഷ്യൻ പൗരോഹിത്യം എന്ന തന്റെ വഴിയിലേക്ക് എത്താൻ ഹാർഡ് ആയി പല 'നോ'കളും പറഞ്ഞു. ദൈവസുവിശേഷം പ്രസംഗിക്കുന്ന പുതിയ വഴികളും കോഡുകളും ജോൺ ക്രിസ്റ്റഫർ അച്ചനിലൂടെ വരാപ്പുഴ അതിരൂപത എന്നും അനുഭവിക്കുന്നു.***

കവിത

# സ്നേഹപുഷ്പം



ജൂഡ്സൺ സെക്വേര



ശുഷ്കമാം ശാഖയിൽ പൂത്ത കുസുമമേ
നിറയുന്ന നറുമണം തൂകുന്ന
നിശബ്ദതയിൽ എളിമയും ക്ഷമയും സ്നേഹവും
കോർത്തിണക്കി തൻ കുടുംബത്തെ പോറ്റി.
മാനവർ തൻ മാതൃകയാം പിതാവേ ഔസേപ്പിതാവേ
തച്ചന്റെവേലയും തുച്ഛമായി കാണാതെ മെച്ചമായി
ലാളിച്ച വേലയും ഇമ്പമായി തൊഴിലിൻ മഹാത്മ്യത്തെ തുറന്നുകാട്ടി
തൊഴിലാളി മദ്ധ്യസ്ഥനായി മാറി.
ദീനത്താൽ വലഞ്ഞിടും ഭയന്നിടും മരണത്താൽ
മക്കളിൽ ചൊരിഞ്ഞിടുന്നു ആത്മീയ വെട്ടത്തിൻ തിരിനാളങ്ങൾ.
പിടയുന്ന മനുജന് ആശ്വാസമേകി
മക്ഷാനന്ദഭാഗ്യം നൽകിടുന്നു.
നൽമരണ മദ്ധ്യസ്ഥനായിടുന്നു
തിരുക്കുടുംബത്തിൻ സ്വർഗ്ഗീയ മദ്ധ്യസ്ഥനായിടുന്നു.

CARTOON **DEEPTHI** | **മെയ്ദിനം** | John Kakkanad



# ഗ്രാൻഡ് ഷെവലിയർ പ്രൊഫ. L.M പൈലി

## *ഒരു അനുസ്മരണം*

***ഷെവ. L.M. പൈലി മൺമറഞ്ഞിട്ട് നീ 39 വർഷങ്ങൾ മെയ് 25 ന് പൂർത്തിയാവുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ അനുസ്മരണമാണ് ഈ ലേഖനം.***



റീന റാഫേൽ
കറുകയിൽ
തൈക്കൂടം

ലത്തീൻ കത്തോലിക്കാ സഭ, സമൂഹത്തിനും രാഷ്ട്രത്തിനും ചെയ്തിട്ടുള്ള സേവനങ്ങൾ നിരവധിയാണ്. പ്രഗത്ഭരായ അനേകം വ്യക്തികളെ ലത്തീൻ സമുദായം നാടിനു സംഭാവന ചെയ്തിട്ടുണ്ട്. ഇവരിൽ പ്രഥമഗണനീയനാണ് ഗ്രാൻഡ് ഷെവലിയർ പ്രൊഫ. എൽ.എം. പൈലി.

വരാപ്പുഴ അതിരൂപതയിലെ കുരിശിങ്കൽ ഇടവകയിൽ മുരിക്കുംപാടം ലന്തപറമ്പിൽ മാണിയുടെയും അന്നയുടെയും ആറുമക്കളിൽ മൂന്നാമത്തെ സന്താനമായി 1891 ജൂൺ 9 നാണ് ഇദ്ദേഹം ജനിച്ചത്. വൈപ്പിൻ സെന്റ് ജോസഫ്സ് സ്കൂൾ, ഫോർട്ടുകൊച്ചി സാന്താക്രൂസ് ഹൈസ്ക്കൂൾ എന്നിവിടങ്ങളിലായി സ്കൂൾ വിദ്യാഭ്യാസവും തൃശ്നാപ്പിള്ളി സെന്റ് ജോസഫ്സ് കോളേജിൽ നിന്ന് കോളേജ് വിദ്യാഭ്യാസവും പൂർത്തിയാക്കി. ചരിത്രത്തിൽ ബി.എ. ഓണേഴ്സ് പാസ്സായ അദ്ദേഹം ഷേക്സ്പിരിയൻ നാടകങ്ങളിലൂടെ തന്റെ അഭിനയപാടവവും പ്രകടിപ്പിച്ചിരുന്നു.



ഊട്ടിയിൽ ഹ്രസ്വകാലത്തെ സർക്കാർ സേവനത്തിനു ശേഷം മുണ്ടംവേലി സെന്റ് ലൂയിസ് സ്കൂളിൽ പ്രധാനാധ്യാപകനായി. 1919-ൽ എറണാകുളം മഹാരാജാസ് കോളേജ് അധ്യാപകനായി. പിന്നീട് ബാംഗ്ലൂർ സെന്റ് ജോസഫ്സ് കോളേജ്, മദ്രാസ്

ലയോള കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായും അദ്ദേഹം വിദ്യാഭ്യാസരംഗത്തെ തന്റെ സേവനം തുടർന്നു. മദ്രാസ് സർവ്വകലാശാലയിൽ നിന്ന് നിയമ ബിരുദമെടുത്ത് 1931 മുതൽ കുറച്ചുകാലം എറണാകുളത്ത് അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുകയുണ്ടായി. തുടർന്ന് ചങ്ങനാശ്ശേരി സെന്റ് ബെർക്കുമൻസ് കോളേജിൽ പ്രൊഫസറായി ചുമതലയേറ്റു.

വിദ്യാഭ്യാസ രംഗത്തു മാത്രം ഒതുങ്ങി നില്ക്കുന്നതായിരുന്നില്ല പ്രൊഫ. എൽ.എം. പൈലിയുടെ പ്രതിഭ. രാഷ്ട്രീയത്തിലും അദ്ദേഹം തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ചു. 1938–ൽ കൊച്ചി നിയമസഭാംഗമായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിൽ ആദ്യമായി നിയമസഭ നിലവിൽ വന്ന കൊച്ചി സംസ്ഥാനത്ത് അദ്ദേഹം ഡെപ്യൂട്ടി പ്രസിഡന്റായി. ദിവാനായിരുന്നു പ്രസിഡന്റ്. സ്പീക്കറെ അക്കാലത്ത് പ്രസിഡണ്ട് എന്നാണ് വിളിച്ചിരുന്നത്. 1947 –ൽ അദ്ദേഹം പ്രസിഡണ്ടായി ഐക്യകണ്ഠ്യേന തിരഞ്ഞെടുക്കപ്പെട്ടു. ഇന്ത്യയിലെ തന്നെ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട സ്പീക്കർ എന്ന പദവി പ്രൊഫ. എൽ.എം. പൈലിയ്ക്ക് സ്വന്തം. 1948–ൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച അദ്ദേഹം വീണ്ടും നിയമസഭാദ്ധ്യക്ഷനായി എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. 1951–ൽ തിരു-കൊച്ചി മന്ത്രിസഭയിൽ അദ്ദേഹം വിദ്യാഭ്യാസ മന്ത്രിയാവുകയും ചെയ്തു.

വിദ്യാഭ്യാസ രംഗത്ത് അദ്ദേഹം വഹിച്ച പദവികളും നൽകിയ സംഭാവനകളും എണ്ണമറ്റതും മഹത്തരവുമാണ്. 1946–ൽ ആരംഭിച്ച സെന്റ് ആൽബർട്ട്സ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പലായ അദ്ദേഹം ഒരു ദശാബ്ദക്കാലം ആ പദവിയിൽ തുടർന്നു. കൂടാതെ കളമശ്ശേരി സെന്റ് പോൾസ് കോളേജ്, ആലുവ സെന്റ് സേവ്യേഴ്സ് കോളേജ്, കൊല്ലം ഫാത്തിമ മാതാ നാഷണൽ കോളേജ് എന്നിവയുടെയും സ്ഥാപനത്തിൽ അദ്ദേഹത്തിന്റെ പങ്ക് വളരെ വലുതായിരുന്നു.

*ഊട്ടിയിൽ ഹ്രസ്വകാലത്തെ സർക്കാർ സേവനത്തിനുശേഷം മുണ്ടംവേലി സെന്റ് ലൂയിസ് സ്കൂളിൽ പ്രധാനാധ്യാപകനായി. 1919–ൽ എറണാകുളം മഹാരാജാസ് കോളേജ് അധ്യാപകനായി. പിന്നീട് ബാംഗ്ലൂർ സെന്റ് ജോസഫ്സ് കോളേജ്, മദ്രാസ് ലയോള കോളേജ് എന്നിവിടങ്ങളിൽ അധ്യാപകനായും അദ്ദേഹം വിദ്യാഭ്യാസരംഗത്തെ തന്റെ സേവനം തുടർന്നു.*

കൊച്ചി സർവ്വകലാശാല എന്ന തന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുവാൻ പ്രൊഫ. എൽ.എം. പൈലി നടത്തിയ കഠിന പ്രയത്നങ്ങൾ പരിഗണിച്ച് അദ്ദേഹത്തെ കൊച്ചി സർവ്വകലാശാലയിൽ ആജീവനാന്ത അംഗമാക്കിയിരുന്നു.

സമുദായ നേതൃരംഗത്തും അദ്ദേഹം പ്രശോഭിച്ചിരുന്നു. 1931 –ൽ രൂപീകരിക്കപ്പെട്ട കൊച്ചിൻ സ്റ്റേറ്റ് ലത്തീൻ ക്രിസ്ത്യൻ കോൺഫറൻസിന്റെ പ്രഥമ പ്രസിഡന്റായിരുന്നു അദ്ദേഹം.


ചരിത്രപഠനത്തിലും ഗ്രന്ഥരചനയിലും അദ്ദേഹം തന്റെ കൈയൊപ്പു ചാർത്തി. The Cabinet Mission and Latin Rite, The Role of the Archdiocese of Verapoly, St. Thomas Christians and the Archdiocese of Verapoly. തുടങ്ങിയവ അദ്ദേഹത്തിന്റെ രചനകളിൽ ചിലതാണ്.

സഭയ്ക്കും സമുദായത്തിനും നൽകിയ സേവനങ്ങൾക്ക് അംഗീകാരമായി മൂന്നുതവണ അദ്ദേഹത്തിന് പേപ്പൽ ബഹുമതി ലഭിച്ചു. 1962–ൽ ജോൺ 23–ാമൻ പാപ്പ "നൈറ്റ് ഓഫ് ദി ഓർഡർ ഓഫ് സെന്റ് ഗ്രിഗറി' എന്ന ഷെവലിയർ സ്ഥാനവും നൽകി. 1964–ൽ പോൾ ആറാമൻ പാപ്പ 'പ്രിവി ചേംബർലെയ്ൻ ടു ദ ഹോളി ഫാദർ' എന്ന ഗ്രാന്റ് ഷെവലിയർ പദവിയിലേക്ക് ഉയർത്തി. ഇദ്ദേഹത്തിന്റെ സഹോദരൻ എൽ.എം. തോമസും ഷെവലിയർ പദവി നേടിയിട്ടുണ്ട് എന്നത് ഒരു അപൂർവതയാണ്.

1954–ൽ ഷെവ. എൽ.എം. പൈലിയുടെ കുടുംബം തൈക്കൂടം സെന്റ് റാഫേൽസ് ഇടവകാതിർത്തിയിൽ വൈറ്റില ഭാഗത്ത് സ്ഥിരതാമസമായി. അദ്ദേഹത്തിന്റെ ഭാര്യ മാർഗരറ്റ് എളംകുളം കരിമ്പുറത്ത് കുടുംബാംഗമായിരുന്നു. 1977 ൽ ഇവർ നിര്യാതയായി. ഇവർക്ക് ഒരു മകനും ഒരു മകളുമാണ് ഉണ്ടായിരുന്നത്. ഷെവ. എൽ.എം. പൈലിയുടെ അവസാന നാളുകളിൽ കാഴ്ചശക്തി നഷ്ടപ്പെട്ട അദ്ദേഹം ഒരാളെ ശമ്പളത്തിനു വച്ച് എഴുത്തും വായനയും തുടർന്നുകൊണ്ടിരുന്നു. 96–ാമത്തെ വയസ്സിൽ 1987 മെയ് 25–ാം തീയതി അദ്ദേഹം ദിവംഗതനായി. അദ്ദേഹത്തിന്റെ ശവകുടീരം തൈക്കൂടം പള്ളി സെമിത്തേരിയിൽ നിലവിലുണ്ട്. അദ്ദേഹത്തിന്റെ സ്മരണാർത്ഥം തൈക്കടം ഇടവകയിലെ ഒരു ഹാളിനു ഗ്രാൻഡ് ഷെവലിയർ എൽ.എം. പൈലി ഹാൾ എന്നു നാമകരണം ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ വിദഗ്ധൻ, അദ്ധ്യാപകൻ, ചരിത്രകാരൻ, ഗ്രന്ഥകാരൻ, സമുദായ നേതാവ്, വിദ്യാഭ്യാസ മന്ത്രി, നിയമസഭാ സ്പീക്കർ എന്നീ നിലകളിലെല്ലാം കഴിവു തെളിയിച്ച ബഹുമുഖ പ്രതിഭയായ ഗ്രാൻഡ് ഷെവലിയർ പ്രൊഫ. എൽ.എം. പൈലി ലത്തീൻ സമുദായ ചരിത്രത്തിലെ അഭിമാന സ്തംഭവും വർത്തമാനകാലത്തെ പഠനവിഷയവും ഭാവിയിലേക്കുള്ള പ്രചോദനവുമായി നിലകൊള്ളുന്നു.

# കനക്കുന്ന വേനൽ: കരുതലിന്റെ തണലൊരുക്കാം



**ഫാ. ജോബ് കുണ്ടോണി**



*കേരളം ഇന്ന് മുമ്പെങ്ങുമില്ലാത്തവിധം കഠിനമായ ഉഷ്ണതരംഗത്തിന്റെ പിടിയിലാണ്. അന്തരീക്ഷ താപനില റെക്കോർഡുകൾ ഭേദിച്ച് ഉയരുമ്പോൾ, കേവലം ഒരു കാലാവസ്ഥാ വ്യതിയാനം എന്നതിലുപരി ഇതൊരു ആരോഗ്യപ്രശ്നമായി മാറി യിരിക്കുന്നു. വിയർപ്പ് വറ്റാത്ത പകലുകളും ഉറക്കം കെടുത്തുന്ന രാത്രികളും മലയാളിക്ക് പുതിയൊരു അനുഭവമാണ്. ഈ സാഹചര്യത്തിൽ സ്വയം പ്രതിരോധിക്കാനും ആരോഗ്യം സംരക്ഷിക്കാനും നാം പാലിക്കേണ്ട ചില പ്രധാന കാര്യങ്ങൾ ഇതാ. താപനിലയിലെ വർധനവും അപകടസാധ്യതകളും*

പാലക്കാട് പോലുള്ള ജില്ലകളിൽ താപനില 40°C കടന്നുപോകുന്ന കാഴ്ചയാണ് നാം കാണുന്നത്. ഉയർന്ന ആർദ്രത കാരണം ശരീരത്തിന് സ്വാഭാവികമായി തണുക്കാൻ സാധിക്കാത്ത അവസ്ഥയുണ്ടാകുന്നു. ഇത് സൂര്യാഘാതം, സൂര്യതപം, നിർജലീകരണം എന്നിവയ്ക്ക് കാരണമാ കുന്നു. മുതിർന്നവർ, കുട്ടികൾ, വിട്ടുമാറാത്ത രോഗമുള്ളവർ എന്നിവർക്ക് ഈ കാലാവസ്ഥ വലിയ വെല്ലുവിളിയാണ് ഉയർത്തുന്നത്.

***പ്രതിരോധത്തിനായുള്ള കർമ്മപദ്ധതികൾ***

*ദാഹത്തിനായി കാത്തിരിക്കരുത്*

ശരീരത്തിലെ ജലാംശം നിലനിർത്തുക എന്നതാണ് ഏറ്റവും പ്രധാനം. ദാഹം തോന്നിയി ല്ലെങ്കിലും ഓരോ അരമണിക്കൂറിലും വെള്ളം കുടിക്കുന്നത് ശീലമാക്കുക. തിളപ്പിച്ചാറ്റിയ വെള്ളം, നാരങ്ങാവെള്ളം, സംഭാരം, കഞ്ഞിവെള്ളം, ഇളനീർ എന്നിവ

ഇതിനായി ഉപയോഗിക്കാം. എന്നാൽ അമിതമായി മധുരമിട്ട പാനീയങ്ങൾ, കഫീൻ അടങ്ങിയ ചായയും കാപ്പിയും, മദ്യം എന്നിവ ഒഴിവാ ക്കേണ്ടതാണ്, കാരണം ഇവ ശരീരത്തിലെ ജലാംശം വേഗത്തിൽ നഷ്ടപ്പെടുത്തും.

*പകലിലെ പന്ത്രണ്ടു മണി മുതൽ മൂന്നു മണി വരെ*

സൂര്യപ്രകാശം ഏറ്റവും തീക്ഷ്ണമായി ഭൂമിയിൽ പതിക്കുന്നത് രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെയാണ്. ഈ സമയത്ത് പുറത്തിറങ്ങുന്നത് പരമാവധി ഒഴിവാക്കുക. അത്യാവശ്യമായി പുറത്തിറങ്ങേണ്ടി വന്നാൽ കുട, തൊപ്പി, സൺഗ്ലാസ് എന്നിവ ഉപയോഗിക്കുക. അയഞ്ഞ പരുത്തി വസ്ത്രങ്ങൾ ധരിക്കുന്നത് വായുസഞ്ചാരത്തിന് സഹായിക്കും.

*ഭക്ഷണക്രമീകരണത്തിലെ മിതത്വം*

ദഹനപ്രക്രിയ ശരീരത്തിൽ താപം ഉൽപ്പാദിപ്പിക്കുന്ന ഒന്നാണ്. അതിനാൽ കഠിനമായ വെയിലു ള്ളപ്പോൾ ലഘുവായ ഭക്ഷണങ്ങൾ തിരഞ്ഞെടുക്കുക. തണ്ണിമത്തൻ, വെള്ളരിക്ക തുടങ്ങിയ വെള്ളം കൂടുതലുള്ള ഫലവർഗ്ഗങ്ങൾ ധാരാളമായി കഴിക്കണം. എന്നാൽ എണ്ണയിൽ വറുത്തതും എരിവുള്ള തുമായ ഭക്ഷണങ്ങൾ ഈ കാലയളവിൽ പരമാവധി കുറയ്ക്കുന്നത് നന്നായിരിക്കും.

*വീടിനുള്ളിലെ തണുപ്പ് നിലനിർത്താം*

പുറത്തെ ചൂട് അകത്തേക്ക് കടക്കാത്ത രീതിയിൽ പകൽ സമയങ്ങളിൽ ജനലുകളും വാതിലു കളും തിരശ്ശീലകൾ ഉപയോഗിച്ച് മറയ്ക്കുക. എന്നാൽ വൈകുന്നേരമാകുമ്പോൾ ജനലുകൾ തുറന്നിടുന്നത് വായുസഞ്ചാരം സുഗമമാക്കാനും വീടിനുള്ളിലെ ചൂട് കുറയ്ക്കാനും സഹായിക്കും. തറ നനഞ്ഞ തുണി ഉപയോഗിച്ച് തുടയ്ക്കുന്നതും വീടിനുള്ളിൽ ചെടികൾ വളർത്തുന്നതും സ്വാഭാവികമായ തണുപ്പ് നൽകും.

*അധ്വാനമേറിയ ജോലികൾ പുനഃക്രമീകരിക്കുക*

കൂടുതൽ ശാരീരിക അധ്വാനം ആവശ്യമുള്ള ജോലികൾ അല്ലെങ്കിൽ വ്യായാമം എന്നിവ വെയിൽ കുറഞ്ഞ സമയങ്ങളിലേക്ക് മാറ്റുക. രാവിലെ 9 മണിക്ക് മുൻപോ വൈകുന്നേരം 5 മണിക്ക് ശേഷമോ ഇത്തരം കാര്യങ്ങൾ ചെയ്യുന്നതാണ് ഉചിതം. കഠിനവെയിലിൽ ജോലി ചെയ്യേണ്ടി വരുന്നവർ കൃത്യമായ ഇടവേളകളിൽ തണലത്തേക്ക് മാറി വിശ്രമിക്കുകയും ജലാംശം നിലനിർത്തുകയും വേണം.

*ചർമ്മസംരക്ഷണവും ശുചിത്വവും*

നേരിട്ടുള്ള സൂര്യപ്രകാശം ചർമ്മത്തിൽ ഏൽക്കുന്നത് ഒഴിവാക്കാൻ സൺസ്ക്രീം ലോഷനുകൾ ഉപയോഗിക്കുന്നത് നല്ലതാണ്. കണ്ണ്, ചർമ്മം എന്നിവയിലുണ്ടാകുന്ന അസ്വസ്ഥതകൾ ഒഴിവാക്കാൻ പുറത്തിറങ്ങുമ്പോൾ ശരീരം പൂർണ്ണമായും മറയ്ക്കുന്ന ഇളം നിറത്തിലുള്ള പരുത്തി വസ്ത്രങ്ങൾ ഉപയോഗിക്കാൻ ശ്രദ്ധിക്കുക. ദിവസവും രണ്ടുനേരം കുളിക്കുന്നത് ശരീരതാപനില നിയന്ത്രിക്കാൻ സഹായിക്കും.

*യാത്രകളിൽ കരുതൽ വേണം*

ദീർഘദൂര യാത്രകൾ ചെയ്യുന്നവർ കയ്യിൽ എപ്പോഴും വെള്ളം കരുതേണ്ടതാണ്. പൊതു ഗതാഗത സംവിധാനങ്ങൾ ഉപയോഗിക്കുമ്പോൾ വായുസഞ്ചാരമുള്ള ഭാഗങ്ങളിൽ ഇരിക്കാൻ ശ്രദ്ധിക്കുക. ഇരുചക്ര വാഹനങ്ങൾ ഉപയോഗിക്കുന്നവർ ഹെൽമെറ്റിനുള്ളിൽ കോട്ടൺ തുണി വയ്ക്കുന്നതും കൈകൾ മറയ്ക്കുന്ന ഗ്ലൗസുകൾ ധരിക്കുന്നതും നേരിട്ടുള്ള വെയിലിന്റെ ആഘാതം കുറയ്ക്കാൻ സഹായിക്കും.

*പക്ഷികളെയും മൃഗങ്ങളെയും മറക്കരുത്*

കഠിനമായ ചൂട് മനുഷ്യരെപ്പോലെ തന്നെ പക്ഷികളെയും മൃഗങ്ങളെയും ബാധിക്കും. വീടിന്റെ പരിസരത്തോ ടെറസ്സിലോ പാത്രങ്ങളിൽ പക്ഷികൾക്കായി വെള്ളം കരുതി വയ്ക്കുന്നത് നല്ലതാണ്. വളർത്തുമൃഗങ്ങളെ നേരിട്ട് വെയിലേൽക്കാത്ത തണലുള്ള സ്ഥലങ്ങളിൽ കെട്ടിയിടാനും അവർക്ക് കൃത്യമായി കുടിക്കാൻ വെള്ളം നൽകാനും ശ്രദ്ധിക്കണം.

***അടിയന്തര സാഹചര്യങ്ങൾ എങ്ങനെ നേരിടാം?***

ഒരാൾക്ക് തളർച്ചയോ, തലകറക്കമോ, ഉയർന്ന ശരീരതാപനിലയോ അനുഭവപ്പെട്ടാൽ ഉടൻ തന്നെ അയാളെ തണലിലേക്ക് മാറ്റുക. നനഞ്ഞ തുണി ഉപയോഗിച്ച് ശരീരം തുടയ്ക്കുകയും ധാരാളം വെള്ളം നൽകുകയും ചെയ്യുക. ലക്ഷണങ്ങൾ ഗുരുതരമാണെങ്കിൽ അടിയന്തര വൈദ്യസഹായം ഉറപ്പാക്കുക. കഠിനമായ വെയിലത്ത് പാർക്ക് ചെയ്തിരിക്കുന്ന കാറുകൾക്കുള്ളിൽ കുട്ടികളെയോ വളർത്തുമൃഗങ്ങളെയോ ഒറ്റയ്ക്കിരുത്തരുത്, കാരണം മിനിറ്റുകൾക്കുള്ളിൽ കാറിനു ള്ളിലെ താപനില മാരകമായ അളവിലേക്ക് ഉയർന്നേക്കാം.

പ്രകൃതിയുടെ ഈ മാറ്റത്തെ നമുക്ക് തടയാനാവില്ലെങ്കിലും, ശാസ്ത്രീയമായ മുൻകരുതലു കളിലൂടെ അതിന്റെ പ്രത്യാഘാതങ്ങളെ നേരിടാൻ നമുക്ക് സാധിക്കും. കരുതലോടെ ഇരിക്കാം, ഈ വേനലിനെ നമുക്ക് സുരക്ഷിതമായി അതിജീവിക്കാം.



# വിഷാദം: അറിയേണ്ടതും, ചെയ്യാൻ കഴിയുന്നതും



**ഡോ. ജോർജ് ജോസഫ് തൗണ്ടയിൽ**



വിഷാദം എന്നത് ഒരു മാനസിക രോഗാവസ്ഥയാണ്. കുറച്ചു നാളുകൾക്ക് മുമ്പ് വരെ ആസ്വദിച്ചിരുന്നതും, ചെയ്യാൻ ആഗ്രഹിച്ചിരുന്നതുമായ കാര്യങ്ങളിൽ ഇപ്പോൾ നിരന്തരമായ താൽപര്യകുറവും, ദുഃഖവും മടുപ്പും ഉണ്ടാകുന്നു. ഈ ദുഃഖവും താൽപര്യകുറവും ദൈനംദിന കാര്യങ്ങളായ ഉറക്കം, ഭക്ഷണം, മറ്റുള്ളവരുമായുള്ള ഇടപഴകൽ, എന്നിവയിൽ ബുദ്ധിമുട്ട് ഉണ്ടാകുന്ന അവസ്ഥയാണ് വിഷാദം.

ജീവിതത്തിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാവുമ്പോൾ ഉദാഹരണമായി, ജോലി നഷ്ടപ്പെടുമ്പോൾ, വ്യക്തിബന്ധങ്ങളിൽ ഉലച്ചിൽ, സാമ്പത്തികമായ ഞെരുക്കം, പെട്ടെന്നുണ്ടായ രോഗാവസ്ഥ എന്നിവയെക്കുറിച്ച് ദുഃഖം ഉണ്ടാവുക സാധാരണമാണ്. എന്നാൽ വിഷാദം തികച്ചും വ്യത്യസ്തമാണ്. ഈ ദുഃഖ അവസ്ഥ ചുരുങ്ങിയത് രണ്ടാഴ്ചയെങ്കിലും തുടർച്ചയായി എല്ലാ ദിവസവും നിലനിൽക്കുകയും മറ്റു ലക്ഷണങ്ങൾ പ്രകടമാകുന്നുവെങ്കിൽ മാത്രമാണ് വിഷാദ രോഗാവസ്ഥ ആകുന്നത്.

ഈ വിഷാദ അവസ്ഥ ചികിത്സ ലഭിക്കാതെ ദീർഘകാലം തുടർന്ന് പോകുന്നത് ആരോഗ്യകരമായ ഒന്നല്ല. ചില കഠിനമായ കേസുകളിൽ അത് സ്വയം മുറിവേൽപ്പിക്കുന്നതിനോ, ആത്മഹത്യയിലേക്കോ നയിക്കാനുള്ള കാരണമാകാറുണ്ട്. ആവശ്യമായ സമയത്ത് കൗൺസിലിങ്ങോ, വേണ്ടിവന്നാൽ മെഡിക്കേഷനോ വിധേയമാകുക എന്നതാണ് നമുക്ക് ചെയ്യാൻ സാധിക്കുന്നത്.

ഇന്ത്യയിലെ മാനസികാരോഗ്യ കണക്കുകളനുസരിച്ച് മൊത്തം ജനസംഖ്യയിൽ 4.5% ആളുകൾ വിഷാദ രോഗാവസ്ഥയിലാണ്. 20 പേരിൽ ഒരാൾ വിഷാദ രോഗത്തിന് ചികിത്സ തേടുന്നുണ്ട്. എന്നിരുന്നാലും വിഷാദരോഗാവസ്ഥയുടെ ലക്ഷണങ്ങൾ അറിയാത്തതിനാലും, വൈദ്യസഹായം തേടാത്തതിനാലും, ഈ കണക്കുകൾ യാഥാർത്ഥ്യമാക്കാൻ കുറവാണെന്ന് ഗവേഷകർ വിശ്വസിക്കുന്നു.

**ലക്ഷണങ്ങൾ**

വിഷാദരോഗത്തിന്റെ തരം അനുസരിച്ച് ചെറിയ തോതിൽ വ്യത്യാസമുണ്ടെങ്കിലും പൊതുവെ കാണപ്പെടുന്ന ലക്ഷണങ്ങൾ ഇവയൊക്കെയാണ്.

- കൂടുതൽ ദുഃഖം, നിരാശ, ഉത്കണ്ഠ, കുട്ടികളിലും കൗമാരപ്രായക്കാരിലും ദുഃഖിതരാകുന്നതിന് പകരം പ്രകോപിതരാകുന്നതാകാം.

- സന്തോഷം നല്കിയിരുന്ന കാര്യങ്ങൾ ഇപ്പോൾ ആസ്വദിക്കാൻ കഴിയുന്നില്ല.

- വളരെ എളുപ്പത്തിൽ പ്രകോപിതനാവുകയോ, നിരാശപ്പെടുകയോ ചെയ്യുക

- അമിതമായി ഭക്ഷണം കഴിക്കുകയോ, വളരെ കുറച്ചോ കഴിക്കുക

- ഉറങ്ങാൻ ബുദ്ധിമുട്ട് അല്ലെങ്കിൽ അമിതമായി ഉറങ്ങുക

- കുറഞ്ഞ ഊർജ്ജം അല്ലെങ്കിൽ എപ്പോഴും ക്ഷീണം അനുഭവപ്പെടുക

- ശ്രദ്ധേ കേന്ദ്രീകരിക്കുന്നതിനോ, തീരുമാനമെടുക്കുന്നതിനോ, കാര്യങ്ങൾ ഓർമ്മിച്ചെടുക്കുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുക.

- പലതരത്തിലുള്ള ശാരീരിക പ്രശ്നങ്ങളെക്കുറിച്ച് പരാതി പറയുക.

- സ്വയം ഉപദ്രവിക്കുന്നതിനോ, ആത്മഹത്യ ചിന്തകൾ ഉണ്ടാവുക തുടങ്ങിയവയൊക്കെയാണ് പൊതുവേ കാണപ്പെടുന്ന ഘടകങ്ങൾ

**കാരണങ്ങൾ**

***തലച്ചോറിലെ രാസഘടന:*** തലച്ചോറിനുള്ളിലുള്ള സെറട്ടോണിൻ, ഡോപോമിൻ എന്നിവയുൾപ്പെടെയുള്ള രാസവസ്തുക്കളുടെയും, ന്യൂറോ ട്രാസ്മിറ്ററുകളിൽ ഉണ്ടാകുന്ന അസന്തുലിതാവസ്ഥ വിഷാദ രോഗത്തിന് കാരണമാകാറുണ്ട്.

ജനിതകപരമായ കാരണങ്ങൾ: കുടുംബ ചരിത്രപരമായി വിഷാദരോഗം പകരാനുള്ള സാധ്യത മൂന്നിരട്ടിയാണ്. എന്നിരുന്നാലും ജനിതകപരമായ ചരിത്രമില്ലെങ്കിലും വിഷാദരോഗം ഉണ്ടാകാറുണ്ട്.

***സമ്മർദ്ദകരമായ ജീവിത സാഹചര്യങ്ങൾ:*** പ്രിയപ്പെട്ട ഒരാളുടെ മരണം, വിവാഹ മോചനം, ശാരീരിക ലൈംഗിക ദുരുപയോഗം, വിട്ടുമാറാത്ത രോഗാവസ്ഥ എന്നിവ വിഷാദത്തിന് കാരണമാകാറുണ്ട്.

***പ്രത്യേക ജീവിതസാഹചര്യങ്ങൾ:*** അതിരൂക്ഷമായ ദാരിദ്ര്യം, തുടർച്ചയായി അക്രമത്തിന് ഇരയാവുക, കുടുംബത്തിലെ നിരന്തരമായ വഴക്കിന് സാക്ഷിയാവുന്നത് തുടങ്ങിയവ വിഷാദത്തെ ട്രിഗർ ചെയ്യാൻ കാരണമാകാറുണ്ട്.

***മെഡിക്കൽ അവസ്ഥകൾ:*** വിട്ടുമാറാത്ത വേദനയും, രോഗവും വിഷാദത്തിലേക്ക് നയിച്ചേക്കാം.

***മരുന്നുകളുടെ ഉപയോഗം:*** ചില മരുന്നുകളുടെ പാർശ്വഫലമായി വിഷാദം രൂപപ്പെടാറുണ്ട്. മദ്യം ഉൾപ്പെടെയുള്ള ലഹരിവസ്തുക്കളുടെ ഉപയോഗം വിഷാദത്തിന് കാരണമാവുകയോ, അല്ലെങ്കിൽ അവസ്ഥ കൂടുതൽ വഷളാകുകയോ ചെയ്യാൻ സാധ്യതയുണ്ട്.

**ചെയ്യാൻ കഴിയുന്നത്:**

വിഷാദ രോഗാവസ്ഥയിലായിരിക്കുന്ന വ്യക്തിയെ കൈകാര്യം ചെയ്യേണ്ടതും, ചികിത്സയ്ക്ക് വിധേയമാക്കേണ്ടതും ഓരോ വ്യക്തിയുടെയും അവസ്ഥയും, സാഹചര്യവും കണക്കിലെടുത്തായിരിക്കണം. പൊതുവെ ചികിത്സ സ്വീകരിക്കപ്പെടുന്ന രീതികളാണ് ഇനി ചർച്ച ചെയ്യുന്നത്. രീതികളൊക്കെ വ്യക്തിയുടെ വിഷാദത്തിന്റെ രൂക്ഷത, വിഷാദ കാരണങ്ങൾ എന്നിവയെ ആശ്രയിച്ചാണ്.

സൈക്കോതെറാപ്പി: ആദ്യം സ്വീകരിക്കുന്ന ചികിത്സാ രീതി വിഷാദാവസ്ഥയിലെ വ്യക്തിയുമായി സംസാരിക്കുക, സംസാരിക്കാൻ പ്രേരിപ്പിക്കുകയാണ്. ഇതിനായി കൗൺസിലിങ്ങിന് വിധേയമാക്കുക എന്നതാണ് ചെയ്യാൻ കഴിയുക. ഈ കൗൺസിലിങ്ങ് എത്രമാത്രം സഹായകരമാകും എന്നത് വ്യക്തി അനുഭവിക്കുന്ന വിഷാദ രോഗാവസ്ഥയുടെ ഘടനെ ആശ്രയിച്ചിരിക്കുന്നു. ഈ ചികിത്സാ രീതിയിൽ വിവിധ തെറാപ്പികൾ ഉപയോഗിച്ചു വരുന്നു; Cognitive behavioural therapy, Interpersonal therapy

Medication: വിഷാദ രോഗാവസ്ഥയിലായ വ്യക്തിയുടെ അവസ്ഥ വിലയിരുത്തി ചില കേസുകളിലെങ്കിലും മെഡിക്കേഷൻ ആവശ്യമായി വരുന്നു. തലച്ചോറിനുള്ളിലെ രാസപ്രവർത്തനങ്ങളെ കുറച്ചുകൂടി സങ്കീർണ്ണമാക്കുന്നതിനാണ് മരുന്നുകൾ ഉപയോഗിച്ചു വരുന്നത്. വ്യക്തിയുടെ പ്രത്യേകതകൾ പരിഗണിച്ച് ഈ മരുന്നുകളുടെ കാല ദൈർഘ്യം വ്യത്യാസപ്പെടാം.

**ജീവിത ശൈലിയിലുള്ള മാറ്റം:**

ജീവിത ശൈലിയിൽ ബോധപൂർവ്വമായും മറ്റുള്ളവരുടെ സഹായത്താലും മാറ്റം ഉണ്ടാകാൻ ശ്രമിക്കുന്നതിലൂടെ വിഷാദരോഗാവസ്ഥയെ കൈകാര്യം ചെയ്യാൻ സാധിക്കും. ഉദാഹരണമായി ദൈനംദിന ജീവിതത്തിൽ ശാരീരിക വ്യായാമം ഉൾപ്പെടുത്തുക, ഉറങ്ങുന്ന സമയസ്ഥലങ്ങളെ ക്രമീകരിക്കുക, ആരോഗ്യകരമായ ഭക്ഷണശീലം ഉണ്ടാക്കുക, വളരെ പ്രധാനമായിട്ട് മറ്റുള്ളവരുമായി ഇടപഴകുന്നതിന് സമയം കണ്ടെത്തുക. കുടുംബാംഗങ്ങളുടെയും സുഹൃത്തുക്കളുടെ സപ്പോർട്ട് വർധിപ്പിക്കുക. ലഹരിവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക, ഡയറി എഴുതുക തുടങ്ങിയ രീതികളിലൂടെയൊക്കെയാണ് ജീവിത ക്രമത്തിൽ മാറ്റം വരുത്തി വിഷാദ രോഗാവസ്ഥയെ കൈകാര്യം ചെയ്യാൻ സാധിക്കുന്നത്.

# റെഡ് ഇന്ത്യൻ മിഷൻ



ഫാ. ജോളി ജോർജ്
ചക്കാലക്കൽ




അമേരിക്കയിലെ വടക്കൻ സംസ്ഥാനമായ നോർത്ത് ഡക്കോട്ടയിലെ ബിസ്മാർക്ക് രൂപതയിലാണ് ഞാൻ ഇപ്പോൾ സേവനം ചെയ്യുന്നത്. 34,773 ചതുരശ്ര മൈൽ വിസ്തീർണ്ണമുള്ള ബിസ്മാർക്ക് രൂപത 1909 ഡിസംബർ 31-ന് സ്ഥാപിതമാകുകയും 1910 മാർച്ച് 21 ന് ഔദ്യോഗികമായി നിലവിൽ വരികയും ചെയ്തു. 24 കൗണ്ടികളിലായി പരന്നു കിടക്കുന്ന രൂപതയിൽ ആകെ കത്തോലിക്കാ ജനസംഖ്യ 61,862 ആണ്. 5 ഫൊറോനകളിലായി വൈദികർ താമസിക്കുന്നതും അല്ലാത്തതുമായ ഏകദേശം 111 ദൈവാലയങ്ങളും 92 പുരോഹിതന്മാരും 85 ഡീക്കന്മാരും 10 സന്ന്യാസ സമൂഹങ്ങളും ഈ രൂപതയിൽ സേവനം ചെയ്യുന്നുണ്ട്. അമേരിക്കയിൽ തന്നെ പ്രസിദ്ധ കത്തോലിക്കാ സർവ്വകലാശാലയായ യൂണിവേഴ്സിറ്റി ഓഫ് മേരി (U Mary) ഈ രൂപതയുടെ കോളേജാണ്. 3 ഹൈസ്ക്കൂളുകളും 5 സെക്കണ്ടറി സ്കൂളുകളും 13 എലിമെന്ററി സ്കൂളുകളും 4 ആശുപത്രികളും ഈ രൂപതയുടെ കീഴിൽ പ്രവർത്തിക്കുന്നു. അമേരിക്കൻ ഗോത്രവർഗ്ഗക്കാരായ റെഡ് ഇന്ത്യൻ വംശജരുടെ 2 റിസെർവേഷൻസ് ഈ രൂപത അതിർത്തിക്കുള്ളിൽ ആണ്. സ്റ്റാന്റിംഗ് റോക്ക് (Standing Rock) റിസർവേഷനും ഫോർട്ട് ബെർതോൾഡ് (Fort Berthold) റീസർവേഷനും. ഈ റിസർവേഷനുകളിൽ കത്തോലിക്കാ സഭയുടെ വൈദികരും സന്ന്യസ്തരും 1884 മുതൽ പ്രവർത്തിക്കുന്നു.

അമേരിക്കയിലെ യഥാർത്ഥ നിവാസികളായ 'നേറ്റീവ് അമേരിക്കൻസിനെ' (Native Americans) പൊതുവെ 'റെഡ് ഇന്ത്യൻസ്' എന്നും വിളിക്കുന്നു. അവരുടെ സ്വന്തം നാടായ അമേരിക്കയിലേക്ക് ലോകത്തിന്റെ പല രാജ്യങ്ങളിൽ നിന്നും ജനങ്ങൾ കുടിയേറി. 15-ാം നൂറ്റാണ്ടിൽ സ്പെയിൻകാരും 16-ാം നൂറ്റാണ്ടിൽ ഫ്രഞ്ച്കാരും 17 -ാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ബ്രിട്ടീഷ്കാരും കോളനികൾ ഉണ്ടാക്കി. കോളനികൾ ഉണ്ടാക്കുന്ന മുറയിൽ തദ്ദേശീയരായ റെഡ് ഇന്ത്യൻ ഗോത്രവർഗ്ഗക്കാരെ അവരുടെ നാട്ടിൽ നിന്ന് തുരത്തുകയും പുറത്താക്കുകയും ചെയ്തു. പിന്നീട് പല യുദ്ധങ്ങളും ഇവർ തമ്മിൽ നടന്നിട്ടുണ്ട്. ചിതറിപ്പോയ ഈ ഗോത്രവർഗ്ഗക്കാരെ പിന്നീട് അമേരിക്കൻ ഫെഡറൽ ഗവൺമെന്റ് ഒന്നിച്ചു ചില സ്ഥലങ്ങളിൽ ഭൂമിയും വീടും ഒക്കെ നൽകി മാറ്റിപ്പാർപ്പിച്ചു. ഇതിനെയാണ് നേറ്റീവ് അമേരിക്കൻ റിസെർവേഷൻസ് എന്ന് വിളിക്കുന്നത്. ഗോത്രങ്ങളെ രാജ്യത്തിന് പുറത്തേക്ക് മാറ്റുന്നതിനു പകരം, സർക്കാർ അവരെ അവരുടെ പൂർവ്വിക പ്രദേശങ്ങളിലെ ചില ഭൂമിയിലേക്ക് "കേന്ദ്രീകരിക്കാൻ" തുടങ്ങി. റിസർവേഷൻസ് എന്നത്

“സ്വദേശികളായ അമേരിക്ക ക്കാർക്ക് സർക്കാർ നൽകുന്ന ഭൂമി” അല്ല. നിയമപരമായി, ഗോത്രങ്ങൾ തങ്ങളുടെ പ്രദേശ ത്തിന്റെ കുറച്ചു ഭാഗങ്ങൾ ഉടമ്പടി കളിൽ ഒപ്പുവെച്ചപ്പോൾ അവർക്കായി നീക്കിവച്ച ഭൂമിയാ ണിത്. ഈ റിസെർവേഷനുകളിൽ മറ്റു ജനങ്ങൾക്ക് വന്ന് സ്ഥലം വാങ്ങുവാനോ വീട് വയ്ക്കു വാനോ സാധിക്കില്ല. ഇന്ന് റിസർവേഷൻ എന്നത് “ഒരു രാജ്യ ത്തിനുള്ളിലെ രാഷ്ട്രങ്ങൾ” ആണ്. അവർക്ക് അവരുടേതായ സർക്കാരുകൾ, പോലീസ്, കോട തികൾ എന്നിവയുണ്ട്.

നോർത്ത് ഡെക്കോട്ട സംസ്ഥാ നത്ത് ക്രൈസ്തവ മിഷനറി പ്രവർത്തനങ്ങൾ തുടങ്ങിയത് ബെനെഡിക്റ്റൈൻ സന്ന്യാസ സമൂഹത്തിലെ അംഗങ്ങളാണ്. മിസ്സോറിയിലെ കൺസെപ്ഷൻ ആബിയിൽ നിന്നുള്ള ബെനഡി ക്റ്റൈൻ സന്യാസിമാർ 1884 ഒക്ടോബർ 17 ന് ഡക്കോട്ട ടെറിട്ട റിയിൽ എത്തി. സ്റ്റാന്റിംഗ് റോക്ക് റിസർവേഷൻ സ്ഥാപിതമായതിന് ഒരു വർഷത്തിനു ശേഷം എത്തിയ ഈ സന്ന്യാസിമാർ പിന്നീട് അടുത്ത 111 വർഷത്തേക്ക് തദ്ദേശീ യരായ അമേരിക്കക്കാർക്കും റിസർവേഷനിലെ മറ്റ് ആളു കൾക്കും വേണ്ടി ശുശ്രൂഷ ചെയ്തു.

1879-ൽ ഫോർട്ട് യേറ്റ്സ് മിഷൻ നിലവിൽ വന്നു. ഞാൻ ഇപ്പോൾ സേവനം ചെയ്യുന്ന ഈ ഫോർട്ട് യേറ്റ്സ് ദേവാലയത്തിലാണ് നോർത്ത് ഡക്കോട്ടയിൽ മിഷണറി മാർ ആദ്യമായി ദിവ്യബലി അർപ്പി ച്ചത് എന്നത് എന്നെ സംബന്ധിച്ചി ടത്തോളം വളരെ സന്തോഷം നൽകുന്നതും അഭിമാനകരവുമായ കാര്യമാണ്. 1995 ൽ രൂപത ഏറ്റെടു ക്കുന്നതുവരെ 111 വർഷത്തോളം ബെനെഡിക്റ്റൈൻ വൈദികരും സിസ്റ്റേഴ്സും ഇവിടെ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ഈ 111 വർഷങ്ങൾകൊണ്ട് റെഡ് ഇന്ത്യൻ ജനതയ്ക്ക് വേണ്ടുന്ന ഇടവക ദൈവാലയം, കുട്ടികൾക്ക് വേണ്ടി സ്കൂൾ, പാരിഷ് ഹാൾ, കോൺവെന്റ് തുടങ്ങി പല പ്രവർത്തനങ്ങളും അവർ നടത്തുകയുണ്ടായി. ഇന്നി പ്പോൾ കേരളത്തിലെ ആദ്യ സന്ന്യാസിനി സമൂഹമായ തെരേ സിയൻ കാർമലൈറ്റ് സഭയിലെ (സി.റ്റി.സി.) 3 സിസ്റ്റേഴ്സ് സ്കൂളിൽ സേവനം ചെയ്യുന്നു. അവരുടെ സേവനം ഈ ഇടവ കയ്ക്ക് ഒരു മുതൽക്കൂട്ടാണ്.

റെഡ് ഇന്ത്യൻ സമൂഹം കുടുംബ ത്തിന് പ്രാമുഖ്യം നൽകി ജീവിക്കു ന്നവരാണ്. യുദ്ധങ്ങൾക്കും രക്ത ച്ചൊരിച്ചിലിനും ശേഷം ഉടമ്പടി കൾ ഉണ്ടാക്കുകയും പിന്നീട് വന്ന ഗവൺമെന്റുകൾ പല ആനുകൂല്യ ങ്ങളും ഇവർക്ക് നൽകുകയും ചെയ്തു. അതിന്റെ പരിണത ഫല മായി കുടുംബബന്ധങ്ങളിൽ ഛിദ്ര മുണ്ടാകുകയും ചെയ്തു. കുടുംബ ത്തിന് പ്രാമുഖ്യം നൽകുന്ന രീതി യിൽ നിന്ന് വ്യക്തിഗത രീതിയി ലേക്ക് ജീവിതശൈലി മാറി. മദ്യ പാനം, മയക്കുമരുന്ന് തുടങ്ങിയവ യിലേക്ക് ഇവർ ക്രമേണ ആകർഷി ക്കപ്പെടുകയും അങ്ങനെ കുടുംബ സങ്കൽപ്പങ്ങൾക്ക് ഇടിവ് വരികയും ചെയ്തു. വളരെ ചുരുക്കം ആളു കൾ മാത്രമാണ് ഇപ്പോഴും കുടും ബജീവിതത്തിന് പ്രാമുഖ്യം നൽകി ജീവിക്കുന്നുള്ളൂ. ഞാൻ ഈ ഇടവ കയിൽ കൊച്ചച്ചനായി സേവനം ചെയ്യുന്ന സമയത്ത് നടത്തിയ ചില മൃതസംസ്കാര കർമ്മങ്ങൾക്ക് കാരണം അമിതമായ മയക്കുമരു ന്നിന്റെ ഉപയോഗമായിരുന്നു. ഇവി ടെയാണ് കത്തോലിക്കാ മിഷണറി മാരായ ഞങ്ങൾക്ക് ധാരാളം സാമൂ ഹ്യസേവനം നടത്തുവാൻ സാധ്യത ഉണ്ടെന്ന് മനസ്സിലാകുന്ന ത്.

സ്കൂളിൽ വരുന്ന വിദ്യാർത്ഥിനി കൾക്ക് കത്തോലിക്കാ വിദ്യാഭ്യാ സവും യുവജനങ്ങൾക്ക് നേരായ ദിശാബോധവും കുടുംബ പ്രശ്ന ങ്ങളിൽ സുവിശേഷാധിഷ്ഠിത മൂല്യങ്ങൾ പകർന്നു നൽകാനും സാധിക്കേണ്ടത് ഞങ്ങളുടെ കടമ യാണ്. കുടുംബസന്ദർശനം നട ത്തുന്നതു വഴി കുട്ടികളെ ഇടവക സ്കൂളിൽ അയക്കാൻ നിർബ ന്ധിച്ചും യുവജനങ്ങൾക്ക് ആവശ്യ മായ ബോധവത്കരണം നട ത്തിയും സിസ്റ്റേഴ്സും എന്നെ സഹായിക്കുന്നുണ്ട്. ഇതിനു വേണ്ടിവരുന്ന സാമ്പത്തിക സഹാ യവും മറ്റും രൂപത അധികാരിക ളിൽ നിന്നും ലഭിക്കുന്നുണ്ട്. സാമ്പ ത്തിക സ്ഥിതിയിൽ വളരെ പിന്നോക്കം നിൽക്കുന്ന ഈ ഇട വകയിൽ രൂപതയിൽ നിന്നും സുമ നസ്സുകളുടെ സഹായംകൊണ്ട് മാത്രമാണ് പല പദ്ധതികളും നട പ്പിലാക്കി വരുന്നത്.

ബിസ്മാർക്ക് രൂപതയിലെ പാവ പ്പെട്ട ഇടവകയിൽ സേവനം ചെയ്യുന്ന എനിക്ക് മിഷൻ പ്രവർത്തനങ്ങളിൽ ധാരാളം വെല്ലു വിളികൾ നേരിടേണ്ടി വരുന്നുണ്ട്. പ്രത്യേകിച്ച് കേരളത്തിലെ വൈദി കരുമായി തുലനം ചെയ്യുമ്പോൾ ഇവിടെ വൈദികർക്ക് യാതൊരു വിധത്തിലുള്ള മേധാവിത്വവും അവകാശപ്പെടാനാകില്ല. ആദ്യമാ യിത്തന്നെ വൈദികരായ ഞങ്ങളെ റെഡ് ഇന്ത്യൻ വംശജർ അംഗീകരി ക്കുകയോ സ്വീകരിക്കുകയോ ചെയ്യണമെന്നില്ല. കുടുംബസന്ദർശ നങ്ങൾ നടത്തുമ്പോൾ ഈ വികാരം പെട്ടെന്ന് മനസ്സിലാക്കാൻ സാധിക്കും. എന്നാൽ നമ്മളിൽ ഒരാളാണ് ഈ വൈദികൻ എന്ന് മനസ്സിലായാൽ പിന്നെ എന്നും അവർ നമ്മുടെ കൂടെ ആയിരിക്കും. കഴിഞ്ഞ 30 വർഷക്കാലമായി റെഡ് ഇന്ത്യൻ സമൂഹത്തിനു വേണ്ടി ഈ ഇടവകയിൽ സേവനം ചെയ്യുന്ന ഡീക്കൻ ജോർജിനെ ഈ സമൂഹം അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്തു തുട ങ്ങിയത് ഏകദേശം 5 വർഷങ്ങൾ കഴിഞ്ഞപ്പോൾ മാത്രമാണ്.

ചുരുക്കത്തിൽ, ബിസ്മാർക്ക് രൂപത യിലെ മിഷൻ പ്രവർത്തനം എന്നത് കേവലം മതപരമായ ഒരു ശുശ്രൂഷ മാത്രമല്ല, മറിച്ച് പാർശ്വവൽക്കരിക പ്പെട്ട ഒരു ജനതയുടെ കണ്ണീരൊ പ്പുന്ന കാരുണ്യപ്രവൃത്തി കൂടിയാ ണ്. സ്വന്തം മണ്ണിൽ അന്യരായി പ്പോയ ഒരു സമൂഹത്തിന്റെ മുറിവു കൾ സുഖപ്പെടുത്താനും, തകർന്നു പോയ കുടുംബബന്ധങ്ങളെ സുവി ശേഷ മൂല്യങ്ങളിലൂടെ പുനർനിർമ്മിക്കാനുമുള്ള എളിയ ശ്രമത്തിലാണ് ഞങ്ങൾ. വെല്ലുവിളി കൾ ഏറെയുണ്ടെങ്കിലും, ആത്മസ മർപ്പണത്തോടെയുള്ള മിഷണറിമാ രുടെ സേവനവും സുമനസ്സുക ളുടെ പിന്തുണയും ഈ ജനതയ്ക്ക് പുതിയൊരു പ്രത്യാശ നൽകുന്നു.

# *പുലർവെട്ടം*



**ഫാ. ബോബി ജോസ് കട്ടിക്കാട്ട്**



വിശുദ്ധനെന്ന് വാഴ്ത്തപ്പെടുന്ന ഞങ്ങളുടെ ഒരു വല്യച്ചന്റെ ഓർമ്മയിൽ – *പൊന്നുരുന്നിയിലെ തിയോഫിനച്ചന്റെ.*

ഒരു ഇരുപതു വർഷം മുൻപ് അദ്ദേഹത്തിന്റെ സമാധിയിൽ സൂക്ഷിപ്പുകാരനായ സമയത്താണിത്. തൊട്ടടുത്ത ഇടവകയിൽ ഇരുപതു വയസുള്ളൊരു പെൺകുട്ടി ആത്മഹത്യ ചെയ്തു. കുറേ ദിവസം കഴിഞ്ഞപ്പോൾ അവളുടെ അപ്പൻ ആറേഴു കടലാസ് ദൈർഘ്യമുള്ള ഒരു കത്തുമായി എത്തി; മരണക്കുറിയാണ്. അവസാനത്തെ വരി ശ്രദ്ധിക്കണമെന്നയാൾ. നോക്കി. 'പ്രിയപ്പെട്ട തിയോഫിനച്ചാ, മാപ്പാക്കണം. മറ്റൊരു വഴിയും കാണാത്തതുകൊണ്ടാണ്.'

1968-ൽ മരിച്ച ഒരു വൈദികനോട് 1996-ൽ ഒരു പെൺകുട്ടി അനുവാദം ചോദിക്കുന്നു. അരങ്ങിൽനിന്നു പിൻവാങ്ങുമ്പോൾ ജീവിക്കുന്ന ആരോടും മാപ്പുപറയേണ്ടെന്ന് അവൾക്കു തോന്നിയത് എന്തുകൊണ്ട്? അപ്പോൾ ആർക്കാണ് ആ പെൺകുട്ടിയുടെ മനസിൽ ഉയിരുള്ളത്?

മരിച്ചവർ മരിച്ചവരെ അടക്കുന്ന ഭൂമി എന്നൊരു ആരോപണം യേശുവിന്റേതായുണ്ട്. Lost soul എന്നൊരു പദം വർത്തമാനമനഃശാസ്ത്രം ധാരാളമായി ഉപയോഗിക്കപ്പെടുന്നു. അതു കണ്ടെത്താൻ അവർ വച്ചുനീട്ടുന്ന ചെക്ക് ലിസ്റ്റിൽ കുറേയധികം കാര്യങ്ങൾ ഞാനുൾപ്പടെ മിക്കവാറും പേർക്ക് ബാധകമാണെന്നു തോന്നുന്നു. ജീവിക്കുന്നതിന്റെ ഹർഷം അറിയാതിരിക്കുക, സ്വയം ചലിക്കുകയോ ചലിക്കാനുള്ള പ്രേരണ നല്കാതിരിക്കുകയോ ചെയ്യുക തുടങ്ങി പലതും കൊമാല എന്ന ദേശത്തേക്കുള്ള സഞ്ചാരമാണ്. ഹുവാൻ റുൾഫോയുടെ പെഡ്രോ പരാമോ എന്ന കൃതിയിലെ മൃതരുടെ നഗരമാണത്. മലയാളത്തിൽ വിലാസിനി നൂറുപുറം വരുന്ന പഠനത്തോടെ 160 പുറം വരുന്ന പുസ്തകത്തെ ഭംഗിയായി വിവർത്തനം ചെയ്തിട്ടുണ്ട്. മൃതരുടെ നഗരം എന്തൊരു ഭയപ്പെടുത്തുന്ന സംജ്ഞയാണ്.

ഗുർജിഫിന്റെ ആത്മരേഖയിൽ അങ്ങനെയൊന്ന് വായിച്ചിട്ടുണ്ട്. അയാളെ തേടി ആശ്രമത്തിൽ ഒരു സാധകനെത്തുന്നു. ഒരു വർഷം നിശ്ശബ്ദനായി ഇരിക്കാനാണ് അയാളോട് ഗുർജിഫ് ആവശ്യപ്പെട്ടത്. അതിനു ശേഷം അയാളുമായി നഗരചത്വരത്തിലേക്കു പോകുന്നു: 'നീ എന്തു കാണുന്നു?'

പെട്ടെന്ന് അയാൾ നിലവിളിച്ചു: 'ഈ തെരുവു മുഴുവൻ മരിച്ചവരുടെ സഞ്ചാരമാണ്. മരിച്ചവർ സീബ്ര ലൈൻ മുറിച്ചുകടക്കുന്നു, മരിച്ചവർ കുഞ്ഞുങ്ങളെ യൂണിഫോമണിയിച്ച് സ്കൂൾ ബസിൽ യാത്രയാക്കുന്നു, മരിച്ചവർ പൊട്ടിച്ചിരിക്കുകയും പോപ്കോൺ കൊറിക്കുകയും ചെയ്യുന്നു.' എന്നിട്ട് തിരിഞ്ഞ് ഗുരുവിനെ ആലിംഗനം ചെയ്തു പറഞ്ഞു: 'മരിച്ചവരുടെ ഈ ദേശത്ത് ജീവിക്കുന്ന ഒരേയൊരാൾ നിങ്ങളാണ്.'

ജീവിക്കുന്നുവെന്ന് നാം കരുതുന്ന എല്ലാവരും ജീവിക്കുന്നില്ല– biologically living and biographically dead. ജീവചരിത്രത്തിൽ കുറിക്കാൻ ഒരു വരി പോലും പുതുതായി സംഭവിക്കുന്നില്ല. ലോകം മുഴുവൻ നേടിയിട്ട് ആത്മാവിനെ പണയം വച്ചവർ എന്ന് യേശു പരാതിപ്പെടുന്നത് അവരേക്കുറിച്ചാണ്. കേറ്റ് മക് ഗഹന്റെ വാക്കു പോലെ, all souls are lost until they are found- സ്വയം കണ്ടെത്തുവോളം എല്ലാ ആത്മാവും നഷ്ടപ്പെട്ടതുതന്നെ.

മരിച്ച ചിലരാവട്ടെ ഏതോ കാലത്തിന്റെ കടൽ നീന്തി നമ്മുടെ തീരത്ത് സജീവരായി നിൽക്കുന്നതു കണ്ടില്ലേ?









*ക്രിസ്തുജയന്തി വർഷത്തിൽ വൈപ്പിനിൽ പെരുമ്പിള്ളിയിൽ സ്ഥാപിതമായ ക്രിസ്തു ജയന്തി ആശുപത്രിയുടെ ആശീർവാദവും ഉദ്ഘാടന കർമ്മവും വരാപ്പുഴ അതിരൂപത മുൻ മെത്രാപ്പോലീത്ത ദിവംഗതനായ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പിതാവ് നിർവഹിക്കുന്നു.*

*2000 ഓഗസ്റ്റ് 18*



*Prayerful greetings*





Parish Priest ,
Asst.Parish Priest &
Parishioners
**ST.GEORGE CHURCH,**
**KARTHEDOM, MALIPURAM**




മലയാളക്കരയിൽ ആദ്യമായി അത്ഭുതപ്രവർത്തകനായ വി.
അന്തോണീസിന്റെ നൊവേന ആരംഭിച്ച



**വടുതല സെന്റ്. ആന്റണീസ് ദേവാലയത്തിൽ, 2026 ജൂൺ 09 മുതൽ 14 വരെ വിശുദ്ധന്റെ തിരുനാൾ** ആഘോഷിക്കുന്നു. അതിനു മുന്നോടിയായി മെയ് 31 ഞായറാഴ്ച മുതൽ വിശുദ്ധനോടുള്ള അനുഗ്രഹ നവനാൾ നടത്തപ്പെടുന്നു.

എല്ലാ ചൊവ്വാഴ്ചകളിലും 6.00 am, 11.00 am , 5.30 pm
എന്നീ സമയങ്ങളിൽ ദിവ്യബലി, നൊവേന, ആരാധന.



*Prayerful greetings*

**Parish Priest &
Parishioners
St. Sebastian's
Church
KADAVANTHRA**



**വരാപ്പുഴ അതിരൂപതയിൽ വൈദികനായി
ചേർന്നുകൊണ്ട് സേവനം ചെയ്യാൻ
നിങ്ങൾക്ക് താല്പര്യമുണ്ടോ?**




**Retor
St.Joseph Minor Seminary
South Kalamassery
Mob.8281179978**

**Vice rector
Mob.+91 80892 35838**

# മിഖേലൂട്ടി എന്ന ധന്യൻ തിയോഫിൻ



***ജോസഫ് മാനിഷാദ് മട്ടയ്ക്കൽ കൊങ്ങോർപ്പിള്ളി***



ഇത്തവണത്തെ ചരിത്രവിളക്കിൽ ചരിത്രത്തിനപ്പുറം മറ്റൊരു വിഷയമാണ് ഉൾക്കൊള്ളുന്നതെങ്കിലും പ്രധാനവിഷയത്തിന് ആമുഖമായി ഒരല്പം ചരിത്രത്തോടെ ആരംഭിക്കാം. ഭാരതത്തിൽ ഹയരാർക്കി സ്ഥാപിക്കുന്നതിന് മുന്നോടിയായി ലെയോ പതിമൂന്നാമൻ പാപ്പാ തന്റെ പ്രതിനിധിയായി 1884-ൽ കാർഡിനൽ അന്റോണിയോ അഗ്ലിയാർഡിയെ കിഴക്കേ ഇന്ത്യയിലേക്ക് അപ്പസ്തോലിക് ഡലഗേറ്റ് പദവിയിൽ നിയമിച്ചു. അദ്ദേഹത്തിന്റെ സഹായത്തോടെ പാദ്രോവാദോ രൂപതയായി കൊച്ചിയെ വരാപ്പുഴയുടെ ചുമതലയിൽ നിന്നും വേർപെടുത്തി വീണ്ടും ഗോവയുടെ സാമന്ത രൂപതയാക്കി മാറ്റിയതോടെ, പാദ്രോവാദോ-പ്രൊപ്പഗാന്ത തർക്കത്തിന് വിരാമമാവുകയും അന്നത്തെ വികാരിയത്തുകൾ രൂപതകളും അതിരൂപതകളുമായി 1886-ൽ ഉയർത്തപ്പെടുകയും ചെയ്തു. അങ്ങനെ കേരളത്തിൽ വരാപ്പുഴ അതിരൂപതയായും കൊല്ലം രൂപതയായും മാറ്റപ്പെട്ടു. 1887-ൽ അദ്ദേഹത്തെ റോമിലെ ഉന്നത പദവിയിലേക്ക് നിയമിച്ചപ്പോൾ, ബിഷപ്പ് അന്ദ്രേയ അയൂത്തി (പിന്നീട് കാർഡിനൽ ആയി) ഇന്ത്യയിലെ അപ്പസ്തോലിക് ഡലഗേറ്റായി നിയമിതനായി. അദ്ദേഹമാണ് കേരളത്തിലെ സുറിയാനി സഭയ്ക്ക് വികാരിയത്തുകൾ അനുവദിക്കാൻ തിടുക്കത്തോടെ പ്രവർത്തിച്ചത്. 1892-ൽ മൂന്നാമത്തെ അപ്പസ്തോലിക് ഡലഗേറ്റ് അഭിവന്ദ്യ ലഡിസ്ലാവൂസ് മൈക്കിൾ സലേസ്കി ചുമതലയേറ്റു. ഇദ്ദേഹത്തിന്റെ നിർദ്ദേശത്താലാണ് വരാപ്പുഴ അതിരൂപത 1894-ൽ സാമന്ത രൂപതയായ കൊല്ലം, വികാരിയത്തുകളായ തൃശൂർ, കോട്ടയം എന്നിവയെ ചേർത്ത് മഞ്ഞുമ്മലിൽ പ്രാദേശികസിനഡ് ചേർന്നത്.

24 വർഷത്തോളം അപ്പസ്തോലിക് ഡലഗേറ്റ് പദവിയിൽ ഇന്ത്യയിലുണ്ടായിരുന്ന അഭിവന്ദ്യ ലഡിസ്ലാവൂസ് മൈക്കിൾ സലേസ്കി പിതാവ് (1916-ൽ അന്തോക്യൻ

പാത്രിയാർക്കീസായി) 112 വർഷം മുമ്പ്, 1914-ൽ കേരളം സന്ദർശിക്കുന്ന സമയം. വരാപ്പുഴ അതിരൂപതയിലെ പ്രധാന ദൈവാലയങ്ങളിലൊന്നായ കോട്ടപ്പുറം സെന്റ് മൈക്കിൾസിലെത്തിയപ്പോൾ ഉണ്ടായ ഒരു സംഭവത്തോടെ തുടങ്ങാം. കുരുത്തോല തോരണങ്ങളും വാഴപ്പിണ്ടി കൊണ്ടുള്ള കമാനങ്ങളും കടന്ന് അദ്ദേഹം പഴയ ദൈവാലയത്തിലേക്ക് പ്രവേശിച്ചു. ഇരുവശവും നിരനിരയായി മുട്ടുകുത്തി നിന്ന വിശ്വാസികളെ ആശീർവദിച്ച് പോകുന്ന സമയത്ത് അരികിലുള്ളവർക്ക് കൈ മുത്തുവാൻ അവസരം ലഭിച്ചു. അങ്ങനെ അവസരം ലഭിച്ച ഒരമ്മയുടെ കൈകളിലിരുന്ന ഒരു വയസ്സുള്ള കുഞ്ഞിനെ മൈക്കിൾ സലേസ്കി പിതാവ് മുന്നിലേക്ക് കൊണ്ടുപോയി. പിന്നീട് ഈ കുഞ്ഞിന്റെ പിതാവ് അൾത്താരയ്ക്കരികിൽ ചെന്ന് കുഞ്ഞിനെ തിരികെ വാങ്ങുംവരെ സലേസ്കി പിതാവിന്റെ കൈകളിൽ ആ കുഞ്ഞ് സ്വസ്ഥമായി വിശ്രമിച്ചു. ആ ബാലന്റെ പേര് മിഖേലൂട്ടി (മൈക്കിൾ) എന്നായിരുന്നു. അങ്ങനെ, മൂന്ന് മിഖായേൽമാരുടെ സംഗമവേദിയായി ആ അൾത്താര സാക്ഷിയായി. (ദൈവാലയം, പുരോഹിതൻ, വിശുദ്ധ ജനത്തിന്റെ പ്രതിനിധിയായി കുഞ്ഞും). ഈ ബാലൻ വലുതായപ്പോൾ ദൈവം അൾത്താരവണക്കത്തിന് യോഗ്യനാക്കാൻ തക്കവിധം വളർത്തി.

1913 ജൂലൈ 20-ന് കോട്ടപ്പുറം ഇടവകയിലെ കൂടല്ലൂർ തറവാട്ടിൽ കോര (ജോർജ്ജ്)-അന്ന ദമ്പതികളുടെ ആറാമത്തെ മകനായി മിഖേലൂട്ടി ജനിച്ചു. ഏഴാം ക്ലാസ്സിൽ പഠിക്കുമ്പോൾ മുളപൊട്ടിയ ദൈവവിളിയെ വീട്ടുകാരും പ്രോത്സാഹിപ്പിച്ചു. വരാപ്പുഴ അതിരൂപതയുടെ പെറ്റി സെമിനാരിയിൽ ചേർന്ന് എറണാകുളം സെന്റ് ആൽബർട്സ് ഹൈസ്ക്കൂളിൽ പത്താംതരം വരെ പഠിക്കുകയും ചെയ്തു. ഇക്കാലത്താണ് കപ്പൂച്ചിൻസഭ ക്രൈസ്തവ ഭൂരിപക്ഷമുള്ള തെക്കേ ഇന്ത്യയിലേക്ക് തങ്ങളുടെ ആശ്രമങ്ങളും സെമിനാരികളും സ്ഥാപിക്കാൻ പാരീസിലുള്ള പ്രൊവിൻസിനെ (1927 ൽ) ചുമതലപ്പെടുത്തിയത്. 1930 മെയ് മാസം ആദ്യത്തെ ആശ്രമം മംഗലാപുരം രൂപതയിൽ ഫറഞ്ചിപ്പേട്ട് എന്ന സ്ഥലത്ത് സ്ഥാപിതമായി. 1932-ൽ കൊല്ലം തില്ലേരിയിലും ഒരു ആശ്രമം തുടങ്ങാനായി. പാരീസ് പ്രൊവിൻസിലെ ബ്രദർ ഗിഡോലെ ഫ്ളോക്ക് (കപ്പൂച്ചിൻ സഭയിൽ ബ്രദർ എന്നാണ് സംബോധന ചെയ്യാറുള്ളത്) 1933-ൽ ജനറൽ കമ്മിസറിയായി നിയമിതനായതോടെ സഭയുടെ വളർച്ച വേഗത്തിലായി. അഭിവന്ദ്യ ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ കപ്പൂച്ചിൻ സൗഹൃദത്തിലുള്ള ബ്രദർ ഗിഡോ ഉൾപ്പെടെയുള്ള വൈദികർ അരമനയിൽ അതിഥികളായി താമസിക്കുകയും അങ്ങനെ കപ്പൂച്ചിൻ സന്ന്യാസ രീതികൾ മനസ്സിലാക്കാൻ ഇടയാകുകയും ചെയ്ത മിഖേലൂട്ടി, താമസിയാതെ കപ്പൂച്ചിൻ സന്ന്യാസ ജീവിതരീതികളോട് പ്രണയത്തിലാവുകയും കപ്പൂച്ചിൻ സഭയിൽ ചേരുകയും ചെയ്തു.

*അനവധി അത്ഭുതങ്ങൾ ജീവിച്ചിരിക്കുമ്പോൾ തന്നെ ചെയ്തിട്ടുള്ള തിയോഫിനച്ചൻ, 20 വർഷമായിട്ടുള്ള പ്രമേഹവും അനന്തരഫലമായ കാലിലെ മാറാവ്രണവും ദൈവിക സമ്മാനമായി സ്വീകരിച്ചിരുന്നു. രോഗത്തെ സന്തോഷപൂർവ്വം ഏറ്റുവാങ്ങിയ അച്ചൻ സ്വയം വിശുദ്ധീകരിക്കാൻ ഇതിനെ ഒരു സഹനബലിയായി ഉൾക്കൊണ്ടു.*

1933 ഒക്ടോബർ 31-ന് കർണ്ണാടകയിലെ മംഗലാപുരത്തിന് 15 കിലോമീറ്റർ കിഴക്കുള്ള ഫറഞ്ചിപ്പേട്ട് എന്ന സ്ഥലത്തെ നേത്രാവതി നദിക്കരയിലുള്ള മോന്ത മരിയാനോ കപ്പൂച്ചിൻ ആശ്രമത്തിൽ വച്ച് സഭാവസ്ത്രം സ്വീകരിച്ച് സന്ന്യാസം തുടങ്ങിയ മൈക്കിൾ, ബ്രദർ തിയോഫിൻ എന്ന പേര് സ്വീകരിച്ചു. ഒരു വർഷം കഴിഞ്ഞപ്പോൾ 1934 നവംബർ 1-ന് പ്രഥമ വ്രതവാഗ്ദാനം നടത്തി. ഏഴ് വർഷത്തെ പരിശീലനത്തിനൊടുവിൽ 1941 ഏപ്രിൽ 20 ഞായറാഴ്ച, അജ്മീർ രൂപതാദ്ധ്യക്ഷനും കപ്പൂച്ചിൻ സഭാംഗവുമായ ബിഷപ്പ് ഡോ. ഗ്വീ ലെയാന്ദ്രെ ലെ ഫ്ളോക്കിൽ നിന്നും (പാരീസ് പ്രൊവിൻസിലെ മുൻ ജനറൽ കമ്മിസറി ബ്രദർ ഗിഡോ) കൊല്ലം തില്ലേരിയിൽ വച്ച് പൗരോഹിത്യവും സ്വീകരിച്ചു. (കപ്പൂച്ചിൻ സഭയുടെ പരിശ്രമത്താൽ ജന്മമെടുത്ത വടക്കേ ഇന്ത്യയിലെ പല രൂപതകളിലൊന്നായ അജ്മീർ രൂപതയുടെ നാലാമത്തെ മെത്രാനായി ബ്രദർ ഗിഡോ 1939-ൽ സ്ഥാനമേറ്റിരുന്നു.)

ഒരു മാസത്തിനുള്ളിൽ ഫാ. തിയോഫിൻ 1947 മെയ് മാസത്തിൽ മാവേലിക്കരയ്ക്കടുത്തുള്ള കുന്നം എന്ന സ്ഥലത്തെ ഇടവകപ്പള്ളിയുടെ വികാരിയായി നിയമിതനായി. കൊല്ലത്തുള്ള സെന്റ് ആന്റണീസ് ആശ്രമമായിരുന്നു ആസ്ഥാനം. ഒന്നേകാൽ വർഷത്തോളം കൊല്ലത്തുനിന്നും ആഴ്ചകളിൽ വന്നും പോയും സേവനം ചെയ്തു. 1948 സെപ്തംബറിൽ തിരുച്ചിറപ്പള്ളിയിലുള്ള കപ്പൂച്ചിൻ അമലാശ്രമം സെമിനാരിയിൽ ദൈവശാസ്ത്ര പ്രൊഫസറായി നിയമിതനായി. കൂടാതെ, തമിഴിൽ സംസാരിക്കുവാനും പ്രസംഗിക്കുവാനും അറിയാമായിരുന്നതിനാൽ പാസ്റ്ററൽ ശുശ്രൂഷകളുമായി 10 മാസത്തോളം അവിടെ തുടർന്നു. 1949 ജൂലൈ 15 മുതൽ 1958 ഏപ്രിൽ 28 വരെ നീലഗിരി മലമടക്കിലെ ഊട്ടിക്കടുത്തുള്ള കോട്ടഗിരി സെന്റ് ജോസഫ് ആശ്രമത്തിൽ അധ്യാപകനായും കുമ്പസാരക്കാരനായും സെന്റ് മേരീസ് ഇടവക വികാരി

യായും എട്ടേമുക്കാൽ വർഷ
ത്തോളം ശുശ്രൂഷ ചെയ്തു. 1958
മെയ്മാസത്തിൽ കേരളത്തിലേക്ക്
തിരികെയെത്തി. വരവുകാട്
വിശുദ്ധ ബൊനവെഞ്ചർ ആശ്രമം
തുടങ്ങാൻ അദ്ദേഹം മുൻകൈ
എടുത്തെങ്കിലും ഒന്നര വർഷത്തി
നുള്ളിൽ അവിടെ നിന്നും
മാറേണ്ടി വന്നു. കാരണം,
കപ്പൽശാലയ്ക്കായി പള്ളിയും
പരിസരവും വിട്ടുകൊടുക്കേണ്ടി
വന്നപ്പോൾ ആശ്രമസ്ഥാപനത്തി
നുള്ള ശ്രമങ്ങളും ഉപേക്ഷിക്കേണ്ടി
വന്നു. തുടർന്ന്, അഭിവന്ദ്യ
ജോസഫ് അട്ടിപ്പേറ്റി പിതാവിന്റെ
താല്പര്യത്താൽ പാലാരിവട്ടം ഇട
വകയുടെ ഭാഗമായുള്ള പൊന്നുരു
ന്നിയിൽ ആശ്രമം സ്ഥാപിക്കാ
നുള്ള ശ്രമമാരംഭിച്ചു. 1959
സെപ്തംബറിൽ പൊന്നുരുന്നി
ആശ്രമത്തിന്റെ സുപ്പീരിയറായി.
ആശ്രമവും വിശുദ്ധ പത്താംപീ
യൂസ് ദൈവാലയവും പണിതു
യർത്തിയത് അദ്ദേഹത്തിന്റെ
നേതൃത്വത്തിലായിരുന്നു.

പൊന്നുരുന്നിയിൽ ആയിരിക്കു
മ്പോൾതന്നെ അദ്ദേഹം ചെയ്ത
അനേകം അത്ഭുതങ്ങൾക്ക് പരിസ
രവാസികൾ സാക്ഷികളാണ്.
കാണുന്നവർക്കെല്ലാം പറ്റാവുന്ന
നന്മകൾ ചെയ്തുകൊണ്ട് ജനങ്ങ
ളുടെ വല്യച്ഛനായി മാറി. ആശ്രമ
ത്തിലെ കാള ഒരുനാൾ വിരണ്ടോടു
കയും ജനങ്ങളെ കുത്താൻ ഓടിച്ചി
ടുകയും ചെയ്തു. ഇതുകണ്ട
തിയോഫിനച്ചൻ കാളയെ
കൈകൊട്ടി വിളിച്ചപ്പോൾ അനുസ
രണയോടെ കാള അച്ചന്റെ മുന്നിൽ
വന്നുനിന്നു. വലിയൊരു വിപത്ത്
അങ്ങനെ ഒഴിവായി. രോഗങ്ങളാൽ
വലഞ്ഞ അനേകം സുഖപ്പെടു
ത്തിയ അദ്ദേഹം, ദൈവാലയപണി
കൾ നടക്കുമ്പോൾ സംഭവിച്ച ഒരാ
പത്തിൽ നിന്നും അവിടെ പണി
ചെയ്തിരുന്നവരെ, ഒറ്റവരി
പ്രാർത്ഥനകൊണ്ട് തത്സമയം രക്ഷ
പെടുത്തിട്ടുണ്ട്. ഇങ്ങനെ അനവധി
അത്ഭുതങ്ങൾ ജീവിച്ചിരിക്കുമ്പോൾ
തന്നെ ചെയ്തിട്ടുള്ള തിയോഫിന
ച്ചൻ, 20 വർഷമായിട്ടുള്ള പ്രമേ
ഹവും അനന്തരഫലമായ
കാലിലെ മാറാവ്രണവും ദൈവിക
സമ്മാനമായി സ്വീകരിച്ചിരുന്നു.
രോഗത്തെ സന്തോഷപൂർവ്വം ഏറ്റു
വാങ്ങിയ അച്ചൻ സ്വയം വിശുദ്ധീ
കരിക്കാൻ ഇതിനെ ഒരു സഹനബ
ലിയായി ഉൾക്കൊണ്ടു.

വെറും 55 വർഷംകൊണ്ട് അനേ
കരെ ദൈവത്തിലേക്കാനയി
ക്കാനും അവർക്കെല്ലാം കാരുണ്യ
ത്തിന്റെ നിറവാകാനും വിശുദ്ധി
യുടെ പുഷ്പമാകാനും സാധിച്ച
അദ്ദേഹം, 1968 ഏപ്രിൽ 4-ന് ദൈവ
സന്നിധി ചേരാനായി യാത്രയായി.
ഏപ്രിൽ 5-ന് നാല് മണിക്ക് നട
ക്കേണ്ട സംസ്കാര കർമ്മങ്ങൾ,
അന്ത്യോപചാരമർപ്പിക്കാനെത്തിയ
അനേകായിരങ്ങളുടെ തിരക്കു
കൊണ്ട് രാത്രി 8 മണിക്കാണ് നട
ത്താനായത്. മരണശേഷം കല്ലറയി
ലേക്കുണ്ടായ വിശ്വാസികളുടെ
അനിയന്ത്രിതമായ ഒഴുക്ക് അദ്ദേഹ
ത്തിന്റെ വിശുദ്ധിയെ വിളിച്ചോതുന്ന
താണ്. സഭ ഈ വിശുദ്ധ വൈദി
കന്റെ നാമകരണ നടപടികൾക്ക്
തുടക്കം കുറിക്കുകയും 2001
ഏപ്രിൽ 5-ന് ദൈവദാസപദവിയി
ലേക്ക് ഉയർത്തുകയും ചെയ്തു.
നാമകരണ പ്രക്രിയയുടെ തുടർനട
പടികൾ വത്തിക്കാൻ അംഗീകരി
ക്കുകയും ലെയോ പതിനാലാമൻ
പാപ്പാ 2026 ഫെബ്രുവരി 21 ന്
'ധന്യൻ' പദവി നല്കി പ്രഖ്യാപി
ക്കുകയും ചെയ്തു. ജീവിച്ചിരിക്കു
മ്പോൾ തന്നെ അനേകരെ സുഖപ്പെ
ടുത്തിയ ധന്യൻ തിയോഫിനച്ചൻ,
മരണശേഷവും അനേകായിരങ്ങളെ
ശാരീരികവും മാനസികവുമായ
വ്യാധികളിൽ നിന്ന് സുഖപ്പെടു
ത്തുന്ന വിശുദ്ധനായി നമ്മുടെ ഇട
യിൽ നിലകൊള്ളുമ്പോൾ, വിശുദ്ധ
പദവിയിലേക്കുള്ള ഈ സമയ
ത്തിൽ അദ്ദേഹത്തിന്റെ മാധ്യസ്ഥ്യം
നമുക്കും യാചിക്കാം.

## ആർച്ച്ബിഷപ്പ്സ് ' സ്നേഹഭവനം' പദ്ധതിയിലേയ്ക്ക് സംഭാവന ചെയ്തവർ

| | |
|---|---|
| ST.JOSEPH CHURCH & SHRINE OF ST.JUDE THEVARA : | 25000.00 |
| 2 ST.PHILOMINA'S CHURCH & ST.KURIAKOSE ELIAS CHAVARA SHRINE KOONAMMAVU : | 15000.00 |
| 3 SHIMLA TRAVALS : | 10000.00 |
| 4 FR.JUSTIN KANNAMPARAMBIL : | 10000.00 |
| 5 Mr.AJITH ANTONY PUTHUVYPE: | 10000.00 |
| 6 AMALOLBHAVAMATHA CHURCH VALLUVALLY : | 5000.00 |
| 7 WINNY VALLARPADOM : | 2000.00 |
| TOTAL | 77,000.00 |



*Prayerful greetings*

**സെന്റ് ആന്റണീസ്**
**നിത്യാരാധന ദൈവാലയം**
**കൊങ്ങോർപ്പിള്ളി**

**ദിവ്യബലി** ഇടദിവസങ്ങളിൽ രാവിലെ 6:30
ചൊവ്വ രാവിലെ 6:30 am വൈകീട്ട് 6pm
ഞായർ രാവിലെ 6 am 8 am



*Prayerful greetings*



**St. Antony's church, Nedumbassery, Athani**

# നസ്രേത്തിലെ നീല ആണികൾ



*ലിയോനാർഡ് ഫീനി* SJ



ഡൊമിനിക്ക്
ഷൈജു

തിളങ്ങുന്ന നീല ആണികൾ ഓരോ വട്ടവും
നസ്രേത്തിലെ തന്റെ പണിശാലയിൽ വീഴുമ്പോൾ,
തച്ചന്മാരുടെ രാജകുമാരനായ വിശുദ്ധ യൗസേപ്പ്
കുനിഞ്ഞ് അവയെല്ലാം പെറുക്കിയെടുക്കുമായിരുന്നു.

അങ്ങോട്ടുമിങ്ങോട്ടും മരച്ചീളുകൾക്കിടയിലൂടെ
ഓടിനടക്കുന്ന ആ കുഞ്ഞു പാദങ്ങളെ ഓർത്ത്
അദ്ദേഹം അത്രമേൽ ഭയപ്പെട്ടിരുന്നു;
ഒരു ആണി തുളച്ചുകയറാനും ചോര പൊടിയാനും
എത്ര എളുപ്പമാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു!

പക്ഷേ കഷ്ടം! ഭൂമിക്കും സ്വർഗത്തിനുമിടയിലെ ആ കുന്നിൽ
ഒടുവിൽ ഒരുനാൾ രണ്ട് ആണികൾ തറയ്ക്കപ്പെട്ടു;
ഒരുകാലത്ത് കുഞ്ഞു പാദരക്ഷകൾ അണിഞ്ഞിരുന്ന ആ പാദങ്ങളെ
അവ കുരിശിന്റെ മരത്തോടു ചേർത്ത് തറച്ചുറപ്പിച്ചു.

മരണവേദനയിൽ ക്രിസ്തുവും മാതാവും
താഴെ നസ്രേത്തിന്റെ താഴ്‌വരയിലേക്ക് നോക്കി;
അവിടെ ആ തച്ചന്റെ പണിശാല പൊടിപിടിച്ചു കിടന്നു,
ജനൽപടിയിലെ ഒരു ചെറിയ പെട്ടിയിൽ
ആ ചെറിയ നീല ആണികൾ തുരുമ്പെടുത്ത് ഉറങ്ങുകയായിരുന്നു;
യൗസേപ്പാകട്ടെ, കുന്നിൻ ചുവട്ടിലെ മണ്ണിലും നിദ്രയിലായിരുന്നു.

## വാർത്തകൾ

NEWS

*ഡിഡാക്കേ 2026*

വരാപ്പുഴ അതിരൂപത വിശ്വാസ പരിശീലന കമ്മീഷന്റെ നേതൃത്വത്തിൽ  വിശ്വാസപരിശീലന അധ്യാപക സംഗമം ഡിഡാക്കെ 2026 മെയ് 17 ഞായറാഴ്ച കളമശേരി ആശിഷ് കൺവെൻഷൻ സെന്ററിൽ സംഘടിപ്പിക്കുന്നു.  രാവിലെ 9 മണി മുതൽ 4.30 വരെയാണ് കൺവെൻഷൻ.വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള അധ്യാപകർ പങ്കെടുക്കുന്ന കൺവെൻഷൻ വരാപ്പുഴ മെത്രാപ്പോലീത്ത ആർച്ച്  ബിഷപ് ഡോ.ജോസഫ് കളത്തിപ്പറമ്പിൽ ഉദ്ഘാടനം ചെയ്യും.25 വർഷം പൂർത്തിയാക്കിയ വിശ്വാസ പരിശീലന അധ്യാപകരെ സംഗമത്തിൽ ആദരിക്കും.

*എച്ച്.എം, സെക്രട്ടറി മീറ്റിംഗ്*

എല്ലാ ഇടവകകളിലും നിന്നുള്ള ഹെഡ്മാസ്റ്റർ, സെക്രട്ടറി എന്നിവരുടെ യോഗം മെയ് 3 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ആശീർഭവനിൽ ചേരുന്നു.

*ബിസിടിസി*

വിശ്വാസ പരിശീലന അധ്യാപകരുടെ പരിശീലനപരിപാടി  ബി.സി.ടി.സി, മെയ് 22, 23, 24 തീയതികളിൽ ആശീർ ഭവനിൽ സംഘടിപ്പിക്കുന്നു. ഇനിയും പരിശീലനം ലഭിച്ചിട്ടില്ലാത്ത അധ്യാപകരും പുതിയതായി കടന്നുവരുന്ന അധ്യാപകരും നിർബന്ധമായും പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണ്.ആദ്യം രജിസ്റ്റർ ചെയ്യുന്നവർക്കായിരിക്കും മുൻഗണന



വരാപ്പുഴ അതിരൂപത ബിസിസിയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട കുടുംബയൂണിറ്റ് കേന്ദ്ര നിർവാഹക സമിതി സംഗമം 'ലീഡർ 2026 ' അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ ഡോ. ആന്റണി വാലുങ്കൽ പിതാവ് ഉദ്ഘാടനം ചെയ്തു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി നൂറുകണക്കിന് ഭാരവാഹികൾ ഇതിൽ പങ്കെടുത്തു.

*വരാപ്പുഴ അതിരൂപത ജൂബിലി സ്മാരകമായ സെന്റ് ജോസഫ് മാലിപ്പുറം ദൈവാലയ നിർമാണത്തിന് സംഭാവന നൽകിയവർ*

1. ഹോളി ട്രിനിറ്റി കോൺവെന്റ്, വളപ്പ് - 15,000
2. തിരുഹൃദയ ദൈവാലയം, മനാട്ടുപറമ്പ് -1,10,000
3. മഞ്ഞുമാതാ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 8,100
4. നിത്യസഹായ മാതാ യുണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 11,800
5. ലിറ്റിൽ ഫ്ലവർ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 9,000
6. മദർ തെരേസ യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 6,500
7. സെന്റ് തോമസ് യൂണിറ്റ്, നിത്യസഹായ മാതാ പള്ളി, വളപ്പ് - 5,100
8. സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് ഗാന്ധിനഗർ - 4,700

**ഫാമിലി കമ്മീഷന്റെ നേതൃത്വത്തിൽ ആശിർഭവനിൽ വച്ച് നടത്തുന്ന മെയ് മാസത്തെ പരിപാടികൾ:**

FAMILY COMMISSION

ARCHDIOCESE OF VERAPOLY

**വിവാഹ ഒരുക്ക കോഴ്സ്**
**- മേയ് 1,2,3  15,16,17**

**മാതൃവേദി കൂട്ടായ്മ : മേയ് - 9 രാവിലെ 9.30 ന് വാർഷികം**

**- അൽമാന (വിധവ ) കൂട്ടായ്മ : മേയ് - 9 ഉച്ചയ്ക്ക് 3.00 ന്**

**- ഏകസ്ഥ കൂട്ടായ്മ : മേയ് - 16 രാവിലെ 10 .00 ന്**

**- വലിയ കുടുംബങ്ങളുടെ സംഗമം മേയ് 10 രാവിലെ 9.00 കുർബാന ശേഷം മീറ്റിംഗ്**

DIRECTORATE OF FAMILY UNITS

ARCHDIOCESE OF VERAPOLY

വരാപ്പുഴ അതിരൂപതയിലെ എല്ലാ ഇടവകകളിലേയും കേന്ദ്ര നിർവ്വാഹക സമിതി ലീഡർ, സെക്രട്ടറി, സിസ്റ്റർ ആനിമേറ്റർ എന്നിവർക്കായി നടത്തുന്ന എക്സോഡസ്സ് മീറ്റിംഗ് 2026  മെയ് 31 ഞായറാഴ്ച  മണിക്ക് ആശിർഭവനിൽ

# ആദ്യകുർബ്ബാന സ്വീകരണം

ബൈബിൾ വിചിന്തനം

വി. മത്താ. 26: 26-28





ഡോ. വിൻസെന്റ് വാര്യത്ത്

ഒരു കുഞ്ഞിന്റെ ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിനങ്ങളിലൊന്ന് പ്രഥമ ദിവ്യകാരുണ്യ സ്വീകരണദിനമാണ്. അത്രയ്ക്ക് പ്രധാനപ്പെട്ടത് ആയതുകൊണ്ടാണ് ആ ദിനത്തിനുവേണ്ടി മാസങ്ങൾ നീണ്ടുനിൽക്കുന്ന ഒരുക്കങ്ങൾ നടത്തുന്നത്. ഈ പ്രഥമ ദിവ്യകാരുണ്യ സ്വീകരണ ദിനം കൃപയുടെ ആഘോഷമാക്കി മാറ്റുന്നതിനുവേണ്ടി വിശ്വാസപരിശീലകരും മാതാപിതാക്കളും ബന്ധുജനങ്ങളും ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ...

1. ഏറ്റവും ഉചിതമായിട്ടുള്ള ഒരുക്കത്തോടെ വേണം കുഞ്ഞ് ഈശോയെ ഹൃദയത്തിൽ ഉൾക്കൊള്ളുവാൻ. അതുകൊണ്ടാണ് മാസങ്ങൾ നീണ്ടുനിൽക്കുന്ന ക്ലാസ്സുകൾ പള്ളികളിൽ ഒരുക്കുന്നത്. ഈ ക്ലാസ്സുകളിൽ കുഞ്ഞുങ്ങളെ പങ്കെടുപ്പിക്കു

ന്നത് ഒരു ചടങ്ങിന് എന്ന മട്ടിൽ ആകരുത്. കുഞ്ഞുങ്ങൾ സഭാജീവിതത്തിന്റെ എല്ലാ കാര്യങ്ങളും അറിഞ്ഞിരിക്കുകയും കൂദാശകളെക്കുറിച്ച് നല്ല അറിവുള്ളവരായി ത്തീരുകയും വേണം. അതോടൊപ്പം തന്നെ ദിവ്യകാരുണ്യഭക്തി, സഭയോടുള്ള സ്നേഹം, പ്രാർത്ഥനകളോടുള്ള താല്പര്യം ഇവയൊക്കെ വളർത്തിയെടുക്കാൻ ഓരോ കുടുംബനാഥനും നാഥയ്ക്കും കടമയുണ്ട്.

2.ആദ്യത്തെ വേദോപദേശക്ലാസ്സ് കുടുംബം തന്നെയാണ്. മാതാപിതാക്കൾ കുഞ്ഞിനെ ദിവ്യകാരുണ്യ സ്വീകരണത്തിന് വേണ്ടി ഒരുക്കുന്നതിന്റെ ഭാഗമായിട്ട് ചെയ്യാവുന്ന ഏതാനും ചില കാര്യങ്ങളുണ്ട്.

ഒന്ന്, മുടങ്ങാതെ ഒരു കുടുംബമായി സാധിക്കുന്ന വിധത്തിൽ എല്ലാ ദിവസവും വി. കുർബ്ബാനയിൽ പങ്കെടുക്കുക.

രണ്ട്, ദിവ്യകാരുണ്യത്തെക്കുറിച്ച് കുഞ്ഞിന് അറിവ് നൽകുക

മൂന്ന്, വിശുദ്ധരുടെ ദിവ്യകാരുണ്യ ഭക്തിയെക്കുറിച്ചും മറ്റും കുഞ്ഞിന് മനസ്സിലാക്കി കൊടുക്കുക

നാല്, കുടുംബപ്രാർത്ഥന മുടക്കാതിരിക്കുക

അഞ്ച്, ക്രിസ്തീയ ജീവിതത്തിന്റെ സ്നേഹവും ഐക്യവും, സന്തോഷവും, സമാധാനവും കുടുംബത്തിൽ നിലനിർത്തിക്കൊണ്ട് ജീവിതത്തിലൂടെ കുഞ്ഞുങ്ങൾക്ക് മാതൃക നൽകുക.

ആറ്, ക്രിസ്തീയ ജീവിതത്തിൽ ഉണ്ടാകേണ്ട വിശുദ്ധി കാത്തുസൂക്ഷിക്കുന്നതിനു വേണ്ടി ശരിയല്ലാത്ത ശീലങ്ങളിൽ നിന്നും മാറി നിന്നുകൊണ്ട് കുഞ്ഞുങ്ങൾക്ക് വിശുദ്ധമായ ജീവിതം നയിക്കാനുള്ള പ്രചോദനം നൽകുക.

3.ഒരു പ്രധാനപ്പെട്ട കാര്യം കൂടി നാം ചർച്ച ചെയ്യണം. പ്രഥമ ദിവ്യകാരുണ്യ സ്വീകരണ ദിനത്തിലെ

*കുഞ്ഞു സ്വീകരിക്കുന്ന ദിവ്യകാരുണ്യ ശുശ്രൂഷയ്ക്കും ഈശോയ്ക്കും ആയിരിക്കണം കൂടുതൽ പ്രാധാന്യം നൽകേണ്ടത്. ഈശോ കേന്ദ്രീകൃതം ആകേണ്ട ദിനത്തിൽ മദ്യകേന്ദ്രീകൃതമായ, ആൾക്കൂട്ട കേന്ദ്രീകൃതമായ ആഘോഷങ്ങൾ നടത്തപ്പെടുന്നത് തെറ്റാണ്. ഏറ്റവും വിശുദ്ധമായ ആചരണം നടത്തപ്പെടേണ്ട ഈ ദിവസമെങ്കിലും മദ്യസൽക്കാരവും മറ്റും ഉപേക്ഷിക്കേണ്ടതല്ലേ!*

കേന്ദ്രബിന്ദു ക്രിസ്തുവാണ്. അതു മറന്നുകൊണ്ടുള്ള ആഘോഷങ്ങളാണ് ഈയിടെയായിട്ട് പലയിടങ്ങളിലും കാണുന്നത്. ദൈവകൃപയുടെ ആഘോഷമാണ് നടത്തേണ്ടത്. ഇന്നത്തെ പല ആഘോഷങ്ങളിലും ഈശോ ഇല്ലാത്തത് പോലെ തോന്നിപ്പോകുന്നുണ്ടോ എന്ന് ചിന്തിക്കുക. കുഞ്ഞിനു വേണ്ടത്ര പ്രാധാന്യം കൊടുക്കണം. പക്ഷേ കുഞ്ഞു സ്വീകരിക്കുന്ന ദിവ്യകാരുണ്യ ശുശ്രൂഷയ്ക്കും ഈശോയ്ക്കും ആയിരിക്കണം കൂടുതൽ പ്രാധാന്യം നൽകേണ്ടത്. ഈശോ കേന്ദ്രീകൃതം ആകേണ്ട ദിനത്തിൽ മദ്യകേന്ദ്രീകൃതമായ, ആൾക്കൂട്ട കേന്ദ്രീകൃതമായ ആഘോഷങ്ങൾ നടത്തപ്പെടുന്നത് തെറ്റാണ്. ഏറ്റവും വിശുദ്ധമായ ആചരണം നടത്തപ്പെടേണ്ട ഈ ദിവസമെങ്കിലും മദ്യസൽക്കാരവും മറ്റും ഉപേക്ഷിക്കേണ്ടതല്ലേ!



നിങ്ങൾതന്നെ ആലോചിച്ചു നോക്കുക.

കുഞ്ഞുപ്രായത്തിൽ തന്നെ കുഞ്ഞിനെ പഠിപ്പിക്കേണ്ടത് ക്രിസ്തുവിനോടൊപ്പം ആയിരിക്കാനാണ്. പഴയ തലയമുറയിൽപ്പെട്ട ആളുകൾക്ക് ഉണ്ടായിരുന്ന ദിവ്യകാരുണ്യ ഭക്തിയും വി. കുർബ്ബാനയിൽ ഉണ്ടായിരുന്ന ശ്രദ്ധയും താല്പര്യവും ഇന്ന് നഷ്ടപ്പെടുന്നുണ്ടോ എന്ന് നമ്മൾ ചിന്തിക്കുന്നത് നല്ലതായിരിക്കും. പണ്ടത്തെ ആളുകൾ വി. കുർബ്ബാനയ്ക്ക് വേണ്ടി നടത്തിയിരുന്ന ഒരുക്കങ്ങൾ നമ്മൾ തിടുക്കത്തിൽ മറന്നു പോകുന്നുണ്ടോ എന്ന് ചിന്തിക്കുന്നതും നന്നായിരിക്കും. ഇന്നത്തെ വചനഭാഗം പറയുംപോലെ ക്രിസ്തുവിന്റെ സമ്പൂർണ്ണ ബലി ക്രിസ്തുവിന്റെ ഓർമ്മയ്ക്കായി എന്നേക്കും തുടരാൻ പുതുതലമുറയെ നമുക്ക് ഒരുക്കാം.

***ചർച്ചയ്ക്ക്***

***1.പ്രഥമ ദിവ്യകാരുണ്യ ദിനാചരണം ഏറ്റവും മനോഹരമാക്കാൻ എന്തൊക്കെ ചെയ്യാനാവും?***

***2.പ്രഥമ ദിവ്യകാരുണ്യ സ്വീകരണ ദിനത്തോടനുബന്ധിച്ച് ആഘോഷം വഴിമാറി പോകുന്നുണ്ടോ?***

# ഒന്നിച്ചണഞ്ഞു പോയ ഒൻപത് വിളക്കുകൾ



ഫാ. യേശുദാസ്
പഴമ്പിള്ളി



*ഏപ്രിൽ 18-ന് പുലർച്ചെ ആടിപ്പാടി ഉല്ലസിച്ച് മലപ്പുറത്തെ കൊച്ചു ഗ്രാമമായ പാങ്ങിൽ നിന്നും ഒരുമിച്ച് ഒരു വാനിൽ പുറപ്പെട്ട വേനൽ വിനോദയാത്ര തിരിച്ച് ഗ്രാമത്തിലേക്ക് മടങ്ങിവന്നത് ഒൻപത് ആംബുലൻസുകളിൽ. രാവിന്റെ കണ്ണീരും പകലിന്റെ നൊമ്പരവും കൊണ്ട്, അവർക്ക് പാങ്ങെന്ന ഗ്രാമം വിട ചൊല്ലി.*
*വിനോദം കഴിഞ്ഞ് തിരിച്ചുവന്ന്, പ്രിയപ്പെട്ടവരെ ചിരിച്ചുകൊണ്ട് കാണാൻ ഒൻപത് പേർക്കും ആയില്ല. അപകട കാരണങ്ങൾ പലതാകാം. പക്ഷേ നഷ്ടപ്പെട്ടത് എത്രയോ ജീവിതങ്ങളുടെ ആകാശ വലിപ്പമുള്ള സ്വപ്നങ്ങളാകാം.*

*ശ്രദ്ധിക്കേണ്ടതുണ്ട്, നമ്മുടെ വേനൽ അവധി ദിവസങ്ങൾ. പല വിനോദയാത്രകളും കരച്ചിൽ യാത്രകൾ ആകുന്നു. പല കുഞ്ഞുങ്ങളും വേനൽച്ചൂടിന്റെ ഉൾ നോവ് മാറ്റാൻ പുഴയിലിറങ്ങുമ്പോൾ പിന്നീടത് ആത്മനോവാകുന്നു. മരങ്ങളും മതിലില്ലാ ഇടങ്ങളും തിങ്ങി നിറഞ്ഞിരുന്ന പണ്ടത്തെ അവധി പറമ്പുകൾ നമുക്കിന്ന് നഷ്ടമാണ്. കച്ചികളിച്ചും സാറ്റുക ളിച്ചും വട്ടവാർ കളിച്ചും തിമിർത്തിരുന്നിടങ്ങൾ ഇന്ന് നമുക്ക് അന്യമാണ്. നാല് ചുമരുകൾക്കുള്ളിൽ ഇരുന്ന് മൊബൈൽ കളികളിലും വീഡിയോ ഗെയിമുകളിലും ഏർപ്പെടുന്ന ഇന്നിന്റെ മക്കൾക്ക് ലോകം കാണാനുള്ള വലിയ അവസരമാണ് ചൂടുകാലം. ശ്രദ്ധയോടെ ജീവൻ നഷ്ടപ്പെടുത്താതെ പരമാവധി നമുക്ക് അത് ഉപയോഗിക്കണം. കാരണം ഏറ്റവും വലുതാണല്ലോ നമ്മുടെയൊക്കെ നെഞ്ചിടിപ്പ്.*

ജീവദീപ്തിയിലെ പരസ്യങ്ങൾക്കും വരിസംഖ്യകൾക്കും വേണ്ടിയുള്ള പണം ഈ അക്കൗണ്ടിലേക്ക് ഇടാവുന്നതാണ്

FEDERAL BANK LTD ERNAKULAM NORTH BRANCH
JEEVADEEPTHI A/C 10040200041782 IFSC FDRL0001004